കേരളാ സ്റേററ് റോഡ് ട്രാൻസ്പോർട്ട്

# എംപ്ളോയീസ് അസ്സോസിയേഷൻ

**(C. I. T. U.)**

# 18-ാം സംസ്ഥാന സമ്മേളനം

1989 ആഗസ്റ്റ് 19, 20, 21 തീയതികളിൽ

കണ്ണൂരിൽ

331.8

ജനറൽ കൗൺസിലിനുവേണ്ടി ജനറൽ സെക്രട്ടറി

കെ. കെ. ദിവാകരൻ അവതരിപ്പിക്കുന്ന

# പ്രവർത്തനറിപ്പോർട്ട്

# കെ. എസ്. ആർ. ടി. എംപ്ലോയീസ് അസ്സോസിയേഷൻ (CITU)

## ചരിത്രം തിരുത്തിക്കുറിച്ച 17–ാം സംസ്ഥാന സമ്മേളനം

2717

സഖാക്കളെ,

അസ്സോസിയേഷൻെറ ചരിത്രത്തിൽ എക്കാലവും ഓർമ്മിക്കപ്പെടുന്നഒന്നായിരുന്ന 1988 മേയ് 21, 22, 23 തീയതികളിൽ തിരുവനന്തപുരത്തുവച്ചുനടന്ന 17–ാം സംസ്ഥാന സമ്മേളനം. ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ഏക നേതാവ് അസ്സോസിയേഷൻ മാത്രമാണെന്ന് ഒരിക്കൽക്കൂടി തെളിയിച്ചു. സമ്മേളനത്തിൻെറ പ്രാധാന്യം വിളിച്ചോതിക്കൊണ്ട് പ്രദർശിപ്പിക്കപ്പെട്ട ബോർഡുകളും കമാനങ്ങളും നഗരമാകെ ഉത്സവച്ഛവി പരത്തി. സെൻട്രൽവർക്സിലെ അസോസിയേഷൻ പ്രവർത്തകനും ഗായകനുമായ സ: കെ. ആർ. വേലായുധൻെറ നേതൃത്വത്തിലുള്ള വിപ്ലവ ഗാനമേളാ സംഘം പ്രത്യേകമായി അലങ്കരിച്ച വാഹനത്തിൽ തിരുവനന്തപുരം ജില്ലയിലെ യൂണിററുകളിൽ സഞ്ചരിച്ച് സമ്മേളനത്തിൻെറ സന്ദേശം തൊഴിലാളികളിൽ എത്തിച്ചു. അസോസിയേഷൻ നേതാക്കളായ സഖാക്കൾ സി. ജെ. ജോസഫ്, വട്ടപ്പറമ്പിൽ വാമദേവൻ എന്നിവരുടെ നേതൃത്വത്തിൽ യൂണിററുകൾ സന്ദർശിച്ച് ട്രാൻ. തൊഴിലാളികൾ തങ്ങളുടെ എല്ലാമായ അസോസിയേഷന് നൽകിയ സംഭാവനകൾ ഏററുവാങ്ങി. അരി, തേങ്ങ, പലതരം പച്ചക്കറികൾ, വെളിച്ചെണ്ണ, പഞ്ചസാര തുടങ്ങി തങ്ങൾക്ക് കഴിവുള്ളതെല്ലാം യൂണിയൻ ഭേദമന്യെ തൊഴിലാളികളും നാട്ടുകാരും സമ്മേളനത്തിന് സംഭാവനയായി നൽകി. അതേ, സഖാക്കളെ, 17–ാം സംസ്ഥാന സമ്മേളനം എന്നെന്നും തൊഴിലാളികളുടെ മനസ്സിൻെറ കഞ്ഞിച്ചെപ്പിൽ സൂക്ഷിച്ചുവെയ്ക്കാനുള്ള നിരവധി ഓർമ്മകൾ സംഭാവന ചെയ്തിരിക്കുന്നു.

### സമ്മേളനം ഒന്നാം ദിവസം (21-5-88)

അസോസിയേഷൻെറ സംസ്ഥാന പ്രസിഡൻറും ധനകാര്യമന്ത്രിയുമായ സ: വിശ്വനാഥമേനോൻ രാവിലെ ഒൻപതേമുക്കാലിന് ചീഫ് ഓഫീസ് നടയിലുള്ള കൊടിമരത്തിൽ പതാക ഉയർത്തിയതോടെയാണ് സമ്മേളനനടപടി

331.8 

കരം ആരംഭിച്ചതു്. ചുവപ്പുവാളണ്ടിയർമാരുടെ അകമ്പടിയോടെ പ്രസിഡൻറ് ജനറൽ സെക്രട്ടറി, തിരുവനന്തപുരം മേയർ ജയൻബാബു, മററ് ഔദ്യോഗിക ഭാരവാഹികരം എന്നിവരുടെ നേതൃത്വത്തിൽ പ്രതിനിധികരം പ്രകടനമായി തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷൻെറ പരിസരത്തു് പ്രത്യേകം സജ്ജമാക്കിയ രക്തസാക്ഷിമണ്ഡപത്തിൽ പുഷ്പാർച്ചനയ്ക്കുവേണ്ടി യാത്ര തിരിച്ചു. പുഷ്പാർച്ചനയ്ക്കുശേഷം രാവിലെ 10–45 ന് സ: വി. പി. ചിണ്ടൻനഗറിൽ (രാജധാനി ആഡിറേറാറിയം) പ്രതിനിധി സമ്മേളനം ആരംഭിച്ചു. സ്വാഗത സംഘം വൈസ് ചെയർമാൻ സ: പേരൂർക്കട സദാശിവൻ സ്വാഗതമോതി. ജനറൽ സെക്രട്ടറി രക്തസാക്ഷി പ്രമേയം അവതരിപ്പിച്ചു.

സമ്മേളനം ഉത്ഘാടനം ചെയ്തതു് സി. ഐ. ടി. യു. അഖിലേന്ത്യാ ട്രഷററും സി.പി.ഐ. (എം.) പോളിററ്ബ്യൂറോ അംഗവുമായ സ: ഇ. ബാലാനന്ദനായിരുന്നു. അണുവായുധ വ്യാപനം തടയുന്നതിനും യുദ്ധവിപത്തു് ഒഴിവാക്കുന്നതിലും സോവിയററ് യൂണിയൻ വെച്ച നിർദ്ദേശങ്ങരം സാമ്രാജ്യത്വശക്തികരംക്കു് ഒരു പരിധിവരെയെങ്കിലും അംഗീകരിക്കേണ്ടിവന്നതിൻെറ സാഹചര്യം വ്യക്തമാക്കിക്കൊണ്ടു് ആരംഭിച്ച പ്രസംഗം, ദേശീയപ്രശ്നങ്ങളെ പരാമർശിച്ചുകൊണ്ടു് കോൺഗ്രസ് ദുർഭരണം ഇന്ത്യൻ ജനതയ്ക്കു് ഒരു ബാദ്ധ്യതയായി മാറിക്കൊണ്ടിരിക്കുന്നതിൻെറ ചിത്രം സഖാവ് വരച്ചുകാട്ടി. കോൺഗ്രസ് ഭരണത്തെ തുത്തെറിഞ്ഞ് തൽസ്ഥാനത്തു് ജനാധിപത്യ മതനിരപേക്ഷ ശക്തികളുടെയും ഇടതുപക്ഷ പാർട്ടികളുടെയും മുന്നണി അധികാരത്തിൽ വരേണ്ടതിൻെറ ആവശ്യകത സഖാവ് എടുത്തുപറഞ്ഞു. 'തൊഴിലാളി വർഗത്തിൻെറ സമരായുധമായ ഇടതുപക്ഷ ഗവൺമെൻറുകളെ എന്തു വിലകൊടുത്തും സംരക്ഷിക്കാൻ തൊഴിലാളിവർഗം മുന്നോട്ടുവന്നെങ്കിലേ നാം ആഗ്രഹിക്കുന്ന ഒരു ഇന്ത്യ ഉണ്ടാകൂ! –സഖാവ് ചൂണ്ടിക്കാട്ടി. വ്യവസായം നിലനിർത്താനാവശ്യമായ സാങ്കേതികവിദ്യ, സാമ്പത്തികശാസ്ത്രം തുടങ്ങിയ എല്ലാ കാര്യങ്ങളും പഠിക്കാനും പ്രാവർത്തികമാക്കാനും കെൽപ്പുള്ളവരാണ് തൊഴിലാളികരം. അതുകൊണ്ടുതന്നെ രോഗാതുരമായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാനും അതിനാവശ്യമായ നിർദ്ദേശങ്ങരം നൽകാനും അവർ മുന്നോട്ടുവരണം. സാമ്പത്തികരംഗത്തെ വളർച്ചയുടെയും തകർച്ചയുടെയും നിയമങ്ങരം സ്വതന്ത്രമാണ്. അവ തൊഴിലാളികളുടെ വ്യക്തിനിഷ്ഠമായ ആഗ്രഹങ്ങരംക്കും പ്രതീക്ഷകരംക്കും അനുരോധമായല്ല വളരുന്നതു്. അതുകൊണ്ടുതന്നെ നമ്മുടെ നിയന്ത്രണങ്ങരംക്കു് വിധേയവുമല്ല. അതു് മനസ്സിലാക്കിക്കൊണ്ടുകൂടിയാവണം വ്യവസായത്തിൻെറ പ്രശ്നങ്ങളെ സമീപിക്കാൻ.

സമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ടു് സഖാക്കരം കെ. സി. വാമദേവൻ (U T U C), ജി. ബാലകൃഷ്ണൻ നായർ (A I T U C), തകിടി കൃഷ്ണൻ നായർ (ലേബർ യൂണിയൻ) എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്കു് സമ്മേളനം ആരംഭിച്ചതു് സി. ഐ. ടി. യു. സംസ്ഥാന ജനറൽ സെക്രട്ടറി സ: കെ. എൻ. രവീന്ദ്രനാഥിൻെറ അഭിവാദ്യ പ്രസംഗത്തോടെ

യാണ്. ട്രേഡ് യൂണിയനുകൾ കേവലം തങ്ങളുടെ സാമ്പത്തിക നേട്ടങ്ങളിൽ മാത്രം ശ്രദ്ധചെലുത്തിയാൽ പോര. രാജ്യം ഇന്നഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളേയും അവർ ചർച്ച ചെയ്യുകയും പ്രശ്ന പരിഹാരത്തിനുവേണ്ടി പോരാടുകയും വേണം. മുതലാളിത്ത വ്യവസ്ഥയിൻ മാറിമാറിവരുന്ന സാഹചര്യങ്ങൾ സസൂക്ഷ്മം പഠിച്ച് വിലയിരുത്തിയാകണം ട്രേഡ്യൂണിയനുകൾ പ്രവർത്തിക്കേണ്ടതു് എന്ന് സഖാവ് നിർദ്ദേശിച്ചു. വ്യവസായ സംരക്ഷണരംഗത്തു് അസോസിയേഷൻ മുന്നോട്ടുവച്ച സമീപനങ്ങൾ ശ്ളാഘനീയമാണ്. ഇതര ട്രേഡ് യൂണിയനുകൾ ആദ്യം അസോസിയേഷൻ പറഞ്ഞ കാര്യങ്ങളെ എതിർത്തെങ്കിലും ഇപ്പോൾ അവരും നാം പറഞ്ഞവ അംഗീകരിക്കാൻ തുടങ്ങിയിട്ടുണ്ട്.

കേരള യൂണിവേഴ്സിററി ചെയർമാൻ സ: ബിന്ദുമോഹനനും സമ്മേളനത്തിനു് അഭിവാദ്യമർപ്പിച്ചു.

സഖാക്കൾ പി. രാമമൂർത്തി, നൃസിംഗ ചക്രവർത്തി, വി. പി. ചിന്തൻ, ദീപക് ധവാൻ, ഉത്പൽ, എം. എസ്. ദേവദാസ്, ലീലാസുന്ദരയ്യ, എം. എം. ചെറിയാൻ, ഖാൻ അബ്ദുൾ ഗാഫർഖാൻ, ലളിതാംബികാ അന്തർജനം, എൻ. സി. ശേഖർ, കെ. എ. അബ്ബാസ്, എം. ബി ശ്രീനിവാസൻ, കെ. എസ്. ജോർജ്ജ്, ആര്യാപള്ളം, മാത്യു കുര്യൻ, ചാത്തൻ മാസ്ററർ, സലീം അലി, ജോൺ എബ്രഹാം എന്നിവരുടെ നിര്യാണത്തിലും തിരഞ്ഞെടുപ്പ് പോരാട്ടങ്ങളിലും അതിനുശേഷവും രാഷ്ട്രീയ ശത്രുക്കളുടെ കൊലക്കത്തിക്കിരയായ ഇടതുപക്ഷപ്രവർത്തകരുടെ വേർപാടിലും സമ്മേളനം അനുശോചനം രേഖപ്പെടുത്തി. ഇക്കാലയളവിൽ അന്തരിച്ച അസോസിയേഷൻ പ്രവർത്തകരുടെ വേർപാടിലും സമ്മേളനം അനുശോചനം രേഖപ്പെടുത്തി. പിന്നീട് സമ്മേളന നടത്തിപ്പിനുവേണ്ടി വിവിധ കമ്മിററികൾ തെരഞ്ഞെടുക്കപ്പെട്ടു.

ക്രഡൻഷ്യൽ കമ്മിററി

സഖാക്കൾ ടി. ദാസൻ (കൺവീനർ), കെ. വി. ജോണി (തൃശ്ശൂർ), സി. കുഞ്ഞികൃഷ്ണൻ (കണ്ണൂർ).

മിനിട്സ് കമ്മിററി

സഖാക്കൾ ടി. കെ. രാജൻ (കൺവീനർ), സി. കെ. മാത്യു (പെരിന്തൽമണ്ണ), രാമചന്ദ്രൻ (തൃശൂർ), കെ. രാമകൃഷ്ണൻ (കാസർഗോഡ്)

പ്രമേയ കമ്മിററി

സഖാക്കൾ വി. പ്രഭാകരൻ (കൺവീനർ), വി.ജെ. ജോൺ (കോട്ടയം) രഘുനാഥപിഷാരടി (ആലുവ), ശിവരാമൻ (ചാലക്കുടി)

പ്രസീഡിയം

പ്രസിഡൻറും വൈസ് പ്രസിഡൻറുമാരും

സ്റ്റിയറിംഗ് കമ്മിററി

ജനറൽ സെക്രട്ടറിയും സെക്രട്ടറിമാരും

വൈകുന്നേരം 5 മണിക്ക് ജനറൽ സെക്രട്ടറി സാർവ്വദേശീയ—ദേശീയ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും, ട്രഷറർ കണക്കും അവതരിപ്പിച്ചു,

സമ്മേളനത്തെ അഭിവാദ്യംചെയ്തുകൊണ്ട് ഡി. വൈ. എഫ്. ഐ. നേതാവ് സ: കടകംപള്ളി സുരേന്ദ്രനും സംസാരിച്ചു.

പൊതുസമ്മേളനം

വൈകുന്നേരം 6–30 മണിക്ക് പാളയം രക്തസാക്ഷിമണ്ഡപത്തിൽനിന്നും ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ശക്തിപ്രകടനം ആരംഭിച്ചു. അയ്യായിരത്തോളം തൊഴിലാളികൾ പ്രകടനത്തിൽ പങ്കെടുത്തു. നിരവധി വനിതകളടക്കം പങ്കെടുത്ത പ്രകടനം അസ്സോസിയേഷൻെറ വളർച്ചയെ വിളിച്ചറിയിക്കുന്നതായിരുന്നു. ഔദ്യോഗിക ഭാരവാഹികളും സമ്മേളന പ്രതിനിധികളും നേതൃത്വം കൊടുത്ത പ്രകടനം ചെങ്കൊടികളുടെ ഓളങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് നഗര വീഥിയിലൂടെ കടന്നുപോയത്. പ്രകടനത്തിന് എൻ. ജി. ഒ. യൂണിയൻ, യൂണിവേഴ്സിററി ജീവനക്കാർ, ഡി. വൈ. എഫ്. ഐ., എസ്. എഫ്. ഐ., ഏജീസ് ഓഫീസ് ജീവനക്കാർ, സെക്രട്ടറിയേററ് ജീവനക്കാർ, NFPTE, ഗസററഡ് ഓഫീസേഴ്സ്, ചുമട്ടുതൊഴിലാളി യൂണിയൻ, ബാങ്ക് ജീവനക്കാർ, കോളേജ് അദ്ധ്യാപകർ, KGTA, KPTU, LIC ജീവനക്കാരുടേയും കെൽട്രോൺ ജീവനക്കാരുടെയും സംഘടനകൾ, KSEB വർക്കേഴ്സ് അസോസിയേഷൻ എന്നിവരെല്ലാം അഭിവാദ്യമർപ്പിച്ചു.

ഗാന്ധിപാർക്ക് മൈതാനിയിൽ പ്രത്യേകം തയ്യാറാക്കിയ സ: രാമമൂർത്തി നഗറിലായിരുന്നു പൊതുസമ്മേളനം. സ: വി. വിശ്വനാഥമേനോൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനം കേരള മുഖ്യമന്ത്രി സ: ഇ. കെ. നായനാർ ഉത്ഘാടനം ചെയ്തു. കേരള രാഷ്ട്രീയത്തിൽ ഊന്നിനിന്നുകൊണ്ട് സംസാരിച്ച സഖാവ് കരുണാകരനും, പ്രതിപക്ഷവും വർഗീയ ശക്തികളെ കൂട്ടുപിടിച്ച് ഭരണം അട്ടിമറിക്കാനുള്ള ശ്രമങ്ങളെ തുറന്നുകാട്ടി. 1957 അല്ല 1988 എന്ന് മനസ്സിലാക്കണമെന്ന് അദ്ദേഹം പ്രതിപക്ഷങ്ങളെ ഓർമ്മിപ്പിച്ചു. സഖാവ് പി. വാമദേവൻ നായരാണ് പൊതുസമ്മേളനത്തിന് സ്വാഗതമാശംസിച്ചത്. പൊതുയോഗത്തിൽ സഖാക്കൾ കെ.എൻ. രവീന്ദ്രനാഥ്, എം. എം. ലോറൻസ്, കെ. കെ. ദിവാകരൻ എന്നിവർ പ്രസംഗിച്ചു. സഖാവ് സി. ജെ. ജോസഫ് നന്ദി പ്രകടിപ്പിച്ചു. പൊതുസമ്മേളനാന്തരം സ; വി. സാംബശിവൻെറ കഥാപ്രസംഗവുമുണ്ടായിരുന്നു.

## പ്രദർശനം

ട്രാൻസ്പോർട്ട് എംപ്ലോയീസ് അസോസിയേഷൻെറയും ട്രാൻസ്പോർട്ട് വ്യവസായത്തിൻെറയും വളർച്ച വിശദീകരിക്കുന്ന ഒരു പ്രദർശനവും പൊതുസമ്മേളന നഗറിൽ സംഘടിപ്പിച്ചിരുന്നു. വളരെയധികം ജനങ്ങളെയും തൊഴിലാളികളെയും ആകർഷിച്ച പ്രദർശനം സിററി മേയർ സ: ജയൻ ബാബു ഉൽഘാടനം ചെയ്തു.

## സമ്മേളനം 2-ാം ദിവസം (22–5–1988)

ഇക്കുറി സമ്മേളനത്തിൽ റിപ്പോർട്ടിന്മേലുള്ള ചർച്ച റവന്യൂ ജില്ലാടിസ്ഥാനത്തിലായാണ് നടത്തപ്പെട്ടതു്. ആദ്യത്തെ ദിവസം ചർച്ചയിൽ സഖാക്കൾ പി. എം. വർഗ്ഗീസ് (എറണാകുളം), വാമദേവൻ കലാലയ (വയനാട്) ബാഹുലേയൻ (പത്തനംതിട്ട), കെ. രാമകൃഷ്ണൻ (കാസർഗോഡ്), അന്നാമ്മതോമസ് (കോട്ടയം), കെ.സി. നാരായണൻ (കണ്ണൂർ), സി.കെ. മാത്യ (മലപ്പുറം), പി. കുട്ടികൃഷ്ണൻ (കോഴിക്കോട്), സി. ആർ, പുരുഷോത്തമൻ (കോട്ടയം), പി. ശശിധരൻ (ആലപ്പുഴ), സതീഷ്ബാബു (കൊല്ലം), നാരായണപിള്ള, അഷറഫ് (തിരുവനന്തപുരം), വി. എസ്. എ. കരീം (തൃശ്ശൂർ), കെ. ഷാജി (ആലപ്പുഴ), ജോസ് (ഇടുക്കി), ടോമി (എറണാകുളം) എന്നിവർ സംസാരിച്ചു. സമ്മേളനത്തിൽ ട്രാൻസ്പോർട്ട് വകുപ്പ്മന്ത്രി ശ്രീ. കെ. ശങ്കരനാരായണ പിള്ളയും, സി. പി. ഐ. (എം) സംസ്ഥാന കമ്മിററി സെക്രട്ടറി സഖാവ് വി. എസ്. അച്ചുതാനന്ദനും പ്രസംഗിച്ചു. വ്യവസായത്തിൻെറ കാലികമായ പ്രശ്നങ്ങൾ അപഗ്രഥിച്ചുകൊണ്ടാണ് ട്രാൻ. വകുപ്പുമന്ത്രി പ്രസംഗിച്ചതെങ്കിൽ, സഖാവ് വി. എസ്. കേന്ദ്ര സർക്കാരിൻെറയും കോൺഗ്രസ് ഗവൺമെൻറിൻെറയും തെററായ നയങ്ങളെ വിശദീകരിച്ചശേഷം സാമ്പത്തികമായി കേരള ഗവൺമെൻറിനെ ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്ന നടപടികൾ എണ്ണിയെണ്ണി പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് ജനങ്ങളുടെ താല്പര്യങ്ങൾക്കാണ് മുൻതൂക്കം കൊടുക്കുന്നതു്. അതുകൊണ്ടുതന്നെ ട്രാൻ. തൊഴിലാളികളും, എല്ലാ മേഖലയിലും ഉൾപ്പെട്ട പണിയെടുക്കുന്നവരും ഒററകെട്ടായി ഗവൺമെൻറിൻെറ പിന്നിൽ അണിനിരന്നാൽ ആർക്കും ഇതിനെ എതിർത്തു് പരാജയപ്പെടുത്താൻ കഴിയില്ല. സഖാവ് വി. എസ്. തുടർന്നു. കറണ്ടും, പൈപ്പും കട്ടവരെല്ലാം ചേർന്നു് സർക്കാരിനെ മറിച്ചിടാനാണ് ശ്രമിക്കുന്നതെങ്കിൽ ജനങ്ങളതു് പൊറുക്കില്ല. അസോസിയേഷൻെറ അടുത്ത സമ്മേളനത്തോടുകൂടി മൊത്തം അംഗസംഖ്യ അമ്പതു ശതമാനത്തിൽ കവിയട്ടെ എന്നും സഖാവ് ആശംസിച്ചു.

സമ്മേളനത്തിൽവെച്ച് വിപ്ലവ ഗാനമേളാ സംഘത്തിൻെറ ശിൽപ്പികളായ ഗാനരചയിതാവ് സ: വട്ടപ്പറമ്പിൽ വാമദേവനും ഗാനസംവിധാനംനടത്തിയ സ; വേലായുധനും സ: അച്ചുതാനന്ദൻ ഉപഹാരങ്ങൾ നൽകി.

വൈകുന്നേരം 6 മണിക്ക് 'ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറുകളും തൊഴിലാളിവർഗവും' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ടുള്ള സെമിനാറും നടത്തപ്പെട്ടു. സ: വി. വിശ്വനാഥമേനോൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ: കെ. കെ. ദിവാകരൻ സ്വാഗതമാശംസിച്ചു. സ: എം. എം. ലോറൻസ് വിഷയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. കെ.എസ്.ആർ. ടി.സി. മാനേജിംഗ് ഡയറക്ടർ ശ്രീ. പി. എം. മേനോൻ, സ: കെ. വി. സുരേന്ദ്രനാഥ് MLA തുടങ്ങിയവരും സംസാരിച്ചു. സ: കെ. മുരുകേശൻ നന്ദി പ്രകാശിപ്പിച്ചു.

രാത്രി 10 മണിക്ക് ടാസ് മ്യൂസിക് ക്ളബിന്റെ ഗാനമേളയും ഒരു നാടകവും ഉണ്ടായിരുന്നു.

## സമ്മേളനം മൂന്നാം ദിവസം (23-5-88)

ചർച്ചയിൽ സഖാക്കൾ വി.ററി. രവീന്ദ്രൻ (കോട്ടയം), കുരുവിളചാക്കോ, തോമസ്മാത്യു (തിരു), കെ.പി. ഗംഗാധരൻ (പാലക്കാട്), പി.കെ. നാരായണൻ, ടി.എ. വേലായുധൻ (തൃശൂർ), ജയമോഹനൻ, പാവനകുമാരി (തിരുവനന്തപുരം), രാജൻ (കോഴിക്കോട്), കോമളം (പാലക്കാട്), ശ്രീധരൻ (ഇടുക്കി), പി. കെ. ബാലൻ (കണ്ണൂർ), വിശ്വനാഥൻ നായർ (ആലപ്പുഴ), ശിങ്കാരൻ, കെ.സി.എസ്. കർത്താ (എറണാകുളം), പി.എൻ. ബാലചന്ദ്രൻ (കോട്ടയം), ഗോപി (കൊല്ലം), ഇ.ബി.വേണുഗോപാലൻ (ആലപ്പുഴ), കെ. പി. എ. അസീസ് (ഇടുക്കി), മാധുരി (തിരുവനന്തപുരം), ചന്ദ്രൻ (പാലക്കാട്) ഡി. ജയപ്രകാശ് (തിരുവനന്തപുരം), ശിവശങ്കരൻനായർ (തിരുവനന്തപുരം) പി. എം. ശശിധരൻ (തൃശൂർ) എന്നിവരാണ് സംസാരിച്ചത്.

മൂന്നാംദിവസം സമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ട് FSETO നേതാവ് സ: കെ. വി. രാജേന്ദ്രൻ, CITU സംസ്ഥാന വൈസ് പ്രസിഡൻറ് സ: ഒ.ജെ.ജോസഫ്, സി പി.ഐ.(എം) തിരു: ജില്ലാ കമ്മിററി സെക്രട്ടറി സ: കാട്ടായിക്കോണം ശ്രീധർ, കേന്ദ്ര ജീവനക്കാരുടെ കോൺഫെഡറേഷൻ നേതാവ് സ. വൈ. പാപ്പൻ എന്നിവർ സംസാരിച്ചു. തിരുവനന്തപുരം ജില്ലാ ബാലസംഘത്തിന്റെ ഗാനാലാപത്തോടുകൂടിയ അഭിവാദ്യം അത്യന്തം ആകർഷകമായിരുന്നു.

പ്രസിദ്ധ സിനിമാ സംവിധായകനും നടനുമായ സ: ശ്രീകുമാർ അസോസിയേഷന്റെ ചീഫ് ആഫീസ് യൂണിററിലെ അംഗം കൂടിയാണ്. സഖാവിനെ സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പരിചയപ്പെടുത്തി. സഖാവ് ശ്രീകുമാർ സമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ട് പ്രസംഗിക്കുകയുണ്ടായി.

മാവൂരിലെ തൊഴിലാളികൾക്കുവേണ്ടി പ്രതിനിധികളിൽനിന്നും 3627 രൂപ 10 പൈസ സമ്മേളന നഗരിയിൽനിന്നും സംഭരിച്ചത് സമരസഹായ

സമിതി കൺവീനറും C I T U കോഴിക്കോട്ട് ജില്ലാ ട്രഷററും കൂടിയായ സ: ടി. ദാസനെ ഏൽപ്പിച്ചു.

അതുപോലെതന്നെ ഭദ്രതാ സർട്ടിഫിക്കററ് പരമാവധി ട്രാൻസ്പോർട്ട് തൊഴിലാളികൾ വാങ്ങിക്കണമെന്ന ആഹ്വാനത്തിൻെറ അടിസ്ഥാനത്തിൽ ബത്തേരി യൂണിററ് പ്രസിഡൻറ് സ; കെ. കെ. നമ്പീശൻ ആദ്യമായി 100 രൂപ ഭദ്രതാ സർട്ടിഫിക്കററിൽ നിക്ഷേപിക്കാൻ നൽകുകയും 1000 രൂപ വാഗ്ദാനം നൽകുകയും ചെയ്തു.

ക്രുഡൻഷ്യൽ കമ്മിററി റിപ്പോർട്ട് സഖാവ് ടി. ദാസൻ അവതരിപ്പിച്ചു

വൈകുന്നേരം 5.50 ന് ജനറൽ സെക്രട്ടറി ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ചർച്ച ഉപസംഹരിച്ചു. കണക്കുകളെ കുറിച്ചുള്ള ചർച്ചകൾക്ക് സഖാവ് എം. ഹരിഹരൻ മറുപടി പറഞ്ഞു. വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടും കണക്കും ഏകകണ്ഠമായി അംഗീകരിച്ചു.

സഖാവ് എം. എം. ലോറൻസും സമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ട് സംസാരിച്ചു. ദേശാഭിമാനി പത്രമടക്കമുള്ള പത്രസാഹിത്യ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം ഏറെറടുക്കാൻ തൊഴിലാളിവർഗം തയ്യാറായില്ലെങ്കിൽ ശത്രുവർഗത്തെ ഫലപ്രദമായി നേരിടാൻ നമുക്ക് കഴിയില്ലെന്ന് സഖാവ് ചൂണ്ടിക്കാട്ടി.

പിന്നീട് പുതിയ ഭാരവാഹികളുടേയും സംസ്ഥാന കൗൺസിൽ, എക്സിക്യൂട്ടീവ്, ആഡിററ് കമ്മിററി, വനിതാ സബ് കമ്മിററി എന്നിവയുടേയും തെരഞ്ഞെടുപ്പായിരുന്നു. പുതുതായി പ്രൊട്ടക്ഷൻ നൽകേണ്ടവരുടെ ലിസ്റ്റും സമ്മേളനം അംഗീകരിച്ചു.

പുതിയ ഭാരവാഹികളുടേയും കൗൺസിൽ അംഗങ്ങളുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രസിഡൻറ് | : | സ: ഒ. ഭരതൻ M L A |
| ജനറൽ സെക്രട്ടറി | : | സ: കെ. കെ. ദിവാകരൻ |
| ട്രഷറർ | ; | സ: എം. ഹരിഹരൻ |
| വൈ: പ്രസിഡൻറുമാർ | : | സഖാക്കൾ |
| | | 1 മുരുകേശൻ ആശാരി |
| | | 2 പി. ആർ. മഹാരാജപിള്ള |
| | | 3 പി. ഉണ്ണി |
| | | 4 കെ. എ. വാസുദേവൻ |
| | | 5 കെ. ഭാസ്ക്കരപിള്ള |

സെക്രട്ടറിമാർ : സഖാക്കരം

1 ഐ. കുമാരദാസ്
2 പി. വാമദേവൻ നായർ
3 സൂസൈ ആൻറണി
4 സി. ജെ. ജോസഫ്
5 വി. പ്രഭാകരൻ
6 ടി. ദാസൻ

ഓർഗ: സെക്രട്ടറിമാർ : സഖാക്കരം

1 എൻ. വി. ബാലകൃഷ്ണൻ
2 ഡി. വസന്തകുമാരി
3 എ. കെ. പിഷാരടി
4 ടി. കെ. രാജൻ
5 ടി. വി. സാമുവൽ
6 എൻ. വി. തമ്പുരാൻ
7 എൻ. സാംബശിവൻ

എക്സിക്യൂട്ടീവ് കമ്മിററി അംഗങ്ങരം :

സഖാക്കരം

1 വി. സദാശിവൻ നായർ Dvr., NTA
2 ജെ. സിറിം Dvr., PSLA
3 എം. എ. വഹാബ് Acm., C/W
4 കെ. എഫ്. കുഞ്ഞുമോൻ Supdt., C/O
5 പി. കെ. പുരുഷോത്തമൻ Sgc., C/O
6 കെ. സദാശിവൻ നായർ Dvr., CITY
7 ജെ. ശിവാനന്ദൻ Mech., C/W
8 ബി. ശ്രീധരൻ Cond., CL
9 ആർ. വാമദേവൻ Supdt., PKDA
10 എം. പി. എ. മജീദ് Cond., NDD
11 ആർ. ജയശങ്കർ Mech., PLR
12 പി. ആർ. പുരുഷോത്തമൻ നായർ Cond., PTA
13 ടി. ജെ. ചാക്കോ B/S, CHRY
14 കെ. ജി. കേശവൻ Insp. EPTA
15 ജെ. ചന്ദ്രശേഖരൻ നായർ Cond., MVPA
16 പി. സഹദേവൻ Cond., QLN
17 എം. രാമചന്ദ്രൻ ACM, KYLM
18 സി. നാരായണൻ C/B R/W MVKA
19 എസ്. ശിവശങ്കരൻ ചെട്ടിയാർ Dvr., ALPY
20 കെ. കെ. മംഗളാനന്ദൻ UDC, ALP

സഖാക്കൾ

21 ടി. സി. ലോറൻസ് ACM, EKM
22 ടി. സി. ഗീതാകുമാരി LDC, EKM
23 കെ. നാരായണൻ T/Exa., FERY
24 എം. ജെ. ടോമി Mech, R/W, ALY
25 പി. എൻ. രഘുനാഥ പിഷാരടി LDC. ALY
26 സി. ബി. വത്സൻ Spl. Asst., PBVR
27 ടി. കെ. വിജയൻ Dvr., MLA
28 കെ. വി. ജോണി Cond., TCR
29 ടി. എ. വേലായുധൻ T-1, GVR
30 പി. മണി ACM, EDPL
31 എം. ബാലകൃഷ്ണൻ Dvr., PMNA
32 പി. കെ. ഭാസ്കരൻ Spl. Asst., PMNA
33 കെ. വി. ശങ്കരൻ C/B, R/W KKD
34 പി. എം. അശോകൻ Dvr., KPTA
35 ഒ. ടി. പി. മേനോൻ Dvr., PGT
36 സി. കുഞ്ഞികൃഷ്ണൻ Cond., CNR
37 കററൂർ കുഞ്ഞിരാമൻ Spl. Asst., PNR
38 വി. ജെ. ജോൺ Cond., KTM
39 കെ. ഒ. പീതാംബരൻ Cond., KTM
40 കെ. വിശ്വനാഥൻ നായർ Cond., CANR

ജനറൽ കൗൺസിൽ അംഗങ്ങൾ

സഖാക്കൾ

| | | |
|---|---|---|
| 1 | എ. ഷഹാബുദ്ദീൻ | KTDA |
| 2 | പി. ശങ്കരൻ നായർ | ,, |
| 3 | കെ. ക്രിസ്തുദാസ് | NTA |
| 4 | കെ. ശ്രീധരൻ | ,, |
| 5 | എൻ. ദിനേശ് ബാബു | PVR |
| 6 | എൻ. രാജേന്ദ്രൻ ആശാരി | PPD |
| 7 | വി. മോഹനൻ | ,, |
| 8 | കെ. വേണു | ,, |
| 9 | കെ. സുകുമാരൻ | C/W |
| 10 | പി. ജയകുമാർ | ,, |
| 11 | എസ്. പ്രഫുല്ലചന്ദ്രൻ | ,, |
| 12 | എം. അബ്ദുൾ റസാക് | ,, |
| 13 | എൻ. ഷീലാരത്നം | C/W |
| 14 | എ. എസയ്യൻ | PUF |
| 15 | തോമസ് മാത്യൂ | C/W |

സഖാക്കറം

| | | |
|---|---|---|
| 16 | എൽ. കൃഷ്ണൻ നായർ | City |
| 17 | വി. കരുണാകരൻ | City |
| 18 | സി. ശാന്തകുമാർ | ,, |
| 19 | എൻ. എം. അബൂബക്കർ | CL |
| 20 | സി. കെ. രാജേന്ദ്രൻ | ,, |
| 21 | വി. നാരായണൻ നായർ | ,, |
| 22 | എൻ. ശിവരാമപണിക്കർ | ,, |
| 23 | പീററർ എം. ഭക്തിനാഥ് | VKBN |
| 24 | എ. അഷറഫ് | PKDA |
| 25 | പി. മാധവനാശാരി | ,, |
| 26 | സി. ഗോപി | NDD |
| 27 | കെ. ഭാസ്കരപിള്ള | ,, |
| 28 | സി. ശശിധരൻ ഉണ്ണിത്താൻ | PLDE |
| 29 | കെ. ബാലകൃഷ്ണൻ നായർ | KMR |
| 30 | ആർ. നാരായണപിള്ള | ,, |
| 31 | പി. വി. പെരേര | ATL |
| 32 | എൻ. തുളസി | ,, |
| 33 | വി. രവീന്ദ്രൻ | ,, |
| 34 | കെ. തോമസ് | KTR |
| 35 | കെ. ഡി. ജോൺ | ,, |
| 36 | എം. വിജയനുണ്ണിത്താൻ | PLR |
| 37 | ഇ. കെ. ബാഹുലേയൻ | PTA |
| 38 | കെ. ഇസ്മയിൽ മൊയ്തീൻ | ADR |
| 39 | ടി. കെ. മാധവക്കുറുപ്പ് | CANR |
| 40 | പി. ടി. രാഘവൻ | PDLM |
| 41 | കെ. സി. സോമൻപിള്ള | TVLA |
| 42 | എ. വി. ഓമനക്കുട്ടൻ | CHRY |
| 43 | സി. ആർ. പുരുഷോത്തമൻ | KTM |
| 44 | കെ. എസ്. മോഹനൻ | ,, |
| 45 | എം. അമ്മിണി | ,, |
| 46 | പി. കെ. നടരാജൻ | VKM |
| 47 | പി. എൻ. ബാലചന്ദ്രൻ | PLI |
| 48 | ടി. പി. ബാലകൃഷ്ണൻ | ,, |
| 49 | വി. ടി. രവീന്ദ്രൻ | PNKM |
| 50 | എം. കെ. പാപ്പച്ചൻ | ,, |
| 51 | കെ. ശശികുമാർ | MVPA |
| 52 | ജോസ് ജേക്കബ് | TDPA |
| 53 | പി. കെ. ചന്ദ്രൻ | KMAM |

സഖാക്കരം

| | | |
|---|---|---|
| 54 | ഇ. കെ. കുമാരൻ | MLTM |
| 55 | ആർ. പാണ്ടിരാജ് | MNR |
| 56 | എ. ശ്രീധരൻ നായർ | QLN |
| 57 | ജെ. ശിവദാസൻ | ,, |
| 58 | എൻ. ശിവാനന്ദൻ | KNPY |
| 59 | വി. ജി. അപ്പു | ,, |
| 60 | ജി. ലക്ഷ്മണൻ | KYLM |
| 61 | എസ്. ശ്രീനിവാസൻ | ,, |
| 62 | ആർ. ഗോപി | MVKA |
| 63 | കെ. സി. രാഘവൻ | R/W MVKA |
| 64 | ഇ. ബി. വേണുഗോപാൽ | HPD |
| 65 | എം. വി. തങ്കപ്പൻ | ALP |
| 66 | എം. സി. ചന്ദ്രസേനൻ | STLA |
| 67 | വി. രാധാകൃഷ്ണൻ | ,, |
| 68 | വി. എസ്. ബാബു | EKM |
| 69 | സി. കെ. നീലകണ്ഠൻ | Ferry EKM |
| 70 | എ. ആർ. പ്രസന്നൻ | R/W ALY |
| 71 | ഇ. എ. മുഹമ്മദ് അബ്ദുറഹിമാൻ | ALY |
| 72 | പി. ആർ. രാജു | ,, |
| 73 | എ. കെ. കലേശൻ | PRR |
| 74 | പി. കെ. സതീശ്കുമാർ | PBVR |
| 75 | കെ. എച്ച്. മുഹമ്മദ് ബഷീർ | ,, |
| 76 | പി. കെ. ഭാസ്കരൻ | ANKLY |
| 77 | എം. എം. ബാഹുലേയൻ | CHRY |
| 78 | വി. എൻ. പോരം | ,, |
| 79 | പി. കെ. അരവിന്ദാക്ഷൻ | MLA |
| 80 | കെ. കെ. ചന്ദ്രശേഖരൻ | PKD |
| 81 | വി. രാധാകൃഷ്ണൻ | ABLR |
| 82 | പി. ശശിധരൻ | TCR |
| 83 | എം. കൃഷ്ണൻകുട്ടി | ,, |
| 84 | ടി. കെ. ധർമപാലൻ | GVR |
| 85 | കെ. അസീസ് | VDCY |
| 86 | കെ. ചന്ദ്രബോസ് | CTR |
| 87 | എ. ജയപാലൻ | PGT |
| 88 | പി. ശശിധരൻ | EDPL |
| 89 | സി. പി. കൃഷ്ണൻ | PNI |
| 90 | പി. എ. ജോയി | MPM |
| 91 | കെ. പി. അബ്ദുറഹിമാൻ | ,, |

സഖാക്കഠം

| | | |
|---|---|---|
| 92 | എം. എം. ദാസൻ | KKD |
| 93 | കൊട്ടാരം ഗോപാലൻ | ,, |
| 94 | എം. വി. കൃഷ്ണൻകുട്ടി | ,, |
| 95 | പി. കെ. രാധ | KKD |
| 96 | പി. ജെ. ജോസഫ് | MNDY |
| 97 | പറക്കോട്ട് രാഘവൻ | TMSY |
| 98 | പി. പി. വാമദേവൻ | SBY |
| 99 | ടി. വി. അപ്പുക്കുട്ടൻ | ,, |
| 100 | പി. എം. കണാരൻ | ,, |
| 101 | കെ. നാരായണൻ | ,, |
| 102 | കെ. കെ. മുഹമ്മദ്കോയ | ,, |
| 103 | പി. കുഞ്ഞിരാമൻ | CNR |
| 104 | എൻ. കെ. രാമചന്ദ്രൻ | ,, |
| 105 | എൻ. കുഞ്ഞിക്കണ്ണൻ | ,, |
| 106 | പി. പുരുഷോത്തമൻ | PNR |
| 107 | ബി. ബാലൻ ചിമേനി | KCDE |
| 108 | ബി. ജമാലുദ്ദീൻ | PSLA |

ആഡിററ് കമ്മിററി

സഖാക്കഠം

| | | |
|---|---|---|
| 1 | സി പ്രേമൻ | TCR |
| 2 | ഇ. കെ. ബാഹുലേയൻ | PTA |
| 3 | പി. വിജയൻ | KKD |
| 4 | സുന്ദരേശൻ | C/W |
| 5 | എം. എ. വഹാബ് | C/W |
| 6 | പി. ജി. കൃഷ്ണൻകുട്ടി | PRR |
| 7 | കെ. ശശി | KYLM |
| 8 | തോമസ് മാത്യു | CO |
| 9 | കെ. രാഘവൻ | KSDE |
| 10 | വി. നാരായണൻ നായർ | CL |
| 11 | സി. വിശ്വംഭരൻ | PKDA |
| 12 | എം. പി. ഉണ്ണികൃഷ്ണൻ | CO |
| 13 | ജോർജ്ജ് | PNKM |
| 14 | പി. എൻ. ആർ. പിഷാരടി | ALY |
| 15 | പി. കെ. ചന്ദ്രൻ | KTMLM |
| 16 | വി. കൃഷ്ണൻ | PGT |
| 17 | എം. പുരുഷോത്തമൻ | KKD R/W |

വനിതാ സബ്കമ്മിററി കൺവീനർ സ: സി. വസന്തകുമാരി

വിഴിഞ്ഞത്തുനിന്നും സ: ആർ. മോഹനനെ കൗൺസിലിലേയ്ക്ക് പിന്നീട് തെരഞ്ഞെടുക്കുകയാണുണ്ടായത്.

പ്രസിഡൻറ് സ്ഥാനമൊഴിയുന്ന സ: വി. വിശ്വനാഥമേനോനും, വൈസ്പ്രസിഡൻറ് സ: വി. കെ. ദാസപ്പനും, ഓർഗ: സെക്രട്ടറി സ: പി കെ. എം. മീരക്കും എംപ്ളോയി പത്രാധിപസമിതി അംഗം സ: രാജരാജവമ്മക്കും സമ്മേളനം ഹൃദയസ്പൃക്കായ യാത്രയയപ്പ് നൽകി. സംഘടനയുടെ ഔപചാരിക നേതൃത്വമില്ലെങ്കിലും തങ്ങളെന്നും അസോസിയേഷൻറകൂടെ കാണുമെന്നു് സഖാക്കൾ പറഞ്ഞപ്പോൾ പ്രതിനിധികൾ വമ്പിച്ച ഹസ്തതാഡനത്തോടെ തങ്ങളുടെ ആഹ്ളാദം പ്രകടിപ്പിച്ചു.

സമ്മേളനത്തിനു് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് സഖാവ് വാമദേവൻ നായർ സംസാരിച്ചു. സമ്മേളനം വിജയിപ്പിക്കുന്നതിൽ തിരുവനന്തപുരം ജില്ലയിലെ ട്രാൻ: തൊഴിലാളികൾ ത്യാഗനിർഭരമായ പങ്കാണ് കാഴ്ചവെച്ചതു്. ഉല്പന്ന പിരിവുകളുടെ വിജയം സംഘാടകരെപോലും അതിശയിപ്പിച്ചു. അതുപോലെതന്നെ സമ്മേളനം വിജയിപ്പിക്കാൻ സഹോദരസംഘടനകളും വിവിധ T U സർവീസ് സംഘടനകളും നിർലോഭമായ സഹായസഹകരണങ്ങൾ നൽകിയിട്ടുണ്ടു്. അവരെയെല്ലാം നമ്മുക്കു് നന്ദിപൂർവം അനുസ്മരിക്കാം.

താഴെപ്പറയുന്ന പ്രധാന പ്രമേയങ്ങളാണ് സമ്മേളനം അംഗീകരിച്ചതു്.

1 ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനെ സംരക്ഷിക്കുക.

2 ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച വർഗീയ പ്രവർത്തനം തടയുക.

3 കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതുക.

4 വേതനപരിഷ്കാരത്തിലെ അപാകതകൾ പരിഹരിക്കുക –
റീ ഓപ്ഷനു് അവസരം നൽകുക.

5 കർഷക–കർഷകതൊഴിലാളി സമരത്തിനു് പിന്തുണ.

6 സ്ത്രീ ജീവനക്കാരെ സ്ഥലംമാററത്തിൽനിന്നു് പരമാവധി ഒഴിവാക്കുക.

7 59-ാം ഭരണഘടനാ ഭേദഗതി പിൻവലിക്കുക.

8 ട്രേഡ് യൂണിയൻ – വ്യവസായത്തർക്ക ഭേദഗതി നിയമം പിൻവലിക്കുക.

9 തൊഴിലാളിവർഗ സാഹിത്യങ്ങളുടെ പ്രചാരകരാകുക.

10 അഞ്ചു വയസ്സുവരെ യാത്ര സൗജന്യമാക്കുക.

11 ദേശവൽകൃതറൂട്ടുകൾസംരക്ഷിക്കുക, ദേശവൽക്കരണം ത്വരിതപ്പെടുത്തുക, അന്തർ സംസ്ഥാന സർവീസുകൾ പൂർണ്ണമായും ഏറെറടുക്കുക.

12 ലീവ് റൂറംസ് ഏകീകരിക്കുക.

13 കേന്ദ്രത്തിൻെറ ഇറക്കുമതിനയം പിൻവലിക്കുക.

14 മാവൂർ സമരം ഒത്തുതീർപ്പിലെത്തിക്കുക, തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുക.

15 ത്രിപുരയിലെ അർദ്ധ ഫാസിസ്റ്റ് ആക്രമണങ്ങളെ ചെറുക്കുക.

16 1984 ഏപ്രിലിനുമുമ്പ് റിട്ടയർചെയ്ത കോർപ്പറേഷൻ ജീവനക്കാർക്കും പെൻഷൻ നൽകുക.

17 വ്യവസായ നടത്തിപ്പിൽ തൊഴിലാളികളുടെ നിർണ്ണായകമായ പങ്കാളിത്തം ഉറപ്പുവരുത്തുക.

18 നിരായുധീകരണ കരാർ നടപ്പിലാക്കുക.

19 പഞ്ചാബ് പ്രശ്നത്തിനു് പരിഹാരം കണ്ടെത്തുക.

20 പ്രതിമാസ കോൺഫറൻസ് തീരുമാനം നടപ്പിലാക്കുക.

21 കെട്ടിടനിർമ്മാണ വായ്പാ സൗകര്യം വർദ്ധിപ്പിക്കുക.

22 കേന്ദ്ര ഗവൺമെൻറിൻെറ സംസ്ഥാന ഗവൺമെൻറിനെതിരായ സാമ്പത്തിക ഉപരോധം തുറന്നുകാട്ടുക. ഭദ്രതാ നിക്ഷേപ പദ്ധതി വിജയിപ്പിക്കുക.

23 യൂണിററുതല ഉപദേശകസമിതികരം രൂപീകരിക്കുക.

24 തൊഴിലില്ലായ്മ പരിഹരിക്കുക. തൊഴിലവകാശം മൗലികാവകാശമായി ഭരണഘടനയിൽ വ്യവസ്ഥചെയ്യുക.

25 സ്ത്രീകരംക്കെതിരായ വിവേചനം അവസാനിപ്പിക്കുക.

## ശമ്പളപരിഷ്കരണ കുടിശിക നൽകുന്നു

കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിൽ ഏററവും കൂടുതൽ ചർച്ചചെയ്യപ്പെട്ട ഒരു വിഷയമായിരുന്നുവല്ലോ ശമ്പളപരിഷ്കരണ കുടിശിക. അസോസിയേഷൻെറ സംസ്ഥാന സമ്മേളനത്തിൽ മുഖ്യമന്ത്രി സ: ഇ. കെ. നായനാരും നമ്മുടെ മുൻ പ്രസിഡൻറും ധനമന്ത്രിയുമായ സ: വി. വിശ്വനാഥമേനോനും ഉറപ്പുനൽകിയതുപോലെ ശമ്പളപരിഷ്കരണത്തിൻെറ കുടിശിക കൊടുക്കുന്നതിനുവേണ്ടി സർക്കാരിൽനിന്നും ആറുകോടി രൂപ അനുവദിച്ചു. ആദ്യം 2500 രൂ. വരെയുള്ള കുടിശിക കൊടുക്കാനാണ് തീരുമാനിച്ചിരുന്നതെങ്കിലും പിന്നീട് വകുപ്പുമന്ത്രിയുമായി നാം നടത്തിയ ചർച്ചയുടെഅടിസ്ഥാനത്തിൽ 3500 രൂ. വരെയുള്ള കുടിശിക കൊടുത്തുതീർക്കാൻ തീരുമാനിച്ചു. കുടിശിക വിതരണം തൊഴിലാളികളിൽ നായനാർ സർക്കാരിനെക്കുറിച്ച് നല്ലൊരുമതിപ്പ് ഉളവാക്കിയെങ്കിലും ഇതര ട്രേഡ്യൂണിയനുകരം വീണ്ടും അസംതൃപ്തി പരത്താനാണ് ശ്രമിച്ചതു്. 3500 രൂപ വരെയുള്ള കുടിശിക കൊടുത്തുതീർന്നതോടെ 80% തൊഴി

ലാളികളുടെയും ശമ്പളക്കുടിശിക കൊടുത്തുതീർന്നു. ശേഷിക്കുന്ന 20 ശതമാനം ജീവനക്കാർക്ക് പൂർണ്ണമായ കുടിശിക ലഭിച്ചില്ലെന്നു പറഞ്ഞാണ് പ്രതിപക്ഷ ട്രേഡ് യൂണിയനുകളും മററും പ്രചരണത്തിനിറങ്ങിയതു്. ഈ പ്രചരണത്തെ യുക്തിപൂർവം നേരിടുന്നതിൽ നമ്മുടെ ഒട്ടമിക്ക കമ്മിററികളും പരാജയപ്പെട്ടു വെന്നതാണ് സത്യം. കുടിശിക വിതരണത്തോടനുബന്ധിച്ച് സമാഹരിക്കാൻ തീരുമാനിച്ച കെട്ടിട – പ്രവർത്തന ഫണ്ടുപിരിവിലും ഇതു് ദൃശ്യമായി. കുടിശികയുടെ രണ്ടു ശതമാനം സംഭരിക്കാനുള്ള തീരുമാനം വേണ്ടത്ര വിജയിച്ചുവെന്നു പറയാൻ കഴിയില്ല. വിശദമായ കണക്ക് ഖജാൻജി അവതരിപ്പിച്ചതിൽനിന്നും വ്യക്തമാകും.

കുടിശിക വിതരണത്തോടനുബന്ധിച്ച് കേരള സർക്കാരിൻെറ ഭദ്രതാനിക്ഷേപത്തിലേക്കുള്ള സമാഹരണവും വേണ്ടത്ര വിജയിച്ചുവെന്ന് അവകാശപ്പെട്ടുകൂടാ. റിപ്പോർട്ടിൻെറ ചർച്ചയിൽ പങ്കെടുക്കുന്ന സഖാക്കൾ ഇക്കാര്യത്തിലുണ്ടായ ദൗർബല്യങ്ങൾകൂടി സ്വയംവിമർശനപരമായി പരിശോധിക്കണം. അസോസിയേഷൻെറ പ്രഥമ കേന്ദ്ര കമ്മിററി യോഗം 12–6–88 ൽ തിരുവനന്തപുരത്തുവച്ച് ചേരുകയും സംസ്ഥാന സമ്മേളനത്തിനുശേഷം പ്രവർത്തനറിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തു. H O തല പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൻെറ ഭാഗമായി താഴെക്കാണുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് റവന്യൂ ജില്ലയിലെ യൂണിററുകളുടെ പ്രശ്നങ്ങൾ സ: സൂസൈ ആൻറണിയും തൃശൂർ, എറണാകുളം ജില്ലകളിലേതു് സ: പി. വാമദേവൻ നായരും കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ റവന്യൂ ജില്ലകളിലെ യൂണിററുകളിലെ പ്രശ്നങ്ങൾ സ: ഐ. കുമാരദാസും, കൊല്ലം റവന്യൂ ജില്ലയിലേതു് സ: സി. വസന്തകുമാരിയും തിരുവനന്തപുരം റവന്യൂ ജില്ലകളിലേതു് സഖാക്കൾ സാംബശിവൻ, കെ. മുരുകേശൻ എന്നിവർ കൈകാര്യം ചെയ്യുന്നതാണ് ഔദ്യോഗിക ഭാരവാഹികൾക്കും കേന്ദ്രക്കമ്മിററിഅംഗങ്ങൾക്കും താഴെപ്പറയുന്ന യൂണിററുകളുടെ ചാർജ് നൽകാൻ തീരുമാനിച്ചു.

സഖാക്കൾ

സൂസൈ ആൻറണി – HO, കാട്ടാക്കട, CL, NTA
ഐ. കുമാരദാസ് – PSLA, CO, PUF
കെ. മുരുകേശൻ – VZM, PPD, C/W, ATL
പി. വാമദേവൻ നായർ - PVR, CTY, PKDA, KMR
എൻ. സാംബശിവൻ – VKBN, NDD, PLDE
കെ. ഭാസ്കരപിള്ള – KTR, ADR, PLR, PDLM, QLN, KNDY
എൻ. വി. തമ്പുരാൻ – CGNR, MVKA, R/W MVKA, HPD, ALP, STLA
എൻ വി. ബാലകൃഷ്ണൻ – EKM, D/W EKM, R/W ALY, PBVR

സി. ജെ. ജോസഫ് – PTA, TVLA, KTM, PLI, EPTA. PNKM
പി. ആർ. മഹാരാജപിള്ള – CHRY, VKM, MVPA, TDPA,
KMGM, MLTM, MNR
ടി. വി. സാമുവൽ – ANKY, GVR, PNI, EDPL
കെ. എ. വാസുദേവൻ – ALY, PRR, MALA, CLDY, TCR, IJK
എ. കെ. പിഷാരടി – VDCY, CTR, PKD, ABLR
വി. പ്രഭാകരൻ – PGT, MPM, PMNA
ടി. ദാസൻ – SBY, KPTA, MNDY, KKD
പി. ഉണ്ണി – TMSY, R/W KKD
സി. പ്രേമൻ – ആഡിററ്
ബി. ശ്രീധരൻ – TVM C/L, KTDA
ജെ. സിറിൽ – PSLA, NTA
എം. എ. വഹാബ് – C/W PUF, PSLA
വി. സദാശിവൻ നായർ - NTA, PVR
കെ. സദാശിവൻ നായർ - CTY, VKBN
ജി. ശിവാനന്ദൻ – C/W, VZM, ATL
ടി. കെ. രാജൻ – CNR, PNR, KSGD
കെ. എഫ്. കുഞ്ഞുമോൻ - CO, PPD, KMR
ആർ. വാമദേവൻ - PKDA, CO
പി. കെ. പുരുഷോത്തമൻ - CO, CTY
ആർ. ജയശങ്കർ - TVM C/L, QLN
എം. പി. എ. മജീദ് – NDD, PKDA, PLDE
പി. സഹദേവൻ – QLN, KTR, PLR, KNPY
കെ. വിശ്വനാഥൻ നായർ - CGNR, PTA, PDLM
പി. ആർ. പുരുഷോത്തമൻ നായർ - PTA, ADR, CGNR
വി. ജെ. ജോൺ – KTM, TVLA. CHRY, VKM
കെ. ഒ. പീതാംബരൻ - KTM, EPTA, PNKM
ടി. ജെ. ചാക്കോ – CHRY, KTM
കെ. ജി. കേശവൻ – EPTA, PLI
എം. ജെ. ടോമി – R/W ALY, MVPA, PBVR
ജെ. ചന്ദ്രശേഖരൻ നായർ – MVPA, TDPA, MLTM
സി. ബി. വിത്സൻ - PBVR, KMGM, MNR, PRR
സി. നാരായണൻ – R/W MVKA, HPD, KYLM
കെ. കെ. മംഗളാനന്ദൻ - ALP, MVKA, R/W MVKA
എം. രാമചന്ദ്രൻ – KYLM, ALP
എസ്. എസ്. ചെട്ട്യാർ - ALP, STLA
കെ. വി. ശങ്കരൻ – R/W KKD, TMSY

കുററൂർ കുഞ്ഞിരാമൻ – PNR, CNR, KSDE
പി. എൻ. ആർ. പിഷാരടി – ALY, EKM, EKM ഫെറി
പി. എം. അശോകൻ – KPTA, SBY
ടി. സി. ഫ്ലോറൻസ് – EKM, ALY R/W
കെ. നാരായണൻ – Ferry EKM, ALY, ANK
ടി. കെ. വിജയൻ – MALA CLDY, PKD
കെ. വി. ജോണി – TCR, MALA, ABLR
പി. മണി – EDPL, GVR, PNI
ഒ. ടി പി. മേനോൻ – PGT, VDCY, CTR
പി. കെ. ഭാസ്ക്കരൻ – PMNA, PGT, KKD R/W KKD
ടി. എ. വേലായുധൻ – GVR, R/W EDPL, IJK
എം. ബാലകൃഷ്ണൻ – PMNA, MPM
സി. കുഞ്ഞുകൃഷ്ണൻ CNR, MNDY, PNR

25–6–88 നചേർന്ന ആഡിററ് കമ്മിററിയുടെ യോഗം ഭാവിയിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യ് തീരുമാനമെടുക്കുകയും താഴെപ്പറയുന്ന യൂണിററുകളുടെ ആഡിററ് വിവിധ ആഡിററ് കമ്മിററി അംഗങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തു.

1 സി. പ്രേമൻ – KMGM, PRR, ANK, CLDY, PKD, ABLR
2 ഇ. കെ. ബാഹുലേയൻ – PLR, TVLA, CGNR, PDLM
3 പി. വിജയൻ – SBY, KPTA, MNDY, KSDE
4 സുന്ദരേശൻ – ATL, PKDA, ADR
5 എം. എ. വഹാബ് – VZM, PVR, PSLA, KTDA
6 പി. ജി. കൃഷ്ണൻകുട്ടി–STLA, R/W ALY, ALY, MALA, IJK
7 കെ. ശശി – KNDY, MVKA, R/W MVKA, ALP, HPD
8 തോമസ് മാത്യു – PPD, C/W PUF, KYLM
9 കെ. രാഘവൻ – KKD, R/W KKD, CNR, PNR,
10 വി. നാരായണൻ നായർ – CO, PLDE, KMR, PTA
11 എം. പി. ഉണ്ണികൃഷ്ണൻ – TCR, GVR, TVM CTY, CL
12 ഡി. വിശ്വംഭരൻ – QLN, NDD, KTR, NTA, VKBN
13 ജോർജ് – CHRY, KTM, PLI, EPTA
14 പി. എൻ. ആർ. പിഷരാടി VKM, EKM, D/W EKM
15 പി. കെ. ചന്ദ്രൻ MVPA, TDPA, MLTM, MNR, PNKM
16 വി. കൃഷ്ണൻ VDCY, CTR, MPM, PMNA
17 എം. പുരുഷോത്തമൻ R/W EDPL, PGT, PNI, TMSY

സംഘടനയുടെ പുതിയ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട സ: ഒ. ഭരതൻെറ ട്രാൻസ്പോർട്ടിലെ ഓരോ തൊഴിലാളികളോടുമുള്ള അഭ്യർത്ഥന അച്ചടിച്ച് നേരിൽ എല്ലാ തൊഴിലാളികൾക്കും കൊടുക്കണമെന്ന സംസ്ഥാന കമ്മി

ററിയുടെ തീരുമാനം നമ്മുടെ യൂണിററുകൾ വിജയകരമായി നടപ്പിലാക്കുകയു ണ്ടായി. സംഘടനയുടെ സന്ദേശം ഓരോ ജീവനക്കാരിലും എത്തിക്കാൻ കഴി യുക എന്ന കാര്യം നിസ്സാരമായി കാണാവുന്നതല്ല. കേന്ദ്ര കമ്മററി തീരുമാന മനുസരിച്ച് സംസ്ഥാനത്തെ വിവിധ യൂണിററുകളിൽ പ്രസിഡൻറിനു സ്വീ കരണവും നൽകപ്പെട്ടു. 30 ഓളം യൂണിററുകളിൽ നടന്ന ഈ പരിപാടിയും എല്ലാ യൂണിയനിലുംപെട്ട തൊഴിലാളികളേയും ഹഠാദാകർഷിച്ചു.

## ആഗസ്റ്റ് 4 ൻെറ ചീഫ് ഓഫീസ് മാർച്ച്

27–7–88 ന് ചേർന്ന ഔദ്യോഗികഭാരവാഹികളുടെ യോഗം ട്രാൻ. കോർ പ്പറേഷനിലെ വ്യവസായ പ്രശ്നങ്ങളേയും തൊഴിൽബന്ധങ്ങളെയുംകുറിച്ച് സമഗ്രമായ ചർച്ച നടത്തി. LDF സർക്കാർ അധികാരത്തിൽ വന്നതിനുശേ ഷം ട്രാൻ. കോർപ്പറേഷനു് ഉണ്ടാക്കാൻ കഴിഞ്ഞ പുരോഗതി നിർണ്ണായകമാ ണെന്നു് യോഗം വിലയിരുത്തി. ആശാവഹമായ ഈ പുരോഗതി കൈവരി ച്ചതു് ട്രാൻ. തൊഴിലാളികളുടെ നിസ്സീമമായ സഹകരണംകൊണ്ടുകൂടിയാണ്. തൊഴിലാളികളുടെസാമ്പത്തികാവശ്യങ്ങളടക്കംമാററിവച്ചുകൊണ്ടു് വ്യവസായ നടത്തിപ്പിൻെറ ഓരോ തലങ്ങളിലുമുള്ള തൊഴിലാളികളുടെ ഇടപെടൽ വ്യവ സായവളർച്ചയെ കുറച്ചൊന്നുമല്ല സഹായിച്ചതു്. പക്ഷെ ഇതെല്ലാം തൻെറ വ്യക്തിപ്രഭാവംകൊണ്ടു് നേടിയെടുത്തതാണെന്ന ധാരണ പരത്താനാണ് അന്ന ത്തെ എം. ഡി.യായിരുന്ന ശ്രീ. പി. എം. മേനോൻ ശ്രമിച്ചതു്. ഒരുഭാഗത്തു് ചെലവ് ചുരുക്കലിൻെറ പേരിൽ തൊഴിലാളികൾക്കു് നൽകാൻ ബാദ്ധ്യസ്ഥ മായ ആനുകൂല്യങ്ങൾ തടഞ്ഞുവെയ്ക്കുന്നു. വ്യയ ന്യൂനീകരണത്തിൻെറ പേരിൽ അവശ്യം ആവശ്യമായ ജീവനക്കാരെപ്പോലും നിയമിക്കാതിരിക്കുന്നു. തൽഫ ലമായി അദ്ധ്വാനഭാരം വർദ്ധിക്കുന്നു. ട്രാൻ. തൊഴിലാളികളുടെ അംഗീകൃത സംഘടനയായ അസോസിയേഷനും മൊത്തം ട്രാൻ. തൊഴിലാളികളും പ്രക ടിപ്പിച്ചിച്ച ആത്മനിയന്ത്രണം പലപ്പോഴും അവകാശനിഷേധത്തിനുള്ള NOC യായി കണ്ട മാനേജുമെൻറ് ഒടുവിൽ സംഘടനയ്ക്കെതിരെപോലും അപവാദ പ്രചരണങ്ങളുമായി രംഗത്തിറങ്ങി. മാനേജുമെൻറ്തലത്തിൽ നടക്കുന്ന അഴി മതികൾക്കു് കടിഞ്ഞാണിടണമെന്നും ട്രാൻ. കോർപ്പറേഷൻെറ ദൈനംദിന ഭരണത്തിൽ അസോസിയേഷൻെറയും അഭിപ്രായങ്ങൾക്കു് മുൻതൂക്കം സംഘ ടന ആവശ്യപ്പെട്ടതായിരിക്കാം ഒരുപക്ഷെ അവരെ പ്രകോപിപ്പിച്ചതു്. ട്രാൻ. കോർപ്പറേഷനിലെ വരുമാനവും കാര്യക്ഷമതയും വർദ്ധിപ്പിച്ച സാഹചര്യ ത്തിൽ താഴെപ്പറയുന്ന 40 ഇന ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടു' ഒരു പ്രക്ഷോഭ ണത്തിനിറങ്ങാൻ ഔദ്യോഗികഭാരവാഹികളുടെ യോഗം തീരുമാനിച്ചു. ആഗ സ്റ്റ് 4–നു അവകാശപത്രിക സമർപ്പിക്കാനും അതോടനുബന്ധിച്ച് ട്രാൻ. തൊഴിലാളികളുടെ ഒരു മാർച്ച് ചീഫ് ഓഫീസിലേക്കു് നടത്താനുമായിരുന്നു യോഗതീരുമാനം. അന്നുച്ചയ്ക്കു് ചേർന്ന സംസ്ഥാന കൗൺസിൽ ഭാവി സമര പരിപാടികൾക്കു് രൂപം കൊടുത്തു.

## ആവശ്യങ്ങൾ

1 ഡ്രൈവർമാരുടെ ഗസററഡ് തസ്തികയായ വെഹിക്കിൾ മൊബിലിററി ഓഫീസർമാരുടെ തസ്തികകളിൽ ഉടനടി പ്രൊമോഷൻനൽകി നിയമനം നടത്തുക.

2 ശമ്പളപരിഷ്കരണത്തിലെ അനോമലികൾ അസോസിയേഷൻ മാസങ്ങൾക്കുമുമ്പേതന്നെ എഴുതി തന്നതാണ്. അതിന്മേൽ ചർച്ച നടത്തി ഉടനടി പരിഹാരം കാണുക. ഓരോ തൊഴിലാളിയും അനോമലികൾ നേരിട്ട് എഴുതിക്കൊടുക്കണമെന്ന ഉത്തരവ് പിൻവലിക്കുക.

3 മന്ത്‌ലി കോൺഫറൻസിലെ തീരുമാനങ്ങൾ മൊത്തം പരിശോധിച്ച് നടപ്പാക്കാത്തതു് ഒരു നിശ്ചിത തീയതിക്കകം നടപ്പിലാക്കുക. യൂണിററ് തല മന്ത്‌ലി കോൺഫറൻസിൻെറ തീരുമാനങ്ങളും ചീഫാഫീസ് നിലവാരത്തിൽ പരിഹാരം കാണേണ്ടവ ഉടനടി പരിഹരിക്കുക.

4 ഹയർഗ്രേഡ് ഓഫീസർമാരുടെ പ്രൊമോഷനുകൾ ഓരോ വിഭാഗത്തിനും അർഹമായതു്മാത്രം ആ വിഭാഗത്തിനു് നൽകുക. സെക്രട്ടറി തസ്തികയിലടക്കം ചാനൽ മറികടന്നു് പ്രമോഷൻനൽകാൻ നടത്തുന്ന നീക്കം ഉപേക്ഷിക്കുക.

5 ഹയർ ഡിവിഷൻ ഓഫീസർമാരുടെ ഒഴിവുകൾ നികത്തുക.

6 എഗ്രിമെൻറിൽ ചൂണ്ടിക്കാണിച്ചപോലെ ആവശ്യമായ SM തസ്തികകൾ കണക്കാക്കി ഉടനടി പ്രൊമോഷൻ നൽകുക, സൂപ്രവൈസറി തസ്തികയിലെ എല്ലാ കാററഗറികളിലെ ഒഴിവുകളും പൂർണ്ണമായും നികത്തുക, മെക്കാനിക്കൽ വിഭാഗത്തിൽ — ജനറൽ കാററഗറിയിൽ — ടെസ്റ്റ് നടത്തി ക്കൊടുക്കുവാൻ തീരുമാനിച്ച ചാർജുമാൻ തസ്തികയിലേക്കുള്ള പ്രമോഷനുകളും ഉടനടി നൽകുക.

7 വർക്ക് അസിസ്റ്റൻറ്, കണ്ടക്ടർ, ഡ്രൈവർ, ബ്ളാക്ക്സ്മിത്ത്, കോച്ച്ബിൽഡർ, സ്റ്റോർ, സെക്യൂരിററി, ഇലക്ട്രീഷ്യൻ, ടയർ ഇൻസ്പെക്ടർ, പെയിൻറർ തുടങ്ങി എല്ലാ കാററഗറികളിലെയും ഒഴിവുകൾ നികത്തുക. അതിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള വിഭാഗങ്ങളുടെ ഒഴിവുകൾ താമസംവിനാ നികത്താവുന്നതാണ്.

8 സർവീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കും ദേശവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ട് ട്രാൻ. കോർപ്പറേഷനിൽ നിയമനംകാത്തു് കെട്ടിക്കിടക്കുന്നവർക്കും ഉടനടി തൊഴിൽ നൽകുക.

9 വർക്ക്ഷോപ്പുകൾ, ഗാരേജുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെ ജീവനു് സംരക്ഷണം നൽകാൻ നാം ബാദ്ധ്യസ്ഥമാണ്. അപകടകരമായവിധത്തിൽ പ്രവർത്തിക്കുന്നതും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾപോലും ഇനിയും നൽകാത്തതുമായ

എല്ലാ വർക്ക്ഷോപ്പുകളും ഗ്യാരേജുകളും ബസ് സ്റ്റേഷനുകളും ഒരു സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ അററകുററപ്പണികറം നടത്തി കാര്യക്ഷമമാക്കുക. ഇതിൽ മുൻഗണനാ ക്രമത്തിലായിരിക്കണം പ്രവർത്തികറം പൂർത്തീകരിക്കേണ്ടതു്. (ഉദാ: കല്പററ, മാനന്തവാടി, അടൂർ, പന്തളം, പേരൂർക്കട, മാള, ആമ്പല്ലൂർ, പുതുക്കാട്, ഇരിങ്ങാലക്കുട, ചിററൂർ, വടക്കംചേരി, കായംകുളം, ആലപ്പുഴ, നെടുമങ്ങാട്, എറണാകുളം ഡിവിഷണൽ വർക്ക്ഷോപ്പ്, ആലുവ റീജണൽ വർക്ക്ഷോപ്പ് എന്നീ യൂണിററുകളുടെ പ്രശ്നങ്ങറം)

10 സ്റ്റാഫ് റൂം സ്റ്റേറൂം സൗകര്യങ്ങറം അടിയന്തിരമായി നൽകുക.

11 അംഗീകൃത സംഘടനയുമായി ആലോചിക്കാതെ ഏകപക്ഷീയമായി പേഫിക്സേഷൻ സെല്ലിൽ നിന്നും പേഴ്സണൽ സെക്ഷനിൽ നിന്നും ഇറക്കിയ ഉത്തരവുകറം പുന:പരിശോധിക്കുകയും നിയമവിരുദ്ധമായവ പിൻവലിക്കുകയും ചെയ്യുക.

12 പെൻഷൻകാരുടെ പെൻഷൻ പുന:നിർണ്ണയം നടത്തുകയും അർഹമായ കുടിശിക ഉടനടി വിതരണം നടത്തുകയും ചെയ്യുക.

13 1982 മാർച്ച് മാസം വരെയുള്ള പ്രോവിഡൻറ് ഫണ്ട് കണക്കുകറം ഒരു യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ പൂർത്തീകരിച്ച് STPF ൽ നിന്നും GPF ലേയ്ക്കുള്ള മാററം ത്വരിതപ്പെടുത്തുക.

14 ശമ്പള പരിഷ്ക്കരണത്തിലൂടെ നൽകേണ്ട കുടിശിക ഒരു ഭാഗം പ്രോവിഡൻറ് ഫണ്ടിൽ ലയിപ്പിച്ചിരിക്കയാണല്ലോ. ലയിപ്പിച്ച തുകയുടെ കണക്കുകറം ഓരോ തൊഴിലാളിയേയും അറിയിക്കുകയും അർഹമായ കടം എടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

15 അവധി നിയമങ്ങറം ഏകീകരിക്കാനുള്ള ചർച്ച ആരംഭിക്കുക.

16 ട്രാൻ. തൊഴിലാളികളുടെ സഹകരണസംഘങ്ങറം പ്രവർത്തിക്കുന്ന സ്ഥലങ്ങറംക്ക് ട്രാൻ. കോർപ്പറേഷൻ ഭീമമായ തോതിലാണ് വാടക വർദ്ധിപ്പിച്ചിരിക്കുന്നതു്. ഈ വർദ്ധനവ് പിൻവലിക്കുകയും സൊസൈററികറംക്കും കൺസ്യൂമർ സ്റ്റോറുകറംക്കും സൗജന്യമായി സ്ഥലം അനുവദിക്കുകയും ചെയ്യുക.

17 ബോഡി ബിൽഡിംഗിൽ യൂണിററിൽ രണ്ടു ഷിഫ്ററുകറം ഏർപ്പെടുത്തുക.

18 അധികാര വികേന്ദ്രീകരണത്തിലധിഷ്ഠിതമായ മേഖലാവൽക്കരണം അംഗീകരിക്കുന്നില്ലെങ്കിലും മേഖലാവൽക്കരണത്തെ സംബന്ധിച്ച് അംഗീകൃത സംഘടനയുമായി ചർച്ച ചെയ്തു മാത്രം നടപ്പിലാക്കുക.

19 ട്രാൻ. കോർപ്പറേഷൻെറ വർക്കുഷോപ്പുകളിലും ഗ്യാരേജ് പരിസരങ്ങളിലും കുന്നുകൂടി കിടക്കുന്ന 'സ്ക്രാപ്പുകറം' അടിയന്തിരമായി ലേലം ചെയ്യുകയും അതിൽ നിന്നു് ലഭിക്കുന്ന തുക ബസ് സ്റ്റേഷനുകളിലും വർക്കുഷോ

പ്പുകളിലും അടിയന്തിരമായി നൽകേണ്ട സൗകര്യങ്ങൾക്കായി വിനി യോഗിക്കുകയും ചെയ്യുക.

20 മുൻകൂട്ടി നോട്ടീസ് നൽകി നടത്തിയ ധർണ്ണയ്ക്കും മററും ശമ്പളം തടഞ്ഞു വയ്ക്കുന്ന സമീപനം അവസാനിപ്പിക്കുക. (ഉദാ:– 29–5–88 ലെ എറണാകുളത്തെ ധർണ്ണ)

21 ക്യാൻറീൻ സൗകര്യമില്ലാത്ത എല്ലാ യൂണിററുകളിലും ക്യാൻറീൻ അനുവദിക്കുക.

22 ദേശവൽക്കൃത മേഖലയിലെ ഓപ്പറേററിംഗ് സെൻററുകളായ മാനന്തവാടി കൽപ്പററ, അങ്കമാലി എന്നീ യൂണിററുകളും ചിററൂർ യൂണിററും സബ് ഡിപ്പോകളാക്കുക. ചേർത്തല, വികാസ്ഭവൻ യൂണിററുകൾ ഡിപ്പോകളാക്കി ഉയർത്തുക.

23 യൂണിഫോം തുണി വിതരണം ചെയ്യുക.

24 കഴിഞ്ഞ വർഷത്തെ ചപ്പൽ അലവൻസിൻെറ കുടിശികയായ 20 രൂപ ഉടനടി വിതരണം ചെയ്യുക.

25 40 രൂപക്ക് ജീവനക്കാരെ കൊണ്ട് അധികജോലി ചെയ്യിക്കുന്ന ഏർപ്പാട് അവസാനിപ്പിക്കുക.

26 ഗുണനിലവാരം കുറഞ്ഞ സ്പെയറുകൾ വാങ്ങുന്നത് അവസാനിപ്പിക്കുകയും അതിന് കാരണക്കാർക്കെതിരെ നടപടിയെടുക്കുകയുംചെയ്യുക, ആവശ്യമായ സ്പെയർ പാർട്ട്സ് ഉണ്ടായിട്ടും അവ യൂണിററുകളിൽ എത്തിക്കാത്തതുമൂലമുണ്ടായ സർവീസ് റദ്ദാക്കലുകൾ അവസാനിപ്പിക്കുക. ലോക്കൽ പർച്ചേസിംഗ് അവസാനിപ്പിക്കുക.

27 താൽക്കാലിക ജീവനക്കാർക്ക് അർഹമായ അവധിയും അവധിസറണ്ടറും അനുവദിക്കുക.

28 ഗ്രീവൻസ് കമ്മിററി പുനഃസംഘടിപ്പിക്കുക.

29 സ്ഥലംമാററ പ്രശ്നത്തിൽ അസോസിയേഷൻ പ്രവർത്തകരോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കുക.

30 അസോസിയേഷൻ നൽകിയ വർക്ക്മെൻ പ്രൊട്ടക്ഷൻ ലിസ്റ്റ് അംഗീകരിക്കുക.

31 SC, ST വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കുള്ള ടെസ്റ്റ് എക്സംപ്ഷൻ അനുസരിച്ചുള്ള പ്രമോഷൻ നൽകുക.

32 സ്റ്റോർ അററൻെറ ാകാൻ SSLC പാസ്സാകണമെന്ന ഉത്തരവുകൾ പിൻവലിക്കുക.

33 സ്ത്രീ ജീവനക്കാർക്ക് റിട്ടയറിംഗ് റൂം അനുവദിക്കുക.

34 സ്ഥലംമാററപ്പെട്ടവർക്ക് ജോയനിംഗ് ടൈം നൽകുന്നതു് നിഷേധിക്കുന്ന ഉത്തരവ് പിൻവലിക്കുക.

35 CTO യുടെ അനുമതിയോടെ യൂണിററുകളിൽ ഷെഡ്യൂം ഡ്യൂട്ടികളുടെ മാററം നടത്താമെന്ന മുൻ തീരുമാനം തിരുത്തിയിറക്കിയ ഉത്തരവ് പിൻവലിക്കുക.

36 ട്രാൻ. കോർപ്പറേഷൻെറ ജലഗതാഗത വിഭാഗം നിർമ്മിച്ച ബോട്ട് വിൽക്കാൻ എടുത്ത തീരുമാനം റദ്ദാക്കുകയും ട്രാൻ. കോർപ്പറേഷൻെറ ബോട്ട് സർവീസിനു് ആ ബോട്ട് നൽകുകയും ചെയ്യുക.

37 നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ 60 വയസ്സുവരെ തുടരാൻ അനുവദിക്കുക.

38 ജോലി രാജി വച്ചു പോയവർക്ക് അർഹമായ കുടിശിക നിഷേധിക്കുന്ന ഉത്തരവ് പിൻവലിക്കുക.

39 1984 ഏപ്രിലിനു് മുമ്പ് റിട്ടയർ ചെയ്തവരും പെൻഷനു് അർഹതയുള്ളവരുമായ കോർപ്പറേഷൻ ജീവനക്കാർക്കു് കൂടി പെൻഷൻ അനുവദിക്കുക.

40 നിയമവിരുദ്ധ സമാന്തര സർവീസ് ഓപ്പറേഷനുകൾ നിരോധിക്കുക.

ആഗസ്റ്റ് 4 ൻെറ പ്രകടനം ഏററവും ചുരുങ്ങിയ സമയത്തിനുള്ളിൽ സംഘടിപ്പിച്ചതായിരുന്നുവെങ്കിലും മൂവായിരത്തോളം തൊഴിലാളികൾ കോരിച്ചൊരിയുന്ന മഴയത്തും മാർച്ചിൽ പങ്കുകൊണ്ടു. അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിക്കാൻ മാനേജ്മെൻറ് വൈമനസ്യം പ്രകടിപ്പിക്കുന്ന പക്ഷം ശക്തമായി ആഞ്ഞടിക്കാൻ അന്നു ചേർന്ന കൗൺസിൽ ആഹ്വാനം നൽകി. എന്നാൽ കൗൺസിൽ എടുത്ത തീരുമാനപ്രകാരമുള്ള പ്രക്ഷോഭണങ്ങൾ തുടർന്നു് നടത്തേണ്ടി വന്നില്ല. 16–8–1988 ൽ നാം ഉന്നയിച്ച ആവശ്യങ്ങളിന്മേൽ M D യുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നു. ഇക്കഴിഞ്ഞ കരാറിൽ മാനേജ്മെൻറ് അംഗീകരിച്ചതും ഡ്രൈവർ കാററഗറിക്ക് പുതിയതായി ലഭിച്ചതുമായ വെഹിക്കിൾ മൊബിലിററി ഓഫീസർ തസ്തികയിൽ നിയമനം നടത്തപ്പെട്ടിരുന്നില്ല. 1–10–88 നു് 54 വയസ്സ് തികയാത്തവരായ HVS, VS മാരിൽ നിന്നും മാതൃഭാഷയിൽ നടത്തുന്ന ലഘുവായ ഒരു പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്താമെന്നും ഈ ചർച്ചയിൽ തീരുമാനമായി.

ശമ്പള പരിഷ്ക്കരണത്തിലെ അനോമലി പരിഹരിക്കാൻ ജനറൽ സെക്രട്ടറിയും IRM ഉം ഉൾപ്പെടുന്ന സബ് കമ്മിററിയെ ചുമതലപ്പെടുത്തി. ഹയർ ഗ്രേഡ് ഓഫീസർമാരുടെ പ്രമോഷൻ കാര്യത്തിൽ ചാനൽ മാറി പ്രമോഷൻ കൊടുക്കുന്ന രീതി ഒഴിവാക്കണമെന്നും നാം ആവശ്യപ്പെട്ടിരുന്നു. ഉദാഹരണമായി മിനി: വിഭാഗത്തിനു് അർഹമായ ബോർഡ് സെക്രട്ടറിയുടെ തസ്തിക സ്റ്റാററിസ്റ്റിക്കൽ വിഭാഗത്തിലെ ഒരു ഓഫീസർക്ക് നൽകാൻ നടത്തിയ ശ്രമങ്ങൾ ചർച്ചാ വിഷയമായി. പക്ഷേ ഇക്കാര്യത്തിൽ ഒരു യോജിച്ച തീരുമാനം എടുക്കാനായില്ല. ഹയർ ഗ്രേഡ് ഓഫീസർമാരുടെ ഒഴിവുകൾ നികത്താമെന്നു് സമ്മതിച്ചു. മന്ത്‌ലി കോൺഫറൻസ് തീരുമാനങ്ങൾ റവ്യൂ ചെയ്തു നട

പ്പാക്കാത്തവ നടപ്പാക്കുന്നതിനു് 30–9–1988 നു് മുമ്പായി നടപടിയെടുക്കാമെന്നു് സമ്മതിച്ചു.

കഴിഞ്ഞ കരാറിൽ ആവശ്യമായ S M ന്റെ എണ്ണം നിർണ്ണയിച്ച് പ്രമോഷൻ നൽകാമെന്നു് തീരുമാനമെടുത്തിരുന്നു. 1983ൽ നിശ്ചയിച്ച 302 S M തസ്തികകൾ 5 വർഷം കഴിഞ്ഞിട്ടും, പുതിയ നിരവധി S M ഓഫീസുകൾ തുറന്നിട്ടും വർദ്ധിപ്പിക്കാൻ മാനേജുമെൻറ് തയ്യാറായിരുന്നില്ല. ഈ സാഹചര്യത്തിൽ ഏററവും കുറഞ്ഞതു് 58 തസ്തികകളെങ്കിലും അനുവദിക്കണമെന്നു് നാം ആവശ്യപ്പെട്ടു. സുദീർഘമായ ചർച്ചകൾക്കു ശേഷം 30 പുതിയ തസ്തികകളും അഡ്ഹോക്കായി സൃഷ്ടിക്കാൻ തീരുമാനിച്ചു. ഇതു് ഒരു വൻ വിജയമായിരുന്നു. ചാർജ്മെൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന്റെ ഭാഗമായി 10 പേരെ ഓട്ടോവിംഗിൽ ഉടനടി പ്രൊമോട്ടുചെയ്യും. ജനറൽ കാററഗറിയിലെ പ്രധാന വിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് ടെസ്റ്റിൽ പങ്കെടുപ്പിക്കാനുള്ള വാഗ്ദാനമുണ്ടായെങ്കിലും അതു് നടപ്പാക്കപ്പെട്ടില്ല. അതുപോലെതന്നെ ചാർജ്മാൻ ടെസ്റ്റ് എഴുതി രണ്ടു തവണ പരാജയപ്പെടുകയും 50 വയസ്സിനു് 25 വർഷം സർവീസ് പൂർത്തീകരിക്കുകയുംചെയ്ത അസിസ്റ്റൻറ് ചാർജുമാൻമാരെ ചാർജുമാന്മാരായി പ്രൊമോട്ടുചെയ്യുമെന്ന ഉറപ്പും ഇതുപോലെ പാലിച്ചില്ല.

മെക്കാനിക്കൽ വിഭാഗത്തിലെ നൈററ് ഷിഫ്ററ് സമ്പ്രദായത്തിൽ മാററംവരുത്തണമെന്നും തുടർച്ചയായി 16 മണിക്കൂർ ജോലിക്കു് നിയോഗിക്കുന്ന പ്രവണത മാനേജുമെൻറിനു് ഗുണകരമല്ലെന്നും ചർച്ചയ്ക്കിടയിൽ എം. ഡി. ചൂണ്ടിക്കാട്ടി. വിശദമായ ചർച്ചയ്ക്കുശേഷം മെക്കാനിക്കൽ ജീവനക്കാരുടെ നൈററ് ഡ്യൂട്ടി എട്ടുമണിക്കൂറായി നിജപ്പെടുത്താനും നൈററ് അലവൻസ് 1.50 രൂപയിൽനിന്നും 5 രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചു. പക്ഷെ മാനേജുമെൻറ്തന്നെ സമ്മതിച്ച ഈ നിർദ്ദേശവും പാലിക്കപ്പെട്ടില്ല.

സർവീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കു് ജോലിനൽകുന്ന കാര്യം ചർച്ചചെയ്യപ്പെട്ടു. വിവിധ കാററഗറികളിലെ ഒഴിവുകൾ കണക്കിലെടുത്തു് 30–6–88 വരെയുള്ള അപേക്ഷകളിന്മേൽ ഉടനടി നിയമനം നടത്താമെന്നും സമ്മതിച്ചു. എല്ലാ കാററഗറികളിലേയും ഒഴിവുകൾ നികത്തുന്നകാര്യത്തിൽ വേണ്ടത്ര ഗുണകരമായ തീരുമാനം ഉണ്ടായില്ലെങ്കിലും പെയിൻറർ, മെഷീനിസ്റ്റ്, ഗാർഡ്, സ്റ്റോർസ്റ്റാഫ് തുടങ്ങിയ തസ്തികകളിൽ അത്യാവശ്യം നിയമനം നടത്താനും ദേശവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെട്ട് ജോലി ലഭിക്കാനർഹമായവരെ നിയമിക്കാനും തീരുമാനമെടുത്തു. കണ്ടക്ടർമാരുടെ ഒഴിവുനികത്തുന്നതിന്റെ ഭാഗമായി പുതിയതായി 100 കണ്ടക്ടർമാരെക്കൂടി നിയമിക്കാനും മാനേജുമെൻറ് തയ്യാറായി. വർക്ക്ഷോപ്പുകൾ, ഗ്യാരേജുകൾ, ബസ് സ്റ്റേഷനുകൾ എന്നിവയ്ക്കു് ആവശ്യമായ അററകുററപ്പണികൾ നടത്താൻ യൂണിററ് ഓഫീസർമാർക്കു് അനുവാദം കൊടുത്തു. സ്റ്റേ റൂം, സ്റ്റാഫ്

റൂം എന്നിവയുടെ അപര്യാപ്തതയും ചർച്ചചെയ്യപ്പെട്ടു. മംഗലാപുരം, ബാംഗ് ളൂർ, മൈസൂർ തുടങ്ങിയിടങ്ങളിലെ സ്റ്റേ റൂം പ്രശ്നം ബന്ധപ്പെട്ട ട്രാൻ. കോർപ്പറേഷനുമായി ചർച്ചചെയ്ത് പരിഹരിക്കാമെന്നും മാനേജുമെൻറ് ഉറപ്പു നൽകി. യൂണിററുകളിൽനിന്നും സ്റ്റേ റൂം അസൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട്ചെയ്യാൻ C L O യെ ചുമതലപ്പെടുത്തി. A C M മാർക്ക് രണ്ടു ജോഡി യൂണിഫോം നൽകാൻ തീരുമാനമുണ്ടായി. പെൻഷൻകാരുടെ പെൻഷൻ പുനർനിർണ്ണയം ചെയ്യാൻ നടപടിയെടുത്തു. 89 മാർച്ച് 31-നകം P F അക്കൗണ്ടിൻെറ കുടിശിക ജോലി തീർക്കാൻ തീരുമാനിച്ചു. അതിനുവേണ്ടി ഒരു സബ്കമ്മിററിയെ ചുമതലപ്പെടുത്തി. സംസ്ഥാന ഖജാൻജി സ: ഹരിഹരൻ സെക്രട്ടറി സ: ഐ കുമാരദാസ് എന്നിവരാണ് അസോസിയേഷൻ പ്രതിനിധികൾ.

ശമ്പളകുടിശികയുടെ ഒരു ഭാഗം PFൽ ലയിപ്പിച്ചിരുന്നുവല്ലൊ ആ ലയിപ്പിച്ച തുക തൊഴിലാളികളെ അറിയിക്കാനും ലോൺ എടുക്കാൻ അവസരമുണ്ടാകുന്നതിനും തീരുമാനിക്കപ്പെട്ടു. ട്രാൻ. കോർപ്പറേഷൻെറ സ്ഥലത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ വാടക ഏകപക്ഷീയമായി വർദ്ധിപ്പിച്ച നടപടിയെ നാം ശക്തിയായി എതിർത്തു. ഒടുവിൽ പുതുക്കി നിശ്ചയിച്ച വാടക തൽക്കാലം പിരിക്കേണ്ടതില്ലെന്നും സിവിൽ വിഭാഗവുമായി ബന്ധപ്പെട്ട് വാടക നിർണ്ണയിക്കുന്നതിന് രണ്ടു മാസത്തെ സമയപരിധി നൽകി C L O യെ ചുമതലപ്പെടുത്തുകയും ചെയ്തു. സെൻട്രൽ വർക്ക്ഷോപ്പ്, റീജണൽ വർക്ക്ഷോപ്പ് തുടങ്ങിയ ഇടങ്ങളിലെ സ്ക്രാപ്പുകൾ ലേലംചെയ്തു വിൽക്കാൻ നടപടിയുണ്ടായി. 18.9-88 മുതൽ ലേലം നടത്താനുള്ള നിർദ്ദേശം യൂണിററ് ആഫീസർമാർക്ക് നൽകി. C T O യുടെ അനുവാദത്തോടെ യൂണിററുകളിലെ ഷെഡ്യൂളുകളുടെ സമയം മാററാമെന്ന പഴയ തീരുമാനം പുനസ്ഥാപിച്ചു. അവധി ഏകീകരണം സംബന്ധിച്ച് ചർച്ച നടന്നു. പക്ഷേ ചർച്ച ഒരു കടവിലും എത്തിയില്ല. നയപരമായ ഒരു പ്രശ്നമെന്ന നിലയ്ക്ക് തീരുമാനമെടുക്കേണ്ടതു് സർക്കാരാകയാൽ ഇക്കാര്യം സർക്കാരിലേക്ക് റഫർ ചെയ്യാനും തീരുമാനിച്ചു. മേഖലാവൽക്കരണം സംബന്ധിച്ച് K S R T C ഏകപക്ഷീയമായി പ്രഖ്യാപിച്ച നടപടികൾ വിശദമായി ചർച്ചചെയ്തു. കേവലം തസ്തികകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യംമാത്രം മുന്നിൽവച്ചു നടത്തുന്ന മേഖലാവൽക്കരണത്തോടുള്ള വിയോജിപ്പ് നാം പ്രകടമാക്കി. അസോസിയേഷൻെറ ബദൽ നിർദ്ദേശവും നാം മുന്നോട്ടുവച്ചു. അധികാരവികേന്ദ്രീകരണത്തിലധിഷ്ഠിതമായ മേഖലാവൽക്കരണമെന്ന ആശയത്തെ തത്വത്തിൽ മാനേജുമെൻറ് അംഗീകരിച്ചില്ലെങ്കിലും പ്രയോഗത്തിൽ വരുത്താൻ കാലതാമസമുണ്ടാകുമെന്ന അഭിപ്രായമാണ് അവർ ചർച്ചയിലൂടെ പറഞ്ഞതു്. ഇതുസംബന്ധിച്ച അസോസിയേഷൻെറ അഭിപ്രായങ്ങൾ റിപ്പോർട്ടിൻെറ മറെറാരു ഭാഗത്തു് സവിസ്തരം പ്രതിപാദിക്കുന്നതിനാൽ അക്കാര്യം ഇവിടെ സൂചിപ്പിക്കുന്നില്ല.

വ്യവസായത്തിൻെറ പൊതുവായ വളർച്ചയ്ക്ക് അനുഗുണമായ സമീപനമെടുക്കുമ്പോഠം തന്നെ തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങഠം നേടിയെടുക്കാനുള്ള പോരാട്ടങ്ങളും നടത്തിയേ പററു. അസോസിയേഷൻ കേവലം വ്യവസായ പ്രശ്നങ്ങഠം മാത്രമേ ചർച്ച ചെയ്യുന്നുള്ളവെന്നും തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങഠംക്ക് പ്രാമുഖ്യം നൽകുന്നില്ല എന്നും നമുക്കെതിരെ പ്രചരണം നടത്തുന്നവർ അസോസിയേഷൻ ഉന്നയിച്ച മുദ്രാവാക്യങ്ങളും മാനേജ്മെൻറുമായി നടത്തിയ ചർച്ചയിൽ അംഗീകരിച്ച തീരുമാനങ്ങളും വീണ്ടുമൊരിക്കൽക്കൂടി സജീവമായി പരിശോധിക്കേണ്ടതാണ്.

മാനേജ്മെൻറുമായി നടത്തിയ ചർച്ചയുടെ ഫലമായി വർഷങ്ങളോളം അപരിഹാര്യമായി കിടന്നിരുന്ന നിരവധി പ്രശ്നങ്ങഠംക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞു അതിൽ പ്രധാനപ്പെട്ടതാണ് VMO തസ്തികയിലേയ്ക്കുള്ള നിയമനം, S M, C M തസ്തികകളിലെ ഒഴിവുകഠം നികത്തൽ, ഹയർ ഡിവിഷൻ ഓഫീസർമാരുടെ ഒഴിവുകഠം നികത്തൽ, P F അക്കൗണ്ടുകളുടെ കണക്ക് ശരിപ്പെടുത്തൽ, PF ൽ ലയിപ്പിച്ച കുടിശികയിലൂടെ ലോൺ എടുക്കൽ തുടങ്ങിയവ. അതുപോലെ തന്നെ യൂണിററ് ഓഫീസുകളിൽ അത്യാവശ്യമായ കുറെ സിവിൽ വർക്കുകഠംക്കുള്ള അംഗീകാരവും ചർച്ചയുടെ ഫലമായി നേടിയെടുക്കാൻ കഴിഞ്ഞു. പക്ഷേ ഈ നേട്ടങ്ങഠം നേടിയെടുത്തതായി പ്രചരിപ്പിക്കാൻ നമുക്കെത്രത്തോളം കഴിഞ്ഞുവെന്നതും പരിശോധിക്കേണ്ടതുണ്ട്. കഴിഞ്ഞ 5 വർഷങ്ങഠംക്കുള്ളിൽ പുതിയതായി ഒരു തസ്തികപോലും സൃഷ്ടിക്കാത്തിടത്താണ് നാമമാത്രമായെങ്കിലും പുതിയ തസ്തികകഠം സൃഷ്ടിച്ചതു്. കാലിതൊഴുത്തുകളെ പോലും നാണിപ്പിക്കുന്ന കുറെ സ്റ്റാഫ് റൂമുകളെങ്കിലും അററകുററപണി ചെയ്യിക്കുവാൻ കഴിഞ്ഞതു് ചെറിയൊരു നേട്ടമല്ല. നമ്മുടെ 80 ശതമാനം യൂണിററുകളിലും സിവിൽ ജോലികഠം അല്പമെങ്കിലും നടത്തപ്പെട്ടതും ഇക്കാലയളവിലാണ്. എന്നു വച്ചാൽ ഇതിനർത്ഥം മലീമസമായ ഗ്യാരേജുകളോ തകർന്ന് വീഴാറായ സ്ററാഫ് റൂമുകളോ പൂർണ്ണമായും ഇല്ലാതായി എന്നല്ല. പക്ഷേ ഇവ നന്നാക്കുന്നതിനുള്ള പ്രവർത്തികഠംക്ക് തുടക്കം കുറിച്ചുവെന്നേ കാണേണ്ടതുള്ളു.

നാമിതു് അത്ര ഗൗരവമായി കണ്ടിട്ടില്ലെങ്കിലും നമുക്കെതിരെ അപവാദ പ്രചരണം നടത്തുന്ന സംഘടനകഠം പ്രത്യേകിച്ചും ഒ. എസ്. എഫ്, ആക്ഷൻ കൗൺസിൽ എന്നിവർ തൊഴിലാളികളുടെ ശ്രദ്ധ ഈദൃശ നേട്ടങ്ങളിൽ നിന്നും മാററുന്നതിനുവേണ്ടി ബോധപൂർവം തന്നെ ശ്രമിച്ചു അതിൻെറ ഫലമായി ചില മുദ്രാവാക്യങ്ങളുയർത്തി കൊണ്ട് അവർ പ്രക്ഷോഭത്തിനിറങ്ങുകയും ചെയ്തു.

## ബോണസ്

87–88 ലെ ബോണസ് സംബന്ധിച്ച ചർച്ച 2–8–1987 ൽ ചീഫ് ഓഫീസിൽ എം.ഡി. യുടെ സാന്നിദ്ധ്യത്തിൽ വച്ചു നടന്നു. 86–87 ൽ 11174.06

ലക്ഷം വരവും 12620.08 ലക്ഷം രൂപ ചെലവുമായിരുന്നെങ്കിൽ 87–88 ൽ വരവ് 12521.53 ലക്ഷം രൂപയും ചെലവ് 13845.06 ലക്ഷം രൂപയും നഷ്ടം 13.47 ലക്ഷം രൂപയുമാണ്. നഷ്ടത്തിലോടുന്ന വ്യവസായങ്ങളിൽ മുൻവർഷത്തെ ബോണസായ 8.33 % മാത്രമേ നൽകാനാവൂ എന്ന സർക്കാർ നിർദ്ദേശം CMD ചർച്ചയിൽ ചൂണ്ടിക്കാട്ടി. എന്നാൽ കഴിഞ്ഞ വർഷത്തേക്കാൾ വരുമാനത്തിൽ 13 കോടി 46 ലക്ഷം രൂപ വർദ്ധനയുണ്ടായിട്ടുണ്ട്. ഇപ്പോഴും നഷ്ടമുണ്ടെങ്കിലും വരുമാനം വർധിച്ച സാഹചര്യത്തിന് തൊഴിലാളികൾ നൽകിയ സംഭാവന മാനിച്ച് ഒരു പ്രോൽസാഹനമെന്ന നിലക്ക് എക്സ്ഗ്രേഷ്യയായി ഒരു തുകയെങ്കിലും നൽകണമെന്ന് നാം ആവശ്യപ്പെട്ടു.

85–86, 86–87 വർഷങ്ങളിലെ പുതുക്കിയ ശമ്പളത്തിനർഹമായ ബോണസ് കുടിശികയെങ്കിലും ലഭിക്കണമെന്ന നമ്മുടെ ആവശ്യവും മാനേജ്മെൻറ് നിരാകരിച്ചു. ഒടുവിൽ കുടിശിക ബോണസിന് പകരമായി എല്ലാ ജീവനക്കാർക്കും 100 രൂപ വച്ചെങ്കിലും അഡീഷണലായി നൽകണമെന്നതും പരിഗണിച്ചില്ല. എന്നാൽ മാനേജ്മെൻറ് പുറത്തിറക്കിയ സർക്കുലറിൽ അസോസിയേഷൻ അംഗീകരിച്ചതിൻെറ അടിസ്ഥാനത്തിലാണ് 8.33% ബോണസ് നൽകുന്നതെന്ന് പ്രചരിപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ ബോണസ് ചർച്ചയുടെ മിനിട്ട്സ് അടക്കം നാം പ്രസിദ്ധീകരിക്കുകയും മാനേജ്മെൻറിൻെറ പ്രസ്താവനയെ ചോദ്യം ചെയ്യുകയും ചെയ്തു.

ബോണസിൽ നാമമാത്രമായ വർദ്ധനവെങ്കിലും ലഭിക്കുവാൻ നാം പരമാവധി ശ്രമിക്കാതിരുന്നിട്ടില്ല. പക്ഷേ പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോണസ് പ്രശ്നത്തിൽ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ച നയത്തിന് അനുരോധമായി മാത്രമേ സംസ്ഥാന സർക്കാരിനും മാനേജുമെൻറിനും പ്രവർത്തിക്കാൻ കഴിയൂ എന്നതായിരുന്നു അവസ്ഥ. കുടിശിക ബോണസിൻെറ കാര്യത്തിൽ നമ്മുടെ ഡിമാൻറ് ഇപ്പോഴും നിലനിൽക്കുകയാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽനിന്നും വ്യത്യസ്തമായി ബോണസ് അടക്കമുള്ള ആനുകൂല്യങ്ങൾ നേരത്തെ വിതരണം ചെയ്യിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ബോണസ് തുക വർധിച്ചില്ലെന്ന കാരണം പറഞ്ഞ് അസോസിയേഷനംഗങ്ങൾ യൂണിയനു് ബോണസ് ഫണ്ട് കൊടുക്കരുതെന്ന് ആഹ്വാനം ചെയ്തുകൊണ്ട് INLC യുടെ ചില പ്രാദേശിക ഘടകങ്ങൾ ഉൾപ്പെടെ ചില യൂണിയനുകൾ നോട്ടീസിറക്കി. എന്നാൽ സംഘടനയുടെ പ്രവർത്തനഫണ്ടു കൂടിയായ ബോണസ് ഫണ്ട് ചില യൂണിററുകളിലെങ്കിലും പരാജയപ്പെടുന്നതിന് ഈ പ്രചരണം സഹായിച്ചുവോ എന്ന കാര്യം നാം പരിശോധിക്കേണ്ടതുണ്ട്. ബോണസ് ഫണ്ട് കിട്ടാത്തതിലുള്ള വ്യാകുലതയോ തൊഴിലാളികളുടെയോ അസോസിയേഷനംഗങ്ങളുടേയോ ക്ഷേമ കാര്യത്തിലുള്ള വ്യഗ്രതയോ അല്ല ഇക്കൂട്ടർക്കുണ്ടായിരുന്നതെന്ന് വ്യക്തമാണല്ലോ. ഇക്കാര്യം തൊഴിലാളികളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുന്നതിന് യൂണിററ് നേതൃത്വത്തിനുണ്ടായ പരാജയം കൂടി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. (എൻ. ജി. ഒ. മാർക്ക് ഒരു ദിവസത്തെ വേതനം കൂടി ബോണസിന് അധി

കമായി നൽകിയിട്ടും ട്രാൻ. തൊഴിലാളികൾക്ക് ബോണസിൽ വർദ്ധന കിട്ടിയില്ല എന്ന വാദവും സംഘടനസ്സുകത്തുള്ള ചില വിമർശകർ ചൂണ്ടികാട്ടി. എന്നാൽ ഇപ്പോഴും ട്രാൻ. തൊഴിലാളിക്ക് ലഭിക്കുന്ന ഒരു മാസത്തെ വേതനത്തിനു തുല്യമായ ബോണസ് എൻ. ജി. ഒ. മാർക്ക് ലഭിക്കുന്നില്ലെന്ന കാര്യവും അവർ സൗകര്യപൂർവം വിസ്മരിക്കുന്നു )

മേഖലാ കൺവൻഷൻ

2-10-1988 ന് അസോസിയേഷൻെറ പാലക്കാട് ജില്ലാ കമ്മിററി ആഫീസിൽ വച്ച് (അഴീക്കോടൻ സ്മാരക മന്ദിരത്തിൽ വച്ച്) ചേർന്ന കേന്ദ്ര കമ്മിററി യോഗം വ്യവസായത്തെയും തൊഴിലാളികളെയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു തൊഴിലാളികളുടെ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് പോരാട്ടങ്ങൾ നടത്തുമ്പോൾ തന്നെ വ്യവസായം പൊതുവായി നേരിടുന്ന പ്രശ്നങ്ങൾ കൂടി പഠിക്കുകയും അവ പരിഹരിക്കാനുള്ള സമഗ്രമായ നിർദ്ദേശങ്ങൾ സ്വരൂപിക്കുക കൂടി ചെയ്യണമെന്നു് കേന്ദ്ര കമ്മിററി ചൂണ്ടിക്കാട്ടി. വ്യവസായത്തിനകത്ത് ഉരുണ്ടുകൂടുന്ന പ്രതിസന്ധികളാകട്ടെ ഭാരതം ഭരിക്കുന്ന ഭരണാധികാരികളുടെ തെററായ രാഷ്ട്രീയ—സാമ്പത്തിക നയങ്ങളുടെ പ്രതിഫലനമാണുതാനും. ഇത്തരം തെററായ നയങ്ങൾ തിരുത്തിക്കുന്നതിനാകട്ടെ, വ്യവസായങ്ങൾക്കകത്തു നടക്കുന്ന പോരാട്ടങ്ങൾക്കൊപ്പം തന്നെ പുറത്തും പോരാട്ടങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഈ പോരാട്ടങ്ങൾ സംഘടിപ്പിക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനു് നിർണ്ണായകമായ പങ്കാണ് നിർവഹിക്കാനുള്ളതു്. അതുകൊണ്ട് തന്നെ തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയും വ്യവസായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും നടത്തുന്ന പോരാട്ടങ്ങൾക്കൊപ്പം രാഷ്ട്രീയ രംഗത്ത് നിലവിലുള്ള കേന്ദ്ര ഭരണത്തിനു് ബദലായി ഒരു സംവിധാനം കെട്ടിപ്പടുക്കുന്നതിനുള്ള പോരാട്ടവും നടത്തേണ്ടതുണ്ട്. മറെറാരു ഭാഷയിൽ പറഞ്ഞാൽ വ്യവസായത്തിനകത്തു നടക്കുന്ന പോരാട്ടങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനെ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തുന്ന പോരാട്ടങ്ങളുടെ അനുപൂരകങ്ങളായിരിക്കേണ്ടതാണ്. തൊഴിലാളി പ്രവർത്തകർക്ക് ഇതിനെ സംബന്ധിച്ച് ആശയ വ്യക്തത ഉണ്ടായിരിക്കേണ്ടതാണെന്നും കേന്ദ്രക്കമ്മിററി ചൂണ്ടിക്കാട്ടി.

ട്രാൻസ്പോർട്ട് കോർപ്പറേഷൻ വികസനത്തിൻെറ പാതയിലാണെന്ന കാര്യം നിസ്തർക്കമാണ്. എന്നാൽ ഇക്കാര്യത്തിലൊരു ശാസ്ത്രീയമായ സമീപനം മാനേജ്മെൻറിനുണ്ടെന്നു തോന്നുന്നില്ല. കാര്യക്ഷമവും ചെലവു കുറഞ്ഞതുമായ ഒരു ഗതാഗത സംവിധാനം ലഭിക്കണമെന്ന ജനങ്ങളുടെ ചിരകാല സ്വപ്നം സാക്ഷാത്കരിക്കണമെങ്കിൽ ട്രാൻ. കോർപ്പറേഷൻെറ പ്രവർത്തനം അധികാര വികേന്ദ്രീകരണത്തിലധിഷ്ടിതമായ മേഖലാവൽക്കരണം നടപ്പാക്കിക്കൊണ്ട് മാത്രമേ സാദ്ധ്യമാവുകയുള്ളൂ. മേഖലാവൽക്കരണത്തെ സംബ

സ്ഥിച്ച് മാനേജ്മെൻറ് ഉണ്ടാക്കിയ ധാരണകൾ അതുകൊണ്ടുതന്നെ തിരുത്തപ്പെടേണ്ടതായിട്ടുണ്ട്. ട്രാൻ. കോർപ്പറേഷൻെറ പുന:സംഘടനക്ക് അസോസിയേഷൻ ഒരു രൂപരേഖ തയ്യാറാക്കുകയും യൂണിററുകളുടെ ചർച്ചക്കും അഭിപ്രായ രൂപീകരണത്തിനുവേണ്ടി അയച്ചുകൊടുക്കുകയുണ്ടായി. അതുപോലെ തന്നെ വ്യവസായത്തെ അടിയന്തിരമായി നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നാം ട്രാൻ. വകുപ്പ് മന്ത്രിക്ക് ഒരു കത്തു നൽകുകയുണ്ടായി. സർവീസ് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾക്ക് പുറമേ ആവശ്യമായ ജീവനക്കാരെ നിയമിക്കുക, അഴിമതികളെക്കുറിച്ചുള്ള അന്വേഷണം ശക്തമാക്കുക, കോൺഫറൻസ് തീരുമാനങ്ങൾ നടപ്പിലാക്കുക, അവധി ഏകീകരണ പ്രശ്നത്തിൽ അനുകൂലമായ പ്രഖ്യാപനം ഉണ്ടാവുക, രണ്ടാം ഗഡു ശമ്പള പരിഷ്ക്കരണ കുടിശിക കൊടുക്കുക തുടങ്ങിയ ആവശ്യങ്ങളാണ് കത്തിൽ പ്രധാനമായും ചൂണ്ടിക്കാണിച്ചിരുന്നതു്. ഇതിനു പുറമേ ട്രാൻ. എംപ്ലോയീസ് അസോസിയേഷൻ നടപ്പിലാക്കാൻ പോകുന്ന വെൽഫെയർ ഫണ്ടിൻെറ നിയമാവലിയെപ്പററി ചർച്ചയും യൂണിററുതല നേതാക്കന്മാരുമായി ബന്ധപ്പെട്ട് നടത്തണമെന്നു് കേന്ദ്രക്കമ്മിററി തീരുമാനിച്ചു. ഈ പ്രശ്നങ്ങളിലെല്ലാം അവശ്യം ആവശ്യമായ ആശയ വ്യക്തത കൈവരുത്തുന്നതിനുവേണ്ടി ആറു മേഖലാ കൺവൻഷനുകൾ ചേരണമെന്നു് തീരുമാനിച്ചു. നവംബർ 2–ാം തീയതി തിരുവനന്തപുരത്തും 3 ന് കൊല്ലത്തും 4 ന് കോട്ടയത്തും 5 ന് എറണാകുളത്തും 6 ന് തൃശൂരും 7–ാം തീയതി കോഴിക്കോട്ടും കൺവൻഷനുകൾ നടന്നു. എല്ലാ കൺവൻഷനുകളും വമ്പിച്ച വിജയമായിരുന്നു. അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങളിൽമേൽ ഉടനടി അനുകൂലമായ പ്രതികരണം ഉണ്ടാകാത്തപക്ഷം പ്രക്ഷോഭങ്ങൾക്ക് രൂപം കൊടുക്കുന്നതിനും കൺവൻഷനുകളിൽ ധാരണയുണ്ടായി.

13–12–1988 ന് ട്രാൻ. വകുപ്പുമന്ത്രിയുമായി ചർച്ചകൾ നടക്കുകയുണ്ടായി. ശമ്പളപരിഷ്ക്കരണത്തിലെ അനോമിലികൾ പരിഹരിക്കുക, മേഖലാവൽക്കരണത്തിൽ അസോസിയേഷൻ നൽകിയ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കുക, ലീവേകീകരണം നടപ്പിലാക്കുക, 2–2–1987 ന് മുമ്പ് സർവീസിൽ നിന്നും രാജിവച്ചു പോയ ജീവനക്കാർക്കും ശമ്പള പരിഷ്ക്കരണം അനുവദിക്കുക, ഗസററഡ് പോസ്റ്റിലേക്കുള്ള പ്രൊമോഷനു് ചാനൽ പുനർനിർണ്ണയം ചെയ്യുക, കേന്ദ്ര–യൂണിററു തല മന്ത്ലി കോൺഫറൻസ് തീരുമാനങ്ങൾ നടപ്പിലാക്കുക, സമാന്തര സർവീസുകൾ നിർത്തലാക്കുകയും ദേശസാൽകൃത മേഖലകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിററ് നൽകുന്ന നയം നിർത്തലാക്കുകയും ചെയ്യുക, വിവിധ കാററഗറികളിൽ കുറവുള്ള ജീവനക്കാരെ നിയമിക്കുക, മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതർക്ക് ഉടനെ ജോലി നൽകുക, തുടങ്ങിയ ആവശ്യങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു. 31–12–87 വരെയുള്ള എല്ലാ ആശ്രിതർക്കും ജോലി നൽകുന്നതിനും അനോമിലി ചർച്ചകളിലും മന്ത്ലി കോൺഫറൻസുകളിൽ അസോസിയേഷനും മാനേജിംഗ്

ഡയറക്ടറുമായുണ്ടായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സി എം ഡി ക്ക നിർദ്ദേശം നൽകി. അനധികൃതമായി നടത്തുന്ന സമാന്തര സർവീസുകൾ ക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കിൾ ഇൻസ്പെക്ടർമാർക്ക് അധികാരം നൽകിക്കൊണ്ടും ട്രാൻസ്പോർട്ട് ജീവനക്കാരും പോലീസും ചേർന്ന സ്ക്വാഡുകൾ സംഘടിപ്പിക്കുന്നതിനും ചർച്ചയിൽ തീരുമാനമായി. മററു പ്രശ്നങ്ങൾ കൂടുതൽ ചർച്ചകൾക്കായി മാററിവച്ചു

എന്നാൽ മന്ത്രിതലത്തിൽ നടന്ന ഈ ചർച്ചകളുടെ തീരുമാനങ്ങൾ പോലും നടപ്പാക്കുന്നതിനുള്ള താൽപ്പര്യമല്ല മാനേജ്മെൻറിൻെറ ഭാഗത്തു നിന്നുമുണ്ടായത്. ഈ സാഹചര്യത്തിൽ പ്രക്ഷോഭ പരിപാടികൾ പുനരാരംഭിക്കുകയല്ലാതെ കരണീയമായ മററു മാർഗങ്ങളുണ്ടായിരുന്നില്ല.

## പോരാട്ടം രണ്ടാം ഘട്ടത്തിലേക്ക്

കഴിഞ്ഞ 15 മാസത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ വളരെ പ്രധാനപ്പെട്ട രണ്ടു കാര്യങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ടാണ് നമ്മുടെ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നതെന്ന കാണാം. ഒന്ന് വ്യവസായത്തിനകത്തെ കെടുകാര്യസ്ഥതയും മാനേജുമെൻറിൻെറ അഴിമതിയും എഗ്രിമെൻറ് വ്യവസ്ഥകളെ അവഗണിച്ചതിനെതിരെയും ആയിരുന്നു. രണ്ടാമത്തേതാകട്ടെ ഈ സാഹചര്യങ്ങളെ മുതലെടുത്തുകൊണ്ട് ചില ഭരണകക്ഷി നേതാക്കളടക്കം നേതൃത്വം നൽകുന്ന യൂണിയനുകളും പ്രതിപക്ഷ യൂണിയനുകളും വ്യവസായത്തിനകത്ത് കുഴപ്പങ്ങൾ സൃഷ്ടിക്കാൻ തുടങ്ങി. കൂടാതെ അസോസിയേഷനെതിരായും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായും അവർ വിമർശനങ്ങളഴിച്ചുവിട്ടു. ഒരേസമയം ഈ രണ്ടു നീക്കങ്ങളേയും എതിർത്ത് പരാജയപ്പെടുത്തി വേണമായിരുന്നു സംഘടനയ്ക്ക് മുന്നേറാൻ. ട്രാൻ. കോർപ്പറേഷനിലെ ട്യൂബ് പർച്ചേസിങ്ങിനെ സംബന്ധിച്ച് ആലുവ റീജണൽ വർക്ക്ഷോപ്പിൽനിന്നും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ 7–7–88 ന് നാം എം.ഡി.ക്ക് കത്ത് നൽകുകയുണ്ടായി. സ്പീഡ്‌വേ ഓട്ടോമൊബൈൽസ് എന്ന എറണാകുളത്തെ സ്ഥാപനത്തിൽ നിന്നും വാങ്ങിയ ട്യൂബുകളിൽ ഭൂരിപക്ഷവും ഉപയോഗശൂന്യമായവയും വില കൂടുതലുള്ളവയുമായിരുന്നുവെന്ന് നമുക്ക് ബോദ്ധ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിലാണ് പരാതി നൽകിയത്. എന്നാൽ കേവലം രണ്ടായിരം ട്യൂബുകൾ വാങ്ങിയതിലുണ്ടായ ഒരു കൊച്ച് അഴിമതിയെന്നുമാത്രമേ നാം ആദ്യം ഇതിനെക്കുറിച്ച് മനസ്സിലാക്കിയുള്ളു. കൂടുതൽ അന്വേഷണത്തിൽ ഇത്തരത്തിൽ 62 ലക്ഷം രൂപയുടെ ട്യൂബുകൾ വാങ്ങിക്കൂട്ടിയതായി മനസ്സിലാക്കാൻ കഴിഞ്ഞു. ട്യൂബ് കുംഭകോണം സംബന്ധിച്ച ആരോപണങ്ങൾ അന്വേഷിക്കാൻ മെക്കാനിക്കൽ എഞ്ചിനിയർ ശ്രീ. ഡി. രാജനെ 17–11–88ൽ നിയമിച്ചുകൊണ്ടുത്തരവിറക്കി. ആദ്യം നാം ഉന്നയിച്ച ആരോപണങ്ങളെ നിഷേധിക്കാനും പിന്നീട് അവയെ വെള്ളപൂശി രക്ഷപ്പെടാനുമാണ് മാനേജുമെൻറ് ശ്രമിച്ച

തെങ്കിലും 17–10–88 മുതൽ സെൻട്രൽ വർക്ക്സിൽ ഈ തീവെട്ടിക്കൊള്ളക്കെ തിരെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് മുദ്രാവാക്യം വിളിയും പ്രക്ഷോഭണ വും ആരംഭിച്ചപ്പോഴാണ് ശ്രീ. ഡി. രാജനെ അന്വേഷണോദ്യോഗസ്ഥനായി നിയമിച്ച ഉത്തരവിറക്കിയത്. ആരോപണം ഉന്നയിച്ച അവസരത്തിൽതന്നെ ആലുവ റീജണൽ വർക്ക്ഷോപ്പിലെ ഒരു അസി: വർക്ക്സ്മാനേജരക്കൊണ്ട് അന്വേഷണം നടത്തിച്ച് നാം ഉന്നയിച്ച ആരോപണം സത്യവിരുദ്ധമാണെന്നു സ്ഥാപിക്കാൻ ഒരു ശ്രമം നടത്തിയിരുന്നു.

ആരോപണ വിധേയമായ ട്യൂബുകൾ ഉപയോഗിക്കാതെ തിരിച്ചയക്കു ന്നതിനുപകരം സൂത്രത്തിൽ അവ യൂണിററുകളിലെത്തിച്ച് ഉപയോഗിച്ചതാ യി വരുത്തിത്തീർക്കാനുള്ള ശ്രമവും മാനേജുമെൻറ് നടത്തി. സെൻട്രൽ വർ ക്സിലെ നമ്മുടെ സഖാക്കൾ ഈ ശ്രമത്തെ ചെറുത്തുതോൽപ്പിച്ചു. അതേസ മയം യൂണിററുകളിൽവന്ന ട്യൂബുകളിൽ ഉപയോഗശൂന്യമായവയെ സംബ ന്ധിച്ച വിശദവിവരങ്ങൾ H O യിൽ അറിയിക്കണമെന്ന ആഹ്വാനം ഒട്ടമിക്ക യൂണിററുകളും വേണ്ടത്ര ഗൗരവത്തിൽ ചെവിക്കൊണ്ടില്ല. അതുകൊണ്ട് ഇക്കാ ര്യത്തിൽ കോർപ്പറേഷൻെറ രേഖകളേയും വിശദീകരണങ്ങളെയുംമാത്രം ആശ്ര യിക്കേണ്ട സ്ഥിതിയിലായി. മാനുഫാക്ചറിംഗ് ഡിഫക്ടുള്ള എല്ലാ ട്യൂ ബുകളും തിരിച്ചയക്കാൻ അസോസിയേഷൻ ആഹ്വാനംചെയ്തതിൻെറകൂടി അടിസ്ഥാനത്തിൽ നൂറുകണക്കിനു ട്യൂബുകൾ ചീഫ് സ്റ്റോറിലേക്ക് തിരി ച്ചെത്തി.

ട്യൂബിൻെറ കാര്യത്തിൽ മാത്രമായിരുന്നില്ല ആരോപണങ്ങൾ ഉണ്ടായി രുന്നത്. ഹെലോജൻ ലാമ്പ് വാങ്ങിയവകയിലും വൈപ്പർ മോട്ടോർ വാ ങ്ങിയഇനത്തിലും എം.എസ്. റൗണ്ട്, എം.എസ്. ആംഗിൾ ഇത്യാദി വാ ങ്ങിയകൂട്ടത്തിലും Gajra Babel, Ramon & Demon എന്നീ കമ്പനികളിൽ നിന്നും ക്രൗൺ വീലും വിനിയനും വാങ്ങിയതിലും അഴിമതികൾ നടന്നതായി തെളിഞ്ഞു. താഴ്ന്ന ഗുണനിലവാരമുള്ള ബാററികൾ വാങ്ങി ലക്ഷക്കണ ക്കിനു രൂപ കോർപ്പറേഷനെ വഞ്ചിച്ചതിലും പെയിൻറ് കച്ചവടത്തിലൂടെ ലക്ഷക്കണക്കിനു രൂപ തട്ടിയെടുത്ത കാര്യങ്ങളും നാം അന്വേഷണത്തിലൂടെ കണ്ടുപിടിച്ചു. ഇത്തരം അഴിമതികൾക്കെതിരെ ശക്തിയായ നടപടികൾ എടുക്കണമെന്ന് നാം ആവശ്യമുയർത്തിയതോടെ സത്യസന്ധതയുടെ മുഖാവര ണമണിഞ്ഞ മുകുന്ദൻ മേനോൻ എന്ന എം. ഡി. ഇതര സംഘടനകളുടെ സഹാ യത്തോടെ തൊഴിലാളികളുടെ ശ്രദ്ധ മറെറാരു വഴിയിലേക്ക് തിരിച്ചുവിടാൻ ശ്രമം ആരംഭിച്ചു. ഇതിൻെറ ഭാഗമാണ് എറണാകുളം കേന്ദ്രമാക്കി OSF നട ത്തിയ സമരങ്ങൾ. ആക്ഷൻ കൗൺസിൽകാരും ഈ അവസരത്തിൽ ഒന്നു രണ്ട് ധർണ്ണകൾ നടത്തുകയുണ്ടായി. പ്രതിപക്ഷ രാഷ്ട്രീയ നേതാക്കളുടെ നിരന്തരസമര ആഹ്വാനവും ആക്ഷൻ കൗൺസിലുകാരുടെ സമരത്തിനു പ്രേരണയായിരുന്നു. പക്ഷേ ഇത്തരം സമരാഭാസങ്ങളെ ട്രാൻ. തൊഴിലാളി കൾ പൂർണ്ണമായും തള്ളിക്കളയുകയാണുണ്ടായത്. അസോസിയേഷനും INLC ക്കും ഒഴികെ ഒററ സംഘടനക്കും മാനേജുമെൻറിൽ നടക്കുന്ന അഴിമതികളെ

ക്കറിച്ച് ഒരാക്ഷേപംപോലുമുണ്ടായിരുന്നില്ല. അവരെല്ലാം ഇത്തരം പ്രശ്ന ങ്ങളെ അവഗണിക്കുകയും എം.ഡി.ക്കും മാനേജുമെൻറിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കുമെതിരെ അസോസിയേഷൻ തെളിവുസഹിതം ഉന്നയിച്ച ആരോപണങ്ങളെ അവഗണിക്കുകയും ചെയ്തു. റിപ്പോർട്ടിൽ മറെറാരിടത്തു് സൂചിപ്പിച്ചതുപോലെ ട്യൂബിനെ സംബന്ധിച്ച അന്വേഷണം നടത്താൻ നടപടിഎടുത്തെങ്കിലും അന്വേഷണത്തിൽ മായംചേർത്ത് അഴിമതിക്കാരെ രക്ഷപ്പെടുത്താനുള്ള ശ്രമമാണ് നടന്നതു്. അന്വേഷണോദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തി റിപ്പോർട്ട് തിരുത്തിയെഴുതാൻ നിരവധി ശ്രമങ്ങരം നടത്തിയെങ്കിലും (അഞ്ചു തവണ റിപ്പോർട്ട് മാററിയെഴുതാൻവേണ്ടി അന്വേഷണോദ്യോഗസ്ഥന് റിപ്പോർട്ട് തിരിച്ചുകൊടുത്ത വിവരം നാമറിഞ്ഞിരുന്നു) ട്യൂബ് വാങ്ങലിൽ ഉണ്ടായ ക്രമക്കേടുകരം കണ്ടതായിത്തന്നെ അന്വേഷണോദ്യോഗസ്ഥന്മാർ തറപ്പിച്ചുപറഞ്ഞു. ഈ സാഹചര്യത്തിലാണ് 25–1–89 ൽ ചേർന്ന അസോസിയേഷൻ സംസ്ഥാന കൗൺസിൽ നിറുത്തിവച്ച സമരം പുനരാരംഭിക്കാൻ തീരുമാനിച്ചു.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് വന്ന ശേഷം വ്യവസായത്തിനു് മൊത്തമുണ്ടായ പുരോഗതി തൻെറ വ്യക്തിപരമായ കണക്കിൽ എഴുതി ചേർക്കുകയും പോരായ്മകളുടെ കാരണക്കാർ തൊഴിലാളികളും സർക്കാരുമാണെന്നും പ്രചരിപ്പിക്കുകയും ചെയ്യുന്ന മാനേജിംഗ് ഡയറക്ടർ തൻെറ സങ്കുചിത രാഷ്ട്രീയ ധാരണകരംക്ക് അടിസ്ഥാനമായി നടത്തിയ ശ്രമങ്ങരം വ്യവസായത്തെ പുറകോട്ടടിക്കാൻ തുടങ്ങിയത് ഈ സാഹചര്യത്തിലാണ് പ്രതിപക്ഷ രാഷ്ട്രീയക്കാരുടെ ചട്ടുകമായി ശ്രീ. മുകുന്ദൻ മേനോൻ പ്രവർത്തിക്കാൻ തുടങ്ങിയതോടു കൂടി തന്നെ ചീഫാഫീസ് മുതൽ യൂണിററാഫീസു വരെയുള്ള ഭരണം താറുമാറായി. ആവശ്യമായ ഉപകരണങ്ങളില്ലാതെ ഗുണനിലവാരം കുറഞ്ഞവ ഉപയോഗപ്പെടുത്തുന്നതിനാലും ബോഡി ബിൽഡിംഗ് മുതൽ ഡെയ്ലി മെയ്ൻറനൻസ് വരെ താളം തെററിയ നിലയിലേക്ക് നീങ്ങി.

പൂർവകാല രാഷ്ട്രീയത്തിൻെറയും യൂണിയൻ പശ്ചാത്തലത്തിൻെറയും പേരിൽ വിവേചനപൂർവം കീഴ്ജീവനക്കാരായ ആഫീസർമാരോട് പെരുമാറിയതിനാൽ അവരുടെ ആത്മവീര്യം നഷ്ടപ്പെട്ടു. അഴിമതിവിരുദ്ധ പ്രസംഗങ്ങരം കൊണ്ട് സംശുദ്ധ വ്യക്തിത്വത്തിൻെറ പുകമറ സൃഷ്ടിക്കാൻ എം. ഡി. ശ്രമിച്ചു എങ്കിലും പല ഇടപാടുകളിലും അദ്ദേഹത്തിൻെറ നിലപാടു പോലും സ്വന്തം വ്യക്തിത്വത്തിനു് കളങ്കം ചാർത്തുന്നവയായിരുന്നു. വിവിധ ചർച്ചാവേദികളിൽ വച്ച് അംഗീകരിച്ച് നടപ്പാക്കാമെന്നേററിരുന്ന പല ധാരണകളും നടപ്പാക്കിയില്ലെന്നു മാത്രമല്ല, ബഹുമാനപ്പെട്ട ട്രാൻ. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വച്ച് എടുത്ത തീരുമാനങ്ങരം പോലും നടപ്പാക്കാനുള്ള വൈമനസ്യമാണ് എം. ഡി. കാണിച്ചതു്. ട്രാൻ. കോർപ്പറേഷൻെറ വരുമാനം ഈ കാലയളവിൽ വർദ്ധിച്ചു എന്നതു് നിഷേധിക്കുവാൻ കഴിയില്ല. അതേ സമയം ഉണ്ടായ നേട്ടങ്ങരം പെരുപ്പിച്ച് കാണിച്ച് വ്യവസായം ലാഭത്തിലായി

എന്ന പ്രചരണം യഥാർത്ഥത്തിൽ വ്യവസായത്തെ സഹായിക്കുകയല്ല ചെയ്യുന്നതു്. ഒരു ഭാഗത്ത് വ്യവസായം ലാഭകരമാണെന്നു് പറയുകയും മറുഭാഗത്ത് പ്രോവിഡൻറ് ലോൺ കൊടുക്കാൻ പോലും കാശില്ലാതെ നട്ടം തിരിയുകയും ചെയ്യുന്ന പരിതസ്ഥിതി ലാഭ പ്രചരണം തൊഴിലാളികളിൽ പുച്ഛമാണ് ഉളവാക്കിയത്.

ഇതുപോലെ തൊഴിലാളികളെ വളരെയധികം ആശയ കുഴപ്പത്തിലാക്കാൻ ഇടയാക്കിയ മറെറാന്നാണ് അവധി ഏകീകരണ പ്രശ്നം. ട്രാൻ. കോർപ്പറേഷനിൽ കഴിഞ്ഞ 22 വർഷമായി പരിഹരിക്കാതെ നീറിപുകഞ്ഞു കിടക്കുന്ന ഈ പ്രശ്നത്തിൻമേൽ ഉടനടി ഒരു തീരുമാനത്തിലെത്തണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് OSF കാർ ആരംഭിച്ച നിരാഹാര സമരത്തിന് പ്രത്യക്ഷത്തിൽ തൊഴിലാളികൾ പിന്തുണയേകിയില്ലെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരും വലതുപക്ഷ മുന്നണി സർക്കാരിൻെറ സ്വഭാവത്തിലുള്ളതാണെന്നുള്ള പ്രചരണത്തിന് ആക്കം കൂട്ടി എന്നാൽ മുൻ സർക്കാരിൽ നിന്നും വ്യത്യസ്ഥമായി ഈ പ്രശ്നത്തോട് അനുഭാവപൂർണ്ണമായ സമീപനമാണ് ഈ സർക്കാർ കൈക്കൊണ്ടതു്. താമസംവിനാ അവധി ഏകീകരണ പ്രശ്നത്തിനൊരു പരിഹാരം കണ്ടെത്താമെന്നു് ട്രാൻ. വകുപ്പുമന്ത്രി ഉറപ്പു തരികയുണ്ടായി. അവധി ഏകീകരണ പ്രശ്നത്തിലുള്ള O S F കാരുടെ കള്ളക്കളി വെളിപ്പെടുത്താനും അസോസിയേഷൻ ഈ ഡിമാൻറ് നേടിയെടുക്കുന്നതിനുവേണ്ടി നടത്തിയതും നടത്തുന്നതുമായ കാര്യങ്ങൾ വിശദീകരിക്കാനും പ്രചരണ പ്രക്ഷോഭണ പരിപാടി അനിവാര്യമാണെന്ന സ്ഥിതിയും വന്നു ചേർന്നു്. ഈ സാഹചര്യത്തിൽ വ്യവസായത്തെ സംരക്ഷിക്കാനും വ്യവസായത്തിനകത്തെ അഴിമതികളെ തുറന്നു കാട്ടാനും തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരാനും പ്രക്ഷോഭണമല്ലാതെ മറെറാരു മാർഗമില്ലെന്ന സ്ഥിതിയും വന്നു ചേർന്നു. സംസ്ഥാന കൗൺസിൽ എടുത്ത തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ 2-2-1989 മുതൽ 7-2-1989 വരെ പ്രയാണം നടത്തുന്ന രണ്ടു ജാഥകൾ ഒന്നു് പ്രസിഡൻറിൻെറ നേതൃത്വത്തിൽ കാസർകോട്ടു നിന്നും മറെറാന്നു് ജനറൽസെക്രട്ടറിയുടെ നേതൃത്വത്തിൽ വയനാട്ടിൽ നിന്നും യാത്ര തിരിച്ചു. ഈ ജാഥകളിൽ സഖാക്കൾ സി. ജെ. ജോസഫ്, സൂസൈ ആൻറണി, ടി. വി. സാമുവൽ, ടി. ദാസൻ, വി. പ്രഭാകരൻ എൻ. വി. തമ്പുരാൻ എന്നീ സഖാക്കൾ പങ്കെടുത്തു. കാസർഗോട്ടുനിന്നുള്ള ജാഥ സ: എം. രാമണ്ണറൈയും വയനാട്ടിൽ നിന്നുള്ള ജാഥ സ: പി. കുഞ്ഞിക്കണ്ണനും ഉൽഘാടനം ചെയ്തു. ജാഥകൾ പൊതുവെ വിജയകരമാണെന്നു പറയാമെങ്കിലും നാമുയർത്തുന്ന മുദ്രാവാക്യങ്ങളുടേയും രാഷ്ട്രീയ സാഹചര്യത്തിൻെറയും പ്രാധാന്യം പല യൂണിററുകളും പൂർണ്ണമായി ഉൾക്കൊണ്ടു എന്നു പറയാൻ കഴിയില്ല. തൃശ്ശൂർ യൂണിറെറാഴികെയുള്ള ഇതര യൂണിററുകളിലെ സ്വീകരണം മാനന്തവാടിയിൽ നിന്നാരംഭിച്ച ജാഥയെ സംബന്ധിച്ചിടത്തോളം പൊതുവെ തൃപ്തികരമായിരുന്നു. അതേ സമയം കാസർഗോട്ടുജാഥക്കു് എറണാകുളത്തിനുശേഷമുള്ള

സ്വീകരണങ്ങൾ പലതും തണുപ്പനായിരുന്നു. തെക്കൻ ജില്ലകളിലെ പല യൂണിററുകളും സ്വീകരണ പരിപാടി കേവലം ഔപചാരികതയിൽ ഒതുക്കിതീർക്കുകയാണ് ചെയ്തതു്. പല യൂണിററുകളും ഇതര സഹോദര–ടി. യു. വർഗ ബഹുജന സംഘടനകളെ ജാഥാ സ്വീകരണത്തിനു് ക്ഷണിക്കുകപോലും ചെയ്തില്ല. പുറമെനിന്നു് കാണുന്ന ഒരാൾക്കു് ജാഥാപരിപാടികൾ വിജയകരമാണെന്നു് തോന്നാമെങ്കിലും സ്വയംവിമർശനപരമായി പരിശോധിച്ചാൽ നല്ലൊരു ശതമാനം യൂണിററുകളും സ്വീകരണയോഗങ്ങളിൽ തൊഴിലാളികളെ ബോധപൂർവം പങ്കെടുപ്പിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായതു്. പ്രാദേശിക അവധി—അവധി ഏകീകരണം തുടങ്ങിയ പ്രശ്നങ്ങളിൽ ഉടനടി തീരുമാനമെടുപ്പിക്കാൻ കഴിയാത്തതു് മൂലമാണ് ആളുകളെ പങ്കെടുപ്പിക്കാൻ കഴിയാത്തതെന്നാണ് ഒരു വാദം. മറെറാരുവാദമാണെങ്കിൽ ഇടതുപക്ഷജനാധിപത്യമുന്നണി നിലനിൽക്കുമ്പോഴും സമരം വേണമോ എന്ന സംശയമാണ് തൊഴിലാളികളെ പരിപാടികളിൽ പങ്കെടുക്കുന്നതിൽ വിമുഖരാക്കുന്നതു് എന്നാണ്. സംഘടന, തൊഴിലാളികളുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നതും അവ നേടിയെടുക്കുന്നതും തൊഴിലാളികളെ ഡിമാൻറുകൾ പഠിപ്പിച്ചും അവരെ അണിനിരത്തിയുമാണ്. OSF മുതൽ AITUC വരെയുള്ള സംഘടനകൾ തൊഴിലാളികളുടെ ഇടയിൽ സജീവമായി നിലനിൽക്കുന്ന ഡിമാൻറുകൾ പൊക്കിപിടിച്ചുകൊണ്ടു് ആശയക്കുഴപ്പം സൃഷ്ടിക്കുകയും സർക്കാരിനേയും അംഗീകൃതതൊഴിലാളിസംഘടനയേയും അപകീർത്തിപ്പെടുത്താൻ അസത്യങ്ങളും അർദ്ധസത്യങ്ങളും അടങ്ങുന്ന പ്രചരണം നടത്തുകയും ചെയ്യുമ്പോൾ, തൊഴിലാളികൾക്കു് സത്യമേതു് മിഥ്യയേതു് എന്നു് തിരിച്ചറിയാൻ നാം നടത്തുന്ന പ്രചരണങ്ങളിലൂടെ മാത്രമേ കഴിയുകയുള്ളു. ഇതിനുള്ള സാദ്ധ്യതയാണ് ചില യൂണിററുകളുടെ അശ്രദ്ധാപൂർവമായ പ്രവർത്തനങ്ങൾകൊണ്ടു ഇല്ലാതായതു്.

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഭരിക്കുന്നതുകൊണ്ടു് പ്രക്ഷോഭസമരങ്ങൾക്കു് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന നിലപാടു് ചില തെററിദ്ധാരണകൊണ്ടുണ്ടായതാകാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽവന്നു എന്നതുകൊണ്ടുമാത്രം ജനങ്ങളുടെ മുഴുവൻ ഡിമാൻറുകളും പരിഹരിക്കപ്പെടും എന്ന പ്രതീക്ഷ നമുക്കുണ്ടായിക്കൂടാ. തൊഴിലാളികളുടെ ദൈനംദിന ആവശ്യങ്ങൾവെച്ചുകൊണ്ടുള്ള പ്രക്ഷോഭണങ്ങൾ നടത്തുമ്പോൾ തന്നെ, അവ മൊത്തം ജനങ്ങളുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളുടെ അനുപൂരകവുമായിരിക്കേണ്ടതാണ്. അതേസമയം തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം ഉപേക്ഷിക്കുക എന്നസമീപനം അവരെ അവസരവാദ ട്രേഡ് യൂണിയൻ നേതാക്കളുടെ കൈകളിലേക്കു് എറിഞ്ഞുകൊടുക്കുന്നതിനു് തുല്യമായിരിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണി നേതാക്കൾ മന്ത്രിമാരായതുകൊണ്ടുമാത്രം ഭരണകൂടത്തിൻെറ വർഗസ്വഭാവത്തിനു് മാററംവരുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി നേതാക്കൾ അഴിമതിക്കാരല്ല എന്നതുകൊണ്ടുമാത്രം ഭരണരംഗത്തെ അഴിമതികൾ നിശേഷം ഇല്ലാതാവുന്നുമില്ല. ചർച്ചചെയ്തു് നടപ്പാക്കാമെന്നു് തീരുമാനിച്ച കാര്യങ്ങൾപോ

ല്ലം നടപ്പാക്കാതിരിക്കുന്നതിനുള്ള താല്പര്യം ഇപ്പോഴും മാനേജുമെൻറിലെ ഉന്നതർ കാണിക്കുന്നുണ്ട്. അവർ ശീലിച്ചുവന്ന പരമ്പരാഗത ശൈലിയിൽനിന്നും വ്യതിചലിക്കാനുള്ള വൈമനസ്യം മാത്രമേ അതിന് പ്രേരകമായുള്ളു. ഈ സാഹചര്യത്തിൽ പ്രക്ഷോഭപ്രചാരണങ്ങൾ അനിവാര്യമായിവരുന്നഘട്ടത്തിൽ അതിന് തയ്യാറാകാതിരിക്കുന്നതു് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാക്കുക.

വാഹനജാഥയുടെ സമാപനംകുറിച്ചുകൊണ്ടു് 8–2–89 ന് നടന്ന ചീഫ് ആഫീസ് മാർച്ചും ധർണയും വമ്പിച്ച വിജയമായിരുന്നു. തിരുവനന്തപുരം റവന്യൂ ജില്ല കേന്ദ്രീകരിച്ചുള്ള പ്രകടനമാണ് സംഘടിപ്പിച്ചിരുന്നതു് എങ്കിലും 1500–ഓളം തൊഴിലാളികൾ ധർണയിൽ പങ്കെടുത്തു. അടുത്തഘട്ടം എന്ന നിലയ്ക്കു് യൂണിററുതല ധർണ ഫെബ്രുവരി 16 മുതൽ ആരംഭിക്കാൻ തീരുമാനിച്ചിരുന്നതെങ്കിലും OSFൻെറ നേതൃത്വത്തിൽ പ്രതിപക്ഷ ടേഡ് യൂണിയനുകളുടെ സഹായത്തോടെ അവധി ഏകീകരണമെന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടു് 16–ാംതീയതിതന്നെ അവർ ഒരു പണിമുടക്കിന് തീരുമാനമെടുത്തു. അതുകൊണ്ടു് യൂണിററുതല അനിശ്ചിതകാല ധർണ 20–2–89ന് മാററിവെച്ചു. ഉടനടി OSFഉം പണിമുടക്കു് 20-ാം തീയതിയിലേക്കു് മാററിവച്ചു. പക്ഷേ ഇതിനകംതന്നെ പ്രതിപക്ഷ ട്രേഡ് യൂണിയനുകൾ പണിമുടക്കു് തീരുമാനത്തിൽനിന്നും ഒളിച്ചോടി. 20–2–89ന് അനിശ്ചിതകാല ധർണ ആരംഭിച്ചു. ചുരുങ്ങിയതു് രണ്ടാഴ്ചത്തേക്കെങ്കിലുമുള്ള വാളണ്ടിയർമാരെ കമ്മററി–ജനറൽ ബോഡികൾചേർന്ന് റിക്രൂട്ട്ചെയ്യണമെന്നും അസോസിയേഷൻെറ എല്ലാ അംഗങ്ങളെയും ഏതെങ്കിലുമൊരു ദിവസമെങ്കിലും ധർണയിലെ പങ്കാളികളാക്കണമെന്നും തീരുമാനമെടുത്തു. എന്നാൽ സംസ്ഥാന കൗൺസിലിൻെറ ഈ നിർദ്ദേശം പ്ലാൻചെയ്തു് പ്രവർത്തനം നടത്തിയ യൂണിററുകളിൽ ധർണ വിജയമായിരുന്നെങ്കിലും ചീഫാഫീസടക്കമുള്ള പല യൂണിററുകളും യാന്ത്രികമായാണ് തീരുമാനം നടപ്പാക്കിയതു്. മാനേജുമെൻറിൻെറ ശ്രദ്ധ ഏററവുംകൂടുതൽ ഉണ്ടാക്കാൻകഴിയുന്ന ചീഫാഫീസിലടക്കംധർണ വിജയിപ്പിക്കുന്നതിൽ കാണിച്ച അലംഭാവം സ്വയം വിമർശനബുദ്ധ്യാ പരിശോധിക്കേണ്ടതുണ്ടു്. ചർച്ചയിൽ പങ്കെടുത്തു് സംസാരിക്കുന്ന സഖാക്കൾ, സമരപ്രചരണ വാഹനജാഥ, അനിശ്ചിതകാലധർണ, ചീഫാഫീസ് ധർണ എന്നിവ വിജയപ്പിക്കുന്നതിലുണ്ടായ ജയാപജയങ്ങൾകൂടി വിലയിരുത്തേണ്ടതാണ്. ചീഫാഫീസ് ധർണയാരംഭിച്ച് ആറുദിവസം പിന്നിട്ടപ്പോൾ, മാനേജിംഗ് ഡയറക്ടർ അസോസിയേഷൻ പ്രതിനിധികളെ ചർച്ചയ്ക്കു് വിളിച്ചു. 25–2–89ന് നടന്ന ചർച്ചകളിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

1) മെഡിക്കൽ ഗ്രൗണ്ടിലല്ലാതെ 15 ദിവസത്തിൽ കൂടുതൽ LWA എടുക്കുന്ന ജീവനക്കാരുടെ അവധിക്കാലം ഗ്രേഡ് പ്രമോഷന് അർഹമായകാലമായി (ക്വാളിഫയിംഗ് സർവീസ്) കണക്കാക്കുന്നതാണ്. 21–8–84 നുമ്പ് വിദേശത്തു് ജോലിക്കുപോയവർക്കും സസ്പെൻഷൻ കാലയളവ് ആർജിത അവധിയായി പരിഗണിക്കുമ്പോൾ ഉണ്ടാകാവുന്ന LWA ഉള്ളവർക്കും ഈ തീരുമാനംമൂലം ഗുണം ലഭിക്കും.

2) 2–2–87നുശേഷം ക്വാളിഫൈചെയ്യ് അർഹതനേടിയ സ്പെഷ്യൽ പേ/അലവൻസുകൾ എന്നിവ സംരക്ഷിക്കുന്നതാണ്.

3) മെക്കാനിക്കൽ ജീവനക്കാരുടെ ഡെയിലി വേജസ് കാലംകൂടി ഗ്രേഡ്പ്രമോഷന് പരിഗണിക്കുക, ഭാവി തീയതിയിലേക്ക് ഓപ്ഷൻ നൽകുകയും പ്രസ്തുത തീയതിക്കുമുമ്പായി ഗ്രേഡ്പ്രമോഷൻ ലഭിക്കുകയുംചെയ്യുന്നതുനിമിത്തം ഉണ്ടാകാവുന്ന സാമ്പത്തികനഷ്ടം ഇല്ലാതാക്കുക, സ്റ്റാഗ്നേഷൻ ഇംക്രിമെൻറിൽ ഓപ്ഷൻ അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ വിശദമായ ചർച്ചയ്ക്ക് വിഷയീഭവിച്ചു. അടുത്തുചേരുന്ന യോഗത്തിൽ ഇതിനെ സംബന്ധിച്ച തീരുമാനം കൈക്കൊള്ളും.

4) 16–8–88ൽ അഡീഷണലായി അനുവദിച്ച 30 സ്റ്റേഷൻമാസ്റ്റർതസ്തികകളിൽ 15 എണ്ണം മാത്രമാണ് ഇതുവരെ നൽകിയതു്. ശേഷിക്കുന്ന 15 എണ്ണം അടുത്ത ആഴ്ചയിൽതന്നെ നൽകാൻ ഉത്തരവിറക്കും.

5) ഒരു ജോഡി യൂണിഫോറത്തിൻെറ അലവൻസും തയ്യൽകൂലിയും ഉടനടി വിതരണം ചെയ്യും.

കഴിഞ്ഞ ചർച്ചകളിൽ എടുത്ത തീരുമാനങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ ഉത്തരവിറക്കിയതായികൂടി എം.ഡി. തദവസരത്തിൽ അറിയിച്ചു.

1) 11–11–88ലെ തീരുമാനമനുസരിച്ച് മെക്കാനിക്കൽ വിഭാഗത്തിലെ 90 ദിവസത്തെ ട്രെയിനിംഗ് പീരിയഡ് കഴിച്ചുള്ള കാലം ഗ്രേഡ് പ്രമോഷന് ക്വാളിഫയിംഗ് സർവീസായി കണക്കാക്കണം.

2) 31–4–84ൽ 12 മാസത്തെ സർവീസ് പൂർത്തിയാക്കിയ തസ്തികയിൽ കൺഫർമേഷൻ നൽകുകവഴി സീനിയറേക്കാൾ ശമ്പളം ജൂനിയർക്ക് ലഭിക്കുന്നതിനിടയാക്കി. അതുപോലെ 2–3–87നുശേഷം പ്രമോഷൻ ലഭിച്ച സ്റ്റേഷൻമാസ്റ്റർമാർക്ക് അതിനുമുമ്പ് പ്രമോഷൻ ലഭിച്ച സീനിയറേക്കാൾ ശമ്പളം ലഭിക്കുന്നുണ്ട്. ഇത്തരം കേസുകളിൽ ജൂനിയറുടെ ഉയർന്ന ശമ്പളം സീനിയർക്കും അതേ തീയതി മുതൽ വർദ്ധിപ്പിച്ചുനൽകാനുള്ള ഉത്തരവും ജനുവരിയിൽ പുറത്തിറക്കി.

3) പമ്പ് ഓപ്പറേററർ, ഗാരേജ്മസ്ദൂർ വിഭാഗങ്ങളെ ടെസ്റ്റിനുവിധേയമാക്കി മെക്കാനിക്ക് II ഗ്രേഡ്, വർക്ക് അസിസ്ററൻറ് തസ്തികകളിലേക്ക് മാററുന്നതിനുള്ള എഗ്രിമെൻറ് വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൻെറഭാഗമായി പമ്പ് ഓപ്പറേററർമാരുടെ ടെസ്റ്റ് നടത്തുന്നതിന് ലിസ്റ്റ്സമർപ്പിക്കാൻ സ്റ്റാഫ് ട്രെയിനിംഗ് സ്കൂൾ പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തി.

അസോസിയേഷൻ പ്രക്ഷോഭണത്തിൻെറ പാതയിൽ നീങ്ങിയപ്പോൾമാത്രമാണ് മാസങ്ങൾക്കുമുമ്പ് അംഗീകരിച്ച് തീരുമാനമെടുത്ത കാര്യങ്ങൾ നടപ്പാക്കാൻ തുടങ്ങിയതു്. ഉദാഹരണത്തിന് 30 സ്റ്റേഷൻമാസ്റ്റർ തസ്തിക അംഗീകരിച്ചിരുന്നെങ്കിലും അതു് പൂർണ്ണമായിനടപ്പിലാക്കിയതു് ഈ പ്രക്ഷോഭണ വേളയിലാണ്. അതുകൊണ്ടുതന്നെ അപരിഹാര്യമായി കിടക്കുന്ന ജീവ

നക്കാരുടെ പ്രശ്നങ്ങളും അഴിമതി ആരോപണങ്ങളിന്മേലുള്ള അന്വേഷണവും അവധി ഏകീകരണം തുടങ്ങിയ പ്രശ്നങ്ങളിൽകൂടി ഒരു തീർച്ചമൂർച്ച ഉണ്ടാകേണ്ടതുണ്ട്. പഴയ ഒത്തുതീർപ്പ്വ്യവസ്ഥകൾ നടപ്പിലാക്കാൻ തുടങ്ങിയതിനാൽ പ്രക്ഷോഭണംപിൻവലിക്കാവുന്നതാണെന്ന ചില സഖാക്കളുടെയുംയൂണിററുകളുടെയും അഭിപ്രായം അതുകൊണ്ടുതന്നെ പരിഗണിക്കപ്പെടാതെ കഴിഞ്ഞില്ല. എന്നാൽ 2–3–89 മുതൽ യൂണിററുതല ധർണ അവസാനിപ്പിച്ച് ചീഫ് ആഫീസ് നടയിലേക്ക് ധർണ മാററി ഈ ധർണയിൽ ചീഫ് ആഫീസ് തിരുവനന്തപുരംസെൻട്രൽ, സിററി, വികാസ്ഭവൻ, പേരൂർക്കട, സെൻടൽ വർക്സ്, പാപ്പനംകോഡ് ഡിപ്പോ, നെയ്യാററിൻകര, കാട്ടാക്കട, പൂവാർ, നെടുമങ്ങാട്, പാലോട്, കിളിമാനൂർ, പാറശാല, ആററിങ്ങൽ,വിഴിഞ്ഞം കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ, കായംകുളം, കൊല്ലം, പത്തനംതിട്ട അടൂർ, ചെങ്ങന്നൂർ, പന്തളം, തിരുവല്ല, ചങ്ങനാശേരി, ഹരിപ്പാട്, മാവേലിക്കര, മാവേലിക്കര R/W, ആലപ്പുഴ, ചേർത്തല, എറണാകുളം എന്നീ യൂണിററുകൾ പങ്കെടുക്കുകയുണ്ടായി. 50 മുതൽ 200 വരെ തൊഴിലാളികൾ ഓരോ ദിവസവും ധർണയിൽ പങ്കെടുത്തു. ചീഫാഫീസ്തല ധർണ പൊതുവെ പറഞ്ഞാൽ വമ്പിച്ച വിജയമായിരുന്നു. 28–2–89നും മാനേജുമെൻറുമായി ചർച്ച തുടരുകയുണ്ടായി. അന്നത്തെ ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനങ്ങളാണ് കൈക്കൊണ്ടതു്.

1 ഭാവി തീയതിയിലേക്ക് ഓപ്ഷൻ നൽകുന്ന ജീവനക്കാരന് സമയാധിഷ്ഠിത ഗ്രേഡ് പ്രൊമോഷൻ നൽകുമ്പോൾ സാമ്പത്തിക നഷ്ടം നേരിടുന്നതായാൽ, അങ്ങനെയുണ്ടാകുന്ന കുറവുവരുന്ന സംഖ്യ അബ്സല്യൂട്ട് ഓപ്ഷൻ തീയതിവരെ പ്രൊട്ടക്ട് ചെയ്തു നൽകും.

2 40 ഇന ആവശ്യങ്ങളിൻമേൽ തീരുമാനമുണ്ടായിട്ടും നടപ്പിലാക്കാതെ ശേഷിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ടുചെയ്യാൻ IRM നെ ചുമതലപ്പെടുത്തി.

3 പ്രതിമാസ കോൺഫറൻസ് തീരുമാനങ്ങളിലെ നടപ്പിലാക്കാത്തവ സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കാൻ CLO യെ ചുമതലപ്പെടുത്തി. 8–3–89 ന് ഈ വിഷയങ്ങളിൽ തീരുമാനമെടുക്കും.

4 ടയർ ട്യൂബ് വാങ്ങലുകളിലെ ആരോപണങ്ങളെ സംബന്ധിച്ച M.E. ശ്രീ രാജൻെറ റിപ്പോർട്ട വിശദമായ അന്വേഷണം നടത്തുന്നതിനായി സർക്കാരിലേക്ക് അയച്ചു കഴിഞ്ഞു.

5 ഹരിജന വർഷത്തിൽ (1985) ജോലിചെയ്തിരുന്ന താൽക്കാലിക ജീവനക്കാരായ പട്ടിക ജാതി/പട്ടികവർഗത്തിൽപ്പെട്ടവരെ (ഡ്രൈവർ, കണ്ടക്ടർ തുടങ്ങിയ) 240 ഡ്യൂട്ടി തികഞ്ഞ മുറക്ക് മുൻകാല പ്രാബല്യത്തോടെ സർവീസിൽ സ്ഥിരപ്പെടുത്തും.

6 കോർപ്പറേഷൻെറ അഡ്വൈസ് ലിസ്റ്റിൽ അവശേഷിക്കുന്ന നിത്യക്കൂലിയിൽ തുടരുന്ന 9 ഗ്യാരേജ് മസ്ദൂർമാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തും.

7 കൺസററ്റൻറിനെ നിയമിച്ചതും, വയനാട്ടിലടക്കം യാത്രാപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സർവീസ് പുനഃക്രമീകരണം നടത്താനുള്ള നിർദ്ദേശം നടപ്പിലാക്കാത്തതും തെററായിപ്പോയെന്ന് എം. ഡി. യും സമ്മതിച്ചു. (6½ മണിക്കൂർ ഡ്യൂട്ടി ഇല്ലെന്നു പറഞ്ഞ് മാററിവെച്ചതായിരുന്നു ഇവ)

ഈ തീരുമാനങ്ങളെല്ലാം ഉണ്ടായെങ്കിലും, മൗലികമായ പല പ്രശ്നങ്ങളിലും ഇനിയും തീരുമാനമുണ്ടാകേണ്ടതുള്ളതുകൊണ്ടാണ്, നാമരം ചീഫ് ആഫീസ് നടയിലേക്ക് മാററിയത്. സമരം തുടരുമ്പോഠം തന്നെ ചർച്ചകഠം നടക്കുകയും ഒത്തുതീർപ്പുവ്യവസ്ഥകഠംക്കനുസൃതമായ ഉത്തരവുകഠം പുറത്തിറക്കുകയും ചെയ്തിരുന്നത് പുതിയ അനുഭവമായിരുന്നു. വലതുപക്ഷമുന്നണിയുടെ ഭരണകാലത്ത് സമരമാണെങ്കിൽ ചർച്ചയില്ല എന്ന സമീപനമായിരുന്നല്ലോ കൈക്കൊണ്ടിരുന്നത്. മാനേജ്മെൻറിനെക്കൊണ്ട് അനുകൂലമായി കുറെ ഉത്തരവുകഠം ഇറക്കിക്കാൻ കഴിഞ്ഞുഎങ്കിലും വ്യവസായത്തെ സംബന്ധിച്ചുള്ള ചില നയപരമായ പ്രശ്നങ്ങഠംക്ക് സർക്കാർ തലത്തിൽ മാത്രമേ പരിഹാരം കണ്ടെത്താൻ കഴിയൂ. അതുകൊണ്ടുതന്നെ സമരത്തിന്നാധാരമായ പ്രശ്നങ്ങഠം ട്രാൻ: വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് തീരുമാനത്തിലെത്തുന്നതുവരെ സമരം തുടരാൻ തന്നെയാണ് തീരുമാനിച്ചത്. 8-3-89 ന് നാം പുറത്തിറക്കിയ ഒരു പ്രസ്താവനയിൽ സർക്കാർ സമരത്തിലിടപ്പെട്ട് ഒത്തുതീർപ്പുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടു. സംഘടനയുടെ പ്രസിഡൻറ്, ട്രാൻ: വകുപ്പുമന്ത്രിക്ക് നൽകിയ കത്തിലും ഈ ആവശ്യമുന്നയിച്ചു, 14-3.89 ന് ട്രാൻ: വകുപ്പുമന്ത്രി നമുക്ക് നൽകിയ കത്തിൻെറ അടിസ്ഥാനത്തിൽ 15-3-89 ന് മന്ത്രിതലത്തിൽ അനുരഞ്ജനയോഗം വിളിച്ചുചേർക്കപ്പെട്ടു. മന്ത്രിതല ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങളാണ് കൈക്കൊണ്ടത്.

1 അഴിമതിയെക്കുറിച്ച് അന്വേഷണം

അസ്സോസിയേഷൻഉന്നയിച്ച അഴിമതിആരോപണങ്ങഠം സമഗ്രമായി അന്വേഷിക്കാൻ ഫൈനാൻസ് വകുപ്പിലെ വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തി ഉത്തരവായി. ട്യൂബ് കുംഭകോണത്തെക്കുറിച്ചും അന്വേഷണ ഉത്തരവിട്ടു. ചീഫാഫീസ് കെട്ടിട നിർമ്മാണത്തിലുണ്ടായ അഴിമതികഠം വിശദമായിഅന്വേഷിക്കാൻ വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തി എന്നുമാത്രമല്ല പ്രാഥമികറിപ്പോർട്ടിൽ എടുത്തുപറഞ്ഞനഷ്ടം കോൺട്രാക്ടറിൽനിന്നു തിരിച്ചുപിടിക്കാൻ ഉത്തരവിടുകയുംചെയ്തു.

സ്പെയർപ്പാർട്ടു കുംഭകോണവും അന്വേഷണവിധേയമാക്കുന്നതാണ്. (ഇക്കാര്യത്തിൽ അസ്സോസിയേഷൻ ഉന്നയിച്ച മുദ്രാവാക്യങ്ങളെ പരിഹസിച്ചവർക്കേററ ഒരാഘാതം കൂടിയാണ് ഈ സർക്കാർ തീരുമാനം)

2 അവധി ഏകീകരണം — തീരുമാനം 3 മാസത്തിനകം

കഴിഞ്ഞ 24 വർഷമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന മുദ്രാവാക്യം സാധി

തപ്രായമാകുമെന്നു് ഉറപ്പായി. അവധി ഏകീകരണത്തെ സംബന്ധിച്ച് മൂന്നുമാസങ്ങൾക്കകം തീരുമാനത്തിലെത്താമെന്നു് സമ്മതിച്ചു കഴിയുന്നതും വേഗം അവധി ഏകീകരിക്കുകയെന്നതാണ് ഗവൺമെൻറിൻെറ താൽപ്പര്യമെന്നും ട്രാൻസ്പോർട്ടുമന്ത്രി പറയുകയും അക്കാര്യത്തിൽ ഗവൺമെൻറുതലത്തിൽ നടന്ന നടപടികൾ വിശദീകരിക്കുകയും ചെയ്തു. അസ്സോസിയേഷൻ മുന്നോട്ടുവച്ച ഈ മുദ്രാവാക്യം നടപ്പാക്കുന്നതിൽ ഒരു തീരുമാനവും തീർച്ചയും ഉണ്ടാകണമെന്ന് മുൻകൂട്ടി കണ്ടുകൊണ്ടുതന്നെയാണ് പ്രക്ഷോഭണം അൽപ്പം നീണ്ടുപോകാൻ കാരണമെന്നുകൂടി സഖാക്കൾ ഓർമ്മിക്കുമല്ലോ. പ്രാദേശിക അവധി പ്രശ്നത്തിലും താമസംവിനാ തീരുമാനമാകും.

3 ഇൻസെൻറീവ്

എല്ലാ തൊഴിലാളികൾക്കും ബാധകമായ ഒരു ഇൻസെൻറീവ് സ്ക്കീം നടപ്പിലാക്കാൻ ജൂൺ 15 നകം നിർദ്ദേശങ്ങൾ നൽകാൻ കോർപ്പറേഷന് നിർദ്ദേശം നൽകി.

4 ശമ്പള കുടിശിക

ഏപ്രിൽ 15 നു മുമ്പ് വിതരണം ചെയ്യാമെന്നേററു.

5 വയനാട്ടിലെ ഷെഡ്യൂൾമാററം

വയനാട്ടിലെ ഷെഡ്യൂൾ പുനഃക്രമീകരണത്തെക്കുറിച്ച് നമ്മുടെ നിർദ്ദേശവും പരിഗണിച്ചു പ്രാവർത്തികമാക്കുന്നതാണ്.

6 പർച്ചേസിംഗിൽ മാററം വരുത്താം

നിലവിലുള്ള പർച്ചേസിംഗ് സിസ്ററം സമൂലമായി പരിഷ്ക്കരിക്കുകയും, ബെൻസ്, ലൈലാൻറ് കമ്പനികളിൽ നിന്നും നേരിട്ട് സ്പെയർ പാർട്ടുകൾ ഒരു വർഷത്തേക്കാവശ്യമായവ വാങ്ങുന്നതാണ്. തന്മൂലം ലോക്കൽ പർച്ചേയ്സ്, ലോക്കൽ ഓർഡർ എന്നിവ കുറക്കാൻ കഴിയും.

7 1-4-84 ന് മുമ്പ് റിട്ടയർചെയ്തവരുടെ പ്രശ്നം

1965 നുശേഷം ജോലിയിൽ ചേർന്നവരും 1-4-84 ന് മുമ്പ് റിട്ടയർചെയ്തവരും ആയവരെക്കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു് നടപടികൾ കൈക്കൊള്ളും.

8 ഡൈസ്നോൺ

ചില യൂണിററുകളിൽ മുമ്പു നടന്ന സമരങ്ങളെ തുടർന്നു് ഡൈസ്നോൺ ഏർപ്പെടുത്തിയ കേസ്സുകളിൽ ബന്ധപ്പെട്ടവർക്ക് ആർജ്ജിത അവധി കൊടുക്കാൻ തീരുമാനിച്ചു.

നയപരമായ കാര്യങ്ങളിൽ അംഗീകൃത സംഘടനയുമായി ആലോചിച്ചു മാത്രമേ തീരുമാനമെടുക്കു എന്നും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

ഈ ചർച്ചയുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ 15-3-89ന് ചേർന്ന കേന്ദ്രക്കമ്മിററി യോഗം സമരപരിപാടികൾ തൽക്കാലം നിറുത്തിവ യ്ക്കാൻ തീരുമാനിച്ചു. 16-3-89ൻെറ ചീഫാഫീസ് നടയിലെ ധർണ്ണ വിശ ദീകരണയോഗമാക്കി മാററുകയും ഒത്തുതീർപ്പു വ്യവസ്ഥകൾ ജനറൽ സെക്രട്ടറി വിശദീകരിക്കുകയുംചെയ്തു.

ഈ സമരത്തിൻെറ ഫലമായി ഉണ്ടാക്കിയ നേട്ടങ്ങൾ മുകളിൽ വിശദീക രിച്ചുകഴിഞ്ഞു. സ്പെയർ പാർട്ട്സ്, ട്യൂബ്, ചീഫാഫീസ് കെട്ടിടനിർമ്മാ ണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ആരോപണത്തെ സംബന്ധിച്ച് സർ ക്കാർ തലത്തിലുള്ള അന്വേഷണം പുരോഗമിച്ചുവരുന്നു. പർച്ചേസിംഗ്സമ്പ്ര ദായത്തിൽ അസോസിയേഷൻ നിർദ്ദേശിച്ചതരത്തിലുള്ള മാററങ്ങൾ ഇപ്പോൾ പടിപ്പടിയായി നടപ്പിൽവന്നുകൊണ്ടിരിക്കയാണ്. ഹെലോജൻ ലാമ്പിനെ സംബന്ധിച്ചു നടത്തുന്ന അന്വേഷണത്തിൽ മുൻ ഡയറക്ടർ ശ്രീ. വി. നിർ മ്മലൻതമ്പി, എക്സിക്യൂട്ടീവ് ഡയറക്ടർ ചന്ദ്രസേനൻ നായർ, അസി സ്റ്റൻറ് കൺട്രോളർ ഓഫ് പർച്ചേസ് ശ്രീ. വിൽസൻ താപ്പാസ്, എന്നിവ രുടെ പേരിൽ വിജിലൻസ് വിഭാഗം കേസ് ചാർജുചെയ്ത് നിയമ നടപടി കൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. (ഇവർ മൂന്നുപേരും ഇപ്പോൾ സർവീസിൽ നിന്നും റിട്ടയർചെയ്തവരാണ്).

ചെങ്ങന്നൂരടക്കമുള്ള യൂണിററുകളിൽ ചില സമരങ്ങളോടനുബന്ധിച്ച് നടപ്പിലാക്കിയ ഡൈസ്നോൺ പിൻവലിച്ച് സമരദിനങ്ങൾ അവകാശാവ ധിയായി പ്രഖ്യാപിച്ചിട്ടുണ്ട്. ട്രാൻ. തൊഴിലാളികൾക്ക്നൽകാനുള്ള ശമ്പള വർദ്ധന കുടിശിക ഏപ്രിൽ 15–ാം തീയതിയോടുകൂടി വിതരണം ചെയ്തു.

ഇൻസെൻറീവ് സ്കീം ചർച്ചചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനു വേണ്ടി ജനറൽ സെക്രട്ടറിയും സഖാക്കൾ സൂസൈ ആൻറണി, കെ. മുരുകേ ശൻ എന്നിവരുംചേർന്ന് തമിഴ്നാട്ടിൽ പോവുകയുണ്ടായി. തമിഴ്നാട്ടിലെ സ്കീം അതേപടി നടപ്പാക്കുന്നതു് എന്തായാലും ഗുണകരമായിരിക്കില്ല എന്നു ള്ളതാണ് പഠനം നടത്തിയ സംഘത്തിൻെറ അഭിപ്രായം.

## അവധി ഏകീകരണം

മൂന്നു മാസത്തിനകം (ജൂൺ 15–നകം) അവധി ഏകീകരണപ്രശ്നത്തിൽ അനുകൂലമായ തീരുമാനമെടുക്കണമെന്നതായിരുന്നുമന്ത്രിതലചർച്ചയിലെത്തിയ ധാരണയെങ്കിലും ഇക്കാര്യത്തിൽ അല്പംകൂടി കാലതാമസം ഉണ്ടാകാനാണ് സാദ്ധ്യത. അടുത്ത എഗ്രിമെൻേറാടുകൂടി ഇക്കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

രണ്ടു ഘട്ടങ്ങളിലായി നടന്ന പ്രക്ഷോഭണങ്ങളെയും അതേ തുടർന്നുനടന്ന ചർച്ചകളേയും മൊത്തമായി വിലയിരുത്തുകയാണെങ്കിൽ താഴെപ്പറയുന്ന നിഗ മനങ്ങളിൽ നമുക്കെത്തിച്ചേരാൻ കഴിയും.

1) പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും തൊഴിലാളികളുടെയും വ്യവസായത്തിൻെറയും അടിയന്തിര പ്രശ്നങ്ങൾ ഏറെറടുക്കാൻ കഴിയുന്ന ഏക സംഘടന അസോസിയേഷൻ മാത്രമാണെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞു.

2) നേട്ടങ്ങളൊന്നുമില്ലാതെ സമരം പിൻവലിക്കേണ്ടിവരുമെന്നായിരുന്നു ഇതര സംഘടനകൾ പ്രചരിപ്പിച്ചിരുന്നത്. പക്ഷേ അവർക്കുതന്നെ സമരത്തിലൂടെ അസോസിയേഷനുണ്ടാക്കിയ നേട്ടങ്ങൾ അംഗീകരിക്കേണ്ടിവന്നു. അതുകൊണ്ട് വീണ്ടും അപവാദപ്രചരണവുമായി പ്രക്ഷോഭരംഗത്തിറങ്ങാൻ ഈ സംഘടനകൾക്ക് കെല്പില്ലാതെയായി.

3) അഴിമതി ആരോപണങ്ങൾ ഉന്നയിക്കുകയല്ലാതെ, അതിന്മേൽ നടപടികളെടുക്കുന്നതിനുവേണ്ടി പ്രക്ഷോഭണം നടത്തുമെന്ന വിശ്വാസം ആരോപണവിധേയരായ ഉദ്യോഗസ്ഥന്മാർക്കുടക്കം ഉണ്ടായിരുന്നില്ല. പരുന്തിൻെറ ദൃഷ്ടികളോടെ തൊഴിലാളികൾ, തങ്ങളുടെ ചെയ്തികൾ സസൂക്ഷ്മം വിലയിരുത്തുന്നു എന്ന കാര്യം ഈ ഉദ്യോഗസ്ഥ വിഭാഗം മനസിലാക്കാൻ തുടങ്ങിയതോടെ പർച്ചേസിങ്ങിലും മററും നടക്കുന്ന അഴിമതികൾക്ക് ഒരു താൽക്കാലിക വിരാമമിടാൻ കഴിഞ്ഞിട്ടുണ്ട്. ട്യൂബ്, ടയർ എന്നിവ വാങ്ങിക്കുമ്പോൾ കർക്കശമായ ഗുണപരിശോധനയ്ക്ക് വിധേയമാക്കാൻതുടങ്ങിയിട്ടുണ്ട്.

4) സ്വന്തം രാഷ്ട്രീയക്കളിയും അഴിമതിക്കാരെ സംരക്ഷിക്കാൻ കാണിച്ച വ്യഗ്രതയും തൊഴിലാളികൾ തിരിച്ചറിഞ്ഞ് പ്രതികരിക്കാൻതുടങ്ങി എന്നറിഞ്ഞപ്പോൾ സ്വയം രാജിവച്ചൊഴിയാൻ ശ്രീ: മുകുന്ദൻ മേനോൻ തയ്യാറായി. (രാജിവച്ചൊഴിഞ്ഞതിനുശേഷം അസോസിയേഷനെ നേരിടാൻ ഇതര പ്രതിപക്ഷസംഘടനകളെല്ലാംകൂടി ഒത്തുചേർന്ന് ഒരു യൂണിയൻ ഉണ്ടാക്കണമെന്നും അടുത്ത തവണ മത്സരിച്ച് രണ്ടാം ശക്തിയായി വളരണമെന്നും ആഹ്വാനം ചെയ്യുകയുണ്ടായി)

5) സംഘടനയെ അടിമുതൽ മുടിവരെ ചലിപ്പിക്കാൻ പ്രക്ഷോഭണപരിപാടികൾകൊണ്ടു നമുക്ക് കഴിഞ്ഞു. അതുപോലെതന്നെ പ്രചരണങ്ങളിൽക്കൂടി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനും സംഘടനയ്ക്കുമെതിരെ ഉയർന്നുവന്ന വിമർശനങ്ങളെ സമർത്ഥമായി നേരിടാനും കഴിഞ്ഞു.

## പുതിയ മാനേജിംഗ് ഡയറക്ടർ സ്ഥാനമേൽക്കുന്നു

ശ്രീ. പി. എം മേനോൻ മെയ് 9—ാം തീയതി സ്ഥാനമൊഴിയുകയും പുതിയ മാനേജിംഗ് ഡയറക്ടറായി ശ്രീ. കെ. സുകുമാരൻ നായർ, I. P. S. സി. എം. ഡിയായി അധികാരമേൽക്കുകയും ചെയ്തു. തൻെറ പിൻഗാമിയുടെ ഭരണകാലം പരാജയമാണെന്ന് പറയിക്കാനാവശ്യമായ നടപടികളായിരുന്നു ശ്രീ മേനോൻ കോർപ്പറേഷൻ വിട്ടുപോകുമ്പോൾ ചെയ്ത സേവനം, ശ്രീ. സുകുമാരൻനായർ അധികാരമേൽക്കുമ്പോൾ ഒരൊററ യൂണിററിലും സ്പെയർപാർട്ടുകളോ, ടയറുകളോ, ട്യൂബുകളോ, സ്പ്രിംഗ് സെററുകളോ ഇ

ല്ലെന്നുമാത്രമല്ല. സെൻട്രൽവർക്ക്സിലെ ബോഡിബിൽഡിംഗ് യാർഡുപോലും. ആവശ്യമായ മെററീരിയലുകളുടെ അഭാവം മൂലം അടച്ചുപൂട്ടലിൻെറ വക്കത്തെത്തിയിരുന്നു. അവശ്യോപകരണങ്ങളുടെ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് ബസ്സുകാം വീണ്ടും കട്ടപ്പുറത്തു കയററാനും തനിക്കുശേഷം പ്രളയം എന്ന പ്രതീതിവരുത്തി ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കാനുമായിരുന്നു ചില പ്രതിപക്ഷ ട്രേഡ് യൂണിയനുകളുടെ സഹായത്തോടെ ശ്രീ മേനോൻ ശ്രമിച്ചതു്.

ഇതിനുപുറമെ യൂണിററുകളിലേക്കു് ആവശ്യമായ ഫണ്ടും ജനുവരി മുതൽ അനുവദിക്കാതിരുന്നതിനാൽ, പ്രോവിഡൻറ് ലോൺ, ലീവു് സറണ്ടർ തുടങ്ങിയവ കുടിശികയായിത്തന്നെ കിടന്നു. തൊഴിലാളികാംക്കിടയിൽ പുതിയ മാനേജിംഗ് ഡയറക്ടർക്കെതിരെ അസംതൃപ്തി വളർത്തിയെടുക്കാൻ പ്രതിപക്ഷ ട്രേഡ്യൂണിയനുകാം ഈ സാഹചര്യം ഉപയോഗപ്പെടുത്താൻ തുടങ്ങി. വിദ്യാലയങ്ങാം തുറക്കുന്ന അവസരത്തിൽ, അവർക്കിടയിൽ ഒരസംതൃപ്തി വളർത്തി യാത്രാപ്രശ്നത്തിൻെറ പേരിൽ പ്രക്ഷോഭം ഉയർത്തികൊണ്ടുവരാൻ കഴിയുമെന്നായിരുന്നു നിതാന്ത സമരക്കാരായ പ്രതിപക്ഷക്കാരും അവരുടെ സഹായിയായ മുകുന്ദൻമേനോനും സ്വപ്നം കണ്ടിരുന്നതു്. ഇതിനെതിരെ കരുതിയിരിക്കുവാൻ നാം ട്രാൻസ്പോർട്ടു് തൊഴിലാളികളോട് ആഹ്വാനം ചെയ്തു. എന്തുവിലകൊടുത്തും പരമാവധി ബസ്സ് റോഡിലിറക്കുവാനും, സർവീസ് റദ്ദാക്കുന്നത് പരമാവധി കുറച്ച് ഇവരുടെ ഗൂഢാലോചനകളെ പരാജയപ്പെടുത്താനും അസ്സോസിയേഷൻ ആഹ്വാനം ചെയ്തു. പുതിയ മാനേജിംഗ് ഡയറക്ടറേയും വകുപ്പുമന്ത്രിയേയും കണ്ടു് സ്പെയർപാർട്ട്സുകാം, ട്യൂബ്, ടയർ എന്നിവ അടിയന്തരമായി എത്തിക്കുവാനും ആവശ്യപ്പെട്ടു. സർവീസ് നടത്തിപ്പ് സുഗമമായി നടത്താൻ ഇതിൻെറ ഫലമായി കഴിഞ്ഞതിനാൽ ഗൂഢാലോചന പരാജയപ്പെടുത്താൻ കഴിഞ്ഞു.

## ഡി. പി. സി. യും ടെസ്ററും

ഓരോ കാററഗറിയിലേയും ഓഫീസർ തസ്തികയിലേക്കുള്ള പ്രമോഷന് കേവലം സീനിയോറിററിമാത്രം മാനദണ്ഡമായി സ്വീകരിക്കുന്നതു് വ്യവസായത്തിൻെറ കാര്യക്ഷമതാ വർദ്ധനവിനു് വേണ്ടത്ര അനുഗുണമാകുമെന്ന ധാരണ നമുക്കില്ല. മിഡിൽ മാനേജ്മെൻറിലെ കാര്യക്ഷമതാവർദ്ധനവു് ലക്ഷ്യമാക്കിക്കൊണ്ടുള്ള മാനേജീരിയൽ പരിശീലനവും കാഡർ പോളിസിയും നമ്മുടെ മാനേജ്മെൻറിനു് പണ്ടുമുതൽക്കെ ഇല്ല. കേവലം സീനിയോറിററി അടിസ്ഥാനത്തിൽമാത്രം പ്രെമോഷൻ നൽകുന്നതുകൊണ്ടും, റിട്ടയർമെൻറിന്നു് തൊട്ടു് മുമ്പ് ലഭിക്കുന്ന ഒരാനുകൂല്യമെന്ന ധാരണയാലും നിലവിലുണ്ടായിരുന്ന പ്രൊമോഷൻ തത്വമനുസരിച്ച് ആഫീസർ തസ്തികയിലെത്തുന്നവർ തങ്ങളുടെ കടമയും ഉത്തരവാദിത്വവും യഥാവിധി ഉപയോഗിക്കുവാൻ പലപ്പോഴും മടികാണിക്കുന്നു. 17-ാം സംസ്ഥാനസമ്മേളനത്തിൻെറ റിപ്പോർട്ടിൽ നാം

ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ടുതന്നെ ആവശ്യമായ പരിശീലനവും ടെസ്റ്റും നടത്തി ഓഫീസർ തസ്തികയിലേക്കുള്ള പ്രമോഷൻ നൽകണമെന്നു് സൂചിപ്പിക്കുകയുണ്ടായി. ഇതിനുപോലും നാം അനുവാദം നൽകുന്നില്ലെങ്കിൽ നേരിട്ടുള്ള നിയമനമെന്നതു് തൽക്കാലത്തേക്കുപോലും തടയാൻ കഴിയില്ല.

ടെസ്റ്റ് നടത്തി പ്രമോഷൻ നൽകുന്നതിനുമുമ്പുതന്നെ ഡി.പി.സി.സമ്പ്രദായം നടപ്പിലാക്കാൻ തുടങ്ങിയിരുന്നു. എന്നാൽ ഈ ഡി പി.സി.സമ്പ്രദായത്തെ അപഹാസ്യമാക്കുന്നതരത്തിലാണ് മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. മുകുന്ദൻ മേനോൻ പ്രാവർത്തികമാക്കാൻ ശ്രമിച്ചതു്. കൂട്ടത്തോടെ ഡി. പി. സി. ഇൻറർവ്യൂവിനുവേണ്ടി ആളുകളെ വിളിച്ചുചേർക്കുകയും ആ മഹാസമ്മേളനത്തിൽവച്ച് പലരേയും പരസ്യമായിഅപമാനിക്കുന്നതരത്തിൽ അഭിപ്രായപ്രകടനം നടത്തുകയും ചെയ്തുവന്ന നടപടി ജീവനക്കാർക്കിടയിൽ വ്യാപകമായ അസംതൃപ്തി ഉളവാക്കി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിനെതിരെ തൻെറ രാഷ്ട്രീയാഭിപ്രായങ്ങൾ അടിച്ചേല്പിക്കാനുള്ള ഒരു വേദിയായിക്കൂടി ഈ മുഖാമുഖത്തെ ശ്രീ. മേനോൻ ഉപയോഗപ്പെടുത്തി. ഡി. പി. സി. സമ്പ്രദായം വേണമെന്നു പറയുമ്പോൾതന്നെ നിലവിലുള്ള സമ്പ്രദായത്തിലുള്ള പോരായ്മകൾ ഇല്ലാതാക്കേണ്ടതുണ്ട്. ചില മേലുദ്യോഗസ്ഥന്മാരുടെ ആത്മനിഷ്ഠമായ ഇഷ്ടാനിഷ്ടങ്ങളാണ് പലപ്പോഴും കാര്യക്ഷമതയുടെ മാനദണ്ഡമായി കണക്കാക്കപ്പെടുന്നതു്. ഇക്കാര്യത്തിൽ ആക്ഷേപരഹിതമായ ഒരു സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. മാനേജിംഗ് ഡയറക്ടർ 29–4–89 ന് ഇറക്കിയ ഉത്തരവനുസരിച്ച് അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസർ, ഡിപ്പോ എഞ്ചിനിയർ, അഡ്മിനിസ്ട്രേററീവ് ഓഫീസർ എന്നീ തസ്തികകളിലേക്കുള്ള പ്രമോഷനുകൾ കൊടുക്കുന്നതിന് മുന്നോടിയായി ഒരു ടെസ്റ്റ് നടത്തുന്നതാണെന്നു കാണിച്ച് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. അസോസിയേഷനുമായുണ്ടാക്കിയ കരാറിൻെറ അടിസ്ഥാനത്തിലാണ് ടെസ്റ്റ് നടത്തുന്നതെന്നും ഉത്തരവിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഒന്നാമതായി അസോസിയേഷനുമായി ചർച്ചചെയ്തിട്ടല്ല, ടെസ്റ്റിനു് രൂപംകൊടുത്തതും സിലബസ് നിശ്ചയിച്ചതും. മാത്രവുമല്ല സിലബസനുസരിച്ച് ടെസ്റ്റിൽ പങ്കെടുക്കേണ്ടവർക്ക് മുൻകൂട്ടി ട്രെയിനിംഗ് കൊടുക്കാനുള്ള സംവിധാനവും ഉണ്ടാക്കാമെന്നു് കരാർ ചർച്ചാവേളയിൽ മാനേജുമെൻറ് സമ്മതിച്ചിരുന്നതുമാണ്. എന്നാൽ ഇതിനെയെല്ലാം മറികടന്നുകൊണ്ടാണ് മേയ് അവസാനവാരത്തിൽ ടെസ്റ്റ് നടത്താൻവേണ്ടി തീരുമാനമെടുത്തതു്. ഇതിനെതിരെ നാം വകുപ്പുമന്ത്രിക്കും പുതിയ മാനേജിംഗ് ഡയറക്ടർക്കും കത്തുകൊടുക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ ടെസ്റ്റ് തൽക്കാലം നിറുത്തിവെച്ചു. ഓഫീസർ തസ്തികകളിലേക്കുള്ള പ്രമോഷനുകൾ, ഡി.പി.സി.യുടെ നിർദ്ദേശാനുസരണം ടെസ്റ്റ് ഇല്ലാതെന്നെ തൽക്കാലം കൊടുക്കാനും മാനേജിംഗ് ഡയറക്ടർ ഉത്തരവിട്ടു.

ടെസ്റ്റിനുവേണ്ടി തയ്യാറാക്കിയ സിലബസിൽ പലതും ടെസ്റ്റിനു് വിധേയരാകേണ്ടിവരുന്നവർക്ക് അജ്ഞവും ദൈനംദിന ഭരണനിർവഹണത്തിനു്

അനിവാര്യവും അല്ലായിരുന്നു. ദൈനംദിന ഭരണത്തിൽ ഒരു ഓഫീസർക്ക് പലപ്പോഴും അന്യമായി അനുഭവപ്പെടുന്ന നിയമങ്ങളിൽ ഒരു പ്രാഥമിക പരിചയം ഉണ്ടാക്കിക്കൊടുക്കാനുള്ള വിഷയങ്ങൾ സിലബസിൽ ഉണ്ടായിരിക്കണമെന്ന് നാം ആവശ്യപ്പെട്ടു. അതുപോലെതന്നെ വ്യവസായത്തിന്റെ ദൈനംദിന നടത്തിപ്പ്, ലാഭനഷ്ടം കണക്കാക്കൽ, മോട്ടോർ നിയമങ്ങൾ, ഇൻവെൻററി കൺട്രോൾ, വ്യവസായ മനശാസ്ത്രം തുടങ്ങിയ കാര്യങ്ങളിൽ പ്രാഥമികമായ ഒരു അറിവ് ഓഫീസർ പ്രമോഷൻ ലഭിക്കുന്ന ഒരാൾക്കുണ്ടായിരിക്കണം. ഇക്കാര്യം മാനേജുമെൻറുമായുള്ള ചർച്ചയിൽ നാം ചൂണ്ടിക്കാണിച്ചു. എന്നാൽ ഈ വാദഗതികൾ നാം മുന്നോട്ടുവച്ചത് ടെസ്റ്റ്എന്ന നടപടി ഒഴിവാക്കാനുള്ള ഒരു സൂത്രപ്പണിയാണെന്ന് ആരും ധരിക്കരുത്. ടെസ്റ്റ്സമ്പ്രദായം നടപ്പാക്കുന്നതിന് സ്വല്പം സാവകാശം ഉണ്ടെങ്കിലേ നാം സമർപ്പിച്ച നിർദ്ദേശമടക്കം പരിഗണിച്ച് നടപ്പിലാക്കാൻ കഴിയൂ.

എന്നാൽ എ ഐ ടി യു സി യുടെ നിലപാട് അവരുടെ ഇരട്ടമുഖം ഒരിക്കൽക്കൂടി പുറത്തുകൊണ്ടുവരുന്നതരത്തിലായിരുന്നു. ട്രാൻ. കോർപ്പറേഷന്റെ ബോർഡ് മെമ്പർ എന്ന നിലയിൽ എ.ഐ.ടി.യു.സി. യൂണിയൻ ജനറൽ സെക്രട്ടറി ഡയറക്ട് റിക്രൂട്ട്മെൻറിനുവേണ്ടി ബോർഡിൽ സമ്മർദ്ദംചെലുത്തുമ്പോൾ യൂണിയൻവക്താവെന്നനിലയ്ക്ക് തൊഴിലാളികൾക്കിടയിൽ നിലവാരംകുറഞ്ഞ പോപ്പുലാരിററിക്കുവേണ്ടി അസോസിയേഷൻ കരാറിൽ ടെസ്റ്റിന് അനുവാദം കൊടുത്തതുകൊണ്ടാണ്ടെസ്റ്റെന്ന അപകടം ഉണ്ടായിരിക്കുന്നതെന്ന്പ്രചരിപ്പിക്കുന്നു. ടെസ്റ്റിനെ എതിർത്തുകൊണ്ടുള്ള നോട്ടീസ് അവർ പുറത്തിറക്കുകയുണ്ടായി. എന്തായാലും തൊഴിലാളികൾക്കിടയിൽ ഇവരുടെ കപടമുഖം നാം തുറന്നുകാട്ടിയതോടെ, അവരുടെ ദുഷ്പ്രചരണങ്ങൾക്ക് വിരാമമിട്ടു. ഡി. പി. സി., ടെസ്റ്റ് തുടങ്ങിയ പ്രശ്നങ്ങളിൽ ഉത്തരവാദിത്വമുള്ള ഒരു യൂണിയനെന്നനിലയ്ക്ക് കൂടുതൽ സജീവമായ ഒരു ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും വേണം. ചർച്ചയിൽ പങ്കെടുക്കുന്ന സഖാക്കൾ ഇക്കാര്യങ്ങളിൽ അവരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾകൂടി സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഓഫ് സറണ്ടറും 40 രൂപയും

ജീവനക്കാരുടെ കുറവു പരിഗണിച്ച് ഓപ്പറേററിംഗ് ജീവനക്കാർക്ക് അധിക ജോലിക്ക് കോമ്പൻസേററി ഓഫ് നൽകാറുണ്ടല്ലോ. ഈ ഓഫ് ഡ്യൂട്ടിക്ക് സറണ്ടർ ചെയ്തു് 40 രൂപയ്ക്ക് ജോലിചെയ്യുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ട്. അധിക ജോലിക്ക് അധികവേതനമെന്ന തത്വം നടപ്പാക്കാത്ത ഈ അപരിഷ്കൃത സംവിധാനം നിർത്തലാക്കണമെന്ന ആവശ്യം കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിലും ഉയർന്നുവന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓഫ് സറണ്ടർ പ്രശ്നത്തിൽ ഓവർടൈം നൽകാൻ തയ്യാറല്ലെങ്കിൽ ഈ സംവിധാനം ബഹിഷ്ക്കരിക്കാൻ അസ്സോസിയേഷൻ അംഗങ്ങൾ തയ്യാ

റാകണമെന്നു് പാലക്കാട്‌വെച്ച് നടന്ന കേന്ദ്രക്കമ്മിററി യോഗം തീരുമാനിച്ചു. സറണ്ടർ തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തടസ്സക്കാർ അസ്സോസിയേഷനാണെന്നാണ് ഇതര യൂണിയനുകൾ പ്രചരിപ്പിച്ചിരുന്നതു്. എന്നാൽ ഇതു് ബഹിഷ്ക്കരിക്കാനുള്ള ആഹ്വാനം ആകട്ടെ, പരാജയപ്പെട്ടത്താനാണതാനും പ്രസ്തുത യൂണിയൻ നേതൃത്വങ്ങൾ പരിശ്രമിച്ചതു്. ഇക്കാര്യത്തിൽ നമുക്ക് മാനേജ്‌മെൻറുമായി ഒരു ഒത്തുതീർപ്പിലെത്താൻ കഴിഞ്ഞില്ല. വ്യവസായത്തിലെ ഒരു പൊതുസ്ഥിതിയെ മാനിച്ച് ഒരു തൊഴിലാളിയുടെ വേതനത്തിൻെറ ഒന്നര ഇരട്ടിയോ അല്ലെങ്കിൽ അടിസ്ഥാനശമ്പളത്തിൻെറ ഇരട്ടിയും ഒരു ഡി. എ. യും എന്ന തോതിലെങ്കിലുമോ അധികവേതനം നൽകുകയാണെങ്കിൽ തൽക്കാലം നാം അംഗീകരിക്കാമെന്ന നിർദ്ദേശം വെച്ചെങ്കിലും അതും ഇതുവരെ അംഗീകരിക്കാൻ മാനേജ്‌മെൻറ് തയ്യാറായിട്ടില്ല. കൂടുതൽ വിശദമായ ചർച്ചകൾവേണ്ടി ഇതു് മാററിവെക്കപ്പെട്ടിരിക്കയാണ്.

## ചില യൂണിററുതല സമരങ്ങൾ

### 1 ആർ. ടി ഓ. ഓഫീസിനുമുമ്പിലുള്ള സമരം

വയനാട്ടിൽ അനിയന്ത്രിതമായി സ്വകാര്യബസ്സുകൾക്ക് പെർമിററുകൊടുക്കുന്നതിൽ പ്രതിഷേധിച്ച് കൽപ്പററ ആർ. ടി. ഓ. ഓഫീസിനുമുമ്പിൽ, വയനാട്ട് റവന്യൂജില്ലയിലെ യൂണിററുകമ്മിററികളുടെ ആഭിമുഖ്യത്തിൽ നടന്ന ധർണ്ണ ജനറൽസെക്രട്ടറി ഉൽഘാടനം ചെയ്തു. വയനാട്ടിലെ ട്രാൻസ്പോർട്ട തൊഴിലാളികൾക്കിടയിൽ ചർച്ച ഉണ്ടാക്കാൻ ഇക്കാര്യത്തിനു കഴിഞ്ഞെങ്കിലും പരമാവധി തൊഴിലാളികളെ ധർണ്ണയിൽ പങ്കെടുപ്പിക്കുവാൻ വയനാട്ടിലെ യൂണിററുകൾക്ക്, പ്രത്യേകിച്ചും ബത്തേരി യൂണിററ് പരാജയപ്പെടുകയാണുണ്ടായതു്. പറവൂർ, ആലുവ യൂണിററുകമ്മിററികളുടെ ആഭിമുഖ്യത്തിൽ ഇതര ട്രേഡ്‌യൂണിയനുകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടു് ആലുവ ജോയിൻറ് ആർ. ടി. ഓ. ആഫീസിനു മുമ്പിൽ ട്രക്കർ—ടെമ്പോ സർവീസുകളുടെ അമിതമായ കടന്നുകയററത്തിനെതിരെ കൂട്ടധർണ്ണ നടത്തുകയുണ്ടായി. ഈ ധർണ്ണ ഒരു വൻ വിജയമായിരുന്നു.

### 2 പാലക്കാട് സമരം

പാലക്കാട് ഡിപ്പോയിൽ ഒരു സെക്ഷൻ ചെയ്ഞ്ചിനോടനുബന്ധിച്ചുണ്ടായ പ്രക്ഷോഭം ഈ റിപ്പോർട്ടുകാലയളവിൽ സവിശേഷ ശ്രദ്ധ ആകർഷിക്കുകയുണ്ടായി. സ്‌ററാഫ് യൂണിയനിൽനിന്നും INLCയിലേക്ക് കാലുമാറിയ ഒരു ജീവനക്കാരനു് അതുവരെ പോസ്‌ററുചെയ്ത സെക്ഷനിൽനിന്നു് അയാൾക്കിഷ്ടപ്പെട്ട മറെറാരു സെക്ഷനിലേക്ക് പോസ്റ്റ്ചെയ്യിക്കാൻ I N L C യുടെ നേതാക്കൾ മാനേജിംഗ് ഡയറക്ടറുടെമേൽ പ്രേരണ ചെലുത്തുകയും, എം. ഡി. യിൽനിന്നും അതിനനുകൂലമായ ഒരു സ്പെഷ്യൽ ഓർഡർ സമ്പാദിക്കുകയും ചെയ്തു. ഈ സ്പെഷ്യൽ ഓർഡർ നടപ്പിലാക്കാൻ അസോ

സിയേഷൻ സമ്മതിച്ചില്ല. ഈ സെക്ഷൻ മാററത്തിന്റെ കാര്യത്തിലടക്കം മാനേജിംഗ് ഡയറക്ടർ സ്പെഷ്യൽ ഓർഡർ ഇറക്കുകയാണെങ്കിൽ വ്യവസായത്തിനകത്തു് എന്നും അസ്വാസ്ഥത നിലനിൽക്കുമെന്ന കാര്യം നാം ചൂണ്ടിക്കാട്ടി. സെക്ഷൻ മാററത്തിൽ മാത്രമല്ല, ഇത്തരത്തിൽ സ്പെഷ്യൽ ഓർഡറുകൾ പുറപ്പെടുവിച്ചിട്ടുള്ളതു്. പല സ്ഥലംമാററങ്ങളുടെ പ്രശ്നത്തിലും വേണ്ടപ്പെട്ടവരെ അദർ ഡ്യൂട്ടിയിൽ നിയമിക്കുന്നകാര്യത്തിലും സേവനപരമായ പ്രശ്നത്തിലും സ്പെഷ്യൽ ഓർഡറുകൾ ഇറക്കുന്ന പ്രവണത ശക്തിപ്പെട്ട അവസരത്തിലാണ് നാം പാലക്കാട്ട് സ്പെഷ്യൽ ഓർഡറിനെതിരെ സമരം ആരംഭിച്ചത്. മാനേജുമെൻറും INLCയും കൈക്കൊണ്ട ദുരഭിമാനമൂലമായ സമീപനംമൂലം സമരം സർവീസ് സ്തംഭനത്തിലടക്കം എത്തിച്ചേർന്നു. മൂന്നു നാലുതവണ വകുപ്പുമന്ത്രി പ്രശ്നം പരിഹരിക്കാൻ മുൻകയ്യെടുത്തെങ്കിലും I N L C നേതാക്കളുടെ പിടിവാശിമൂലം ചർച്ച പരാജയപ്പെട്ടു. ഒടുവിൽ ബന്ധപ്പെട്ട ക്ളാർക്കിനെ പെരിന്തൽമണ്ണയിലേക്ക് സ്ഥലംമാററി പ്രശ്നം പരിഹരിച്ചു. ഇക്കാര്യത്തിൽ യഥാർത്ഥ സംഭവങ്ങൾ സമയാസമയം മററു യൂണിററുകളെ, കേന്ദ്രകമ്മിററിയോ യൂണിററു കമ്മിററിയോ അറിയിച്ചില്ലെന്ന വിമർശനം ഉയർന്നുവന്നിട്ടുണ്ടായിരുന്നു. ഭരണപക്ഷത്തുള്ള ട്രേഡു് യൂണിയനുകൾ പരസ്യമായി പരസ്പരം ചെളിവാരിയെറിയുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടിയായിരുന്നു പ്രസ്താവനകൾ പരിമിതപ്പെടുത്തിയതെങ്കിലും സമീപയൂണിററുകളെയടക്കം ഇതുമൂലം ആശയക്കുഴപ്പത്തിലാക്കി. എന്തായാലും ഈ വീഴ്ച സ്വയംവിമർശനപരമായി കേന്ദ്രകമ്മിററി വിലയിരുത്തിയിട്ടുണ്ടു്.

3 കോട്ടയം സമരം

കോട്ടയത്തു് ഒരു സെക്ഷൻ മാററത്തെ സംബന്ധിച്ച് സ്റ്റാഫ് യൂണിയനും ഒരു സമരം സംഘടിപ്പിക്കുകയുണ്ടായി. ഒടുവിൽ അനാവശ്യമായ അവകാശവാദവുമായി ആരംഭിച്ച ആ സമരം പരാജയപ്പെട്ടു. തൊഴിലാളികളുടെ ശമ്പളം നൽകാതെ ചില പ്രകോപനപരമായ നടപടികൾ സൃഷ്ടിക്കാൻ അവർ ശ്രമിച്ചെങ്കിലും നമ്മുടെ പ്രവർത്തകരുടെ സമയോചിതമായ ഇടപെടലുകൾമൂലം അവരുടെ ഉദ്യമം വിജയിച്ചില്ല.

4) പറവൂരിലെ അസോസിയേഷൻ നേതാവായ സ: പി. ജി. കൃഷ്ണൻകുട്ടിയെ ഡ്രൈവേഴ്സ് യൂണിയന്റെ ഒരു സമൂഹ്യവിരുദ്ധൻ 22–3–89നു് മർദ്ദിച്ചു. ഇതിന്റെ പേരിൽ പരാതിപ്പെട്ട കൃഷ്ണൻകുട്ടിയേയും കുലേശൻ, സുകുമാരൻ, മുരളി എന്നിവരേയും ഡ്രൈവേഴ്സ് യൂണിയൻ അംഗത്തേയും മാനേജുമെൻറ് സസ്പെൻറ് ചെയ്തു. ഇക്കാര്യത്തിൽ നാം ഇടപെടുകയും സസ്പെൻറ് ചെയ്തവരെ തിരിച്ചെടുപ്പിക്കുകയും ചെയ്തു.

പറവൂരിൽതന്നെ ശമ്പള കുടിശിക വിതരണം ചെയ്യുന്നതിൽ വീഴ്ചവരുത്തിയതിന്റെ പേരിൽ ATO സസ്പെൻറ് ചെയ്ത ചില സ്റ്റാഫ് യൂണിയൻ അംഗങ്ങളെ എം. ഡി. ശ്രീ. മുകുന്ദൻ മേനോൻ ഇടപെട്ട് എറണാകുളത്തു്

ചെന്നു് നിയമവിരുദ്ധമായി തിരിച്ചേട്ടക്കുകയുണ്ടായി. ഇതു് അദ്ദേഹത്തിന്റെ സങ്കുചിതമായ രാഷ്ട്രീയ പക്ഷപാതിത്വം തെളിയിക്കുന്ന നടപടിയായിരുന്നു. ഇതിനെ നാം തക്കസമയത്തുതന്നെ അപലപിക്കുകയുണ്ടായി.

## നിരുത്സാഹപ്പെടുത്തേണ്ട ചില സമര ശൈലികൾ

മന്ത്ലി കോൺഫറൻസ് എടുത്ത ചില തീരുമാനമനുസരിച്ച് ചില ഷെഡ്യൂളുകളിൽ മാററം വരുത്തിയില്ലെന്ന കാരണം പറഞ്ഞ് പേരൂർക്കട യൂണിററിലെ ചില സർവീസുകൾ തടസ്സപ്പെടുത്തുകയും ബസ്സിനുമുമ്പിൽ പിക്കററിംഗ് സംഘടിപ്പിക്കുകയും ചെയ്തു. യൂണിററിലെ മന്ത്ലികോൺഫറൻസിലെടുത്ത ചില തീരുമാനങ്ങൾ ചീഫ് ആഫീസ് അനുവാദത്തോടുകൂടി മാത്രമേ നടപ്പിലാക്കാൻ കഴിയൂ. പല തീരുമാനങ്ങളും നടപ്പിലാക്കാൻ പല വൈതരണികളും കടന്നുപോകേണ്ടിവരും. മററു യാതൊരു പോംവഴികളുമില്ലാത്ത സാഹചര്യത്തിൽ മാത്രം അപൂർവമായി ഉപയോഗിക്കാവുന്ന സമരായുധങ്ങൾ ആദ്യം തന്നെ ഉപയോഗപ്പെടുത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തിയേ പററൂ. അതുപോലെതന്നെ നിലവിലുള്ള നിയമത്തിന്റെ പരിധിക്കകത്തുനിന്നുകൊണ്ടു് ചില ഷെഡ്യൂളുകളിൽ നാമമാത്രമായ മാററങ്ങൾ വരുത്തുന്നതിൽ പ്രതിഷേധിച്ചു് സർവീസ് ബഹിഷ്ക്കരണം നടത്തുന്ന യൂണിററുകളും, അത്തരം തീരുമാനങ്ങൾ നടപ്പാക്കുന്നതിനു മുമ്പു് അവധാനതയോടെ ഭാവി നടപടികൾക്കു് രൂപം കൊടുക്കുകയും കേന്ദ്രക്കമ്മിററിയുടെ അനുവാദത്തോടുകൂടി മാത്രമേ പ്രക്ഷോഭപരിപാടികൾ പ്രാവർത്തികമാക്കൂ എന്നു തീരുമാനിക്കുകയും വേണം.

ബോർഡ് സെക്രട്ടറിയുടെ പോസ്റ്റ് മിനിസ്ററീരിയൽ വിഭാഗത്തിനു വേണമെന്നാവശ്യപ്പെട്ടുകൊണ്ടു് ബോർഡുയോഗം നടക്കുന്ന വേളയിൽ മുൻധാരണകളൊന്നുമില്ലാതെ മുദ്രാവക്യം വിളിച്ചു് പ്രകടനം നടത്തിയ ചീഫ് ആഫീസ് യൂണിററിന്റെ നടപടിയും മിതമായ ഭാഷയിൽ പറഞ്ഞാൽ അപകവമായിപ്പോയി. ബഹുജനത്തെ നയിക്കുന്ന നേതൃത്വം, അവരുടെ വികാരങ്ങൾക്കൊപ്പം ഒഴുകിപ്പോകുന്നതും വാലായി പ്രവർത്തിക്കാൻ തുനിയുന്നതും നമ്മുടെ സംഘടനക്കു് ഗുണമല്ല ചെയ്യുക. സംഘടനാപരമായി ഇത്തരം നടപടികൾക്ക് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുകയും ചെയ്യും.

ഇതുപോലെതന്നെ പാലക്കാട്ട് യൂണിററിൽ നടന്ന ഒരു ഘെരാവോയും നമ്മുടെ സജ്ജീവ പരിശോധനക്കു് വിഷയീഭവിക്കേണ്ടതാണ്. ഡ്യൂട്ടി സമയത്തു് യൂണിഫോം ധരിക്കാത്ത ചില ജീവനക്കാർക്കെതിരെ കോഴിക്കോട്ട് CTO തന്റെ യൂണിററു സന്ദർശനവേളയിൽ റിപ്പോർട്ടുചെയ്യുകയുണ്ടായി. സങ്കുചിത കാററഗറി വികാരങ്ങൾക്കടിമപ്പെട്ട് ചില അസ്സോസിയേഷൻ പ്രവർത്തകർ ഡ്രൈവേഴ്സ് യൂണിയൻകാരുമായി ചേർന്നു് CTO യേയും കൂടെയുണ്ടായിരുന്ന അസ്സോസിയേഷൻ പ്രവർത്തകരായ സഖാക്കൾ വിജയരാഘവനേയും കുറുന്തൊടി ഭാസ്ക്കരനേയും ഘെരാവോ ചെയ്യുകയുണ്ടായി. റിപ്പോർട്ടു വെട്ടിച്ചതിനുശേഷം മാത്രമേ ഘെരാവോ പിൻവലിച്ചുള്ളു. അസ്സോസിയേഷ

ൻെറ യൂണിററു നേതൃത്വത്തിലുള്ള ചിലരടക്കം ഈ ഘെരാവോയിൽ പങ്കാളി കളായിരുന്നു. ഇത്തരം പ്രവണതകഠം തുടരുവാൻ അനുവദിച്ചാൽ അസ്സോസി യേഷൻ അംഗങ്ങഠം അവരുടെ ഡ്യൂട്ടി നിർവഹിക്കപ്പെടുന്നവേളയിൽ പരസ് പരം ആക്രമിക്കപ്പെടുമെന്നുമാത്രമല്ല വ്യവസായത്തിനകത്തുള്ള പൊതുവായ അ ച്ചടക്കം നിലനിർത്താൻപോലും ആർക്കും കഴിയാത്ത സാഹചര്യം ഉണ്ടാവുക യും ചെയ്യും. ഇത്തരം പ്രവണതകഠം വ്യവസായത്തേയും സംഘടനയേയും അ രാജകത്വത്തിലേക്കാണ് നയിക്കുക. അതുകൊണ്ടുതന്നെ ഇത്തരം സമരാഭാസങ്ങ ളെ ഗൗരവമായിത്തന്നെ ഈ സമ്മേളനം വിലയിരുത്തേണ്ടതാണ്.

## സ്ഥലംമാററത്തിനുള്ള ഗൈഡ്ലൈനുകൾ

മുൻകാലത്തെ അപേക്ഷിച്ച് ജനറൽ ട്രാൻസ്ഫറിൽ പരാതി വളരെ കുറഞ്ഞ കാലമായിരുന്നു റിപ്പോർട്ട് വർഷം. തലങ്ങും വിലങ്ങുമായി എല്ലാ കാലത്തും സ്ഥലംമാററം നടത്തിയിരുന്ന സ്ഥിതി കുറഞ്ഞതോടെ മദ്ധ്യവേനല വധിക്കാലത്തുമാത്രമായി ജനറൽ ട്രാൻസ്ഫർ പരാതി ഒതുങ്ങിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അനാവശ്യമായ ഇടപെടലുകഠംക്ക് ഒരു പരിധിവരെ കടി ഞ്ഞാണിടാൻ സഹായകമായിട്ടുണ്ട്. പരിപൂർണ്ണമായി പരാതികഠം പരിഹ രിച്ചതായി അവകാശപ്പെടുന്നില്ല. മാനേജുമെൻറ്തന്നെ പുറത്തിറക്കിയ ട്രാൻസ്ഫർ ഗൈഡ്ലൈൻ ലംഘിക്കുന്ന കാര്യത്തിൽ അവർ ഒരിക്കലും പി ന്നിലായിരുന്നില്ല. തൽഫലമായി പല യൂണിററുകളിലും ആവശ്യത്തിനു് ജീവനക്കാരെ ലഭിക്കാത്ത സ്ഥിതിയുണ്ടായി. പല യൂണിററുകളുടെയും നില നിൽപ്പുപോലും അപകടകരമായവിധത്തിൽ ക്യാൻസലേഷൻ വർദ്ധിപ്പിക്കാൻ ഇതു് സഹായമാവുകയുണ്ടായി. തൊട്ടടുത്ത യൂണിററിലേക്കു് വരുന്ന ട്രാൻ സ്ഫർപോലും റദ്ദാക്കികിട്ടുന്നതിനുവേണ്ടി ശ്രമിക്കുന്ന സ്ഥിതിയും ഇത്തരു ണത്തിൽ പരിശോധിക്കേണ്ടതാണ്. തിരുവനന്തപുരത്തുനിന്നും പൂവാറിലേ ക്കോ, ബത്തേരിയിൽനിന്നും കല്പററയിലേക്കോ, പയ്യന്നൂർനിന്നും കാസർകോ ട്ടേക്കോ, എന്തിനേറെ പാലക്കാട്ടുനിന്നും വടക്കാഞ്ചേരിക്കോ, ചാലക്കുടിയിൽ നിന്നും മാളയ്ക്കുപോലുമോ സ്ഥലംമാററപ്പെട്ടാൽ അതു് റദ്ദാക്കുന്നതിനായി മാനേജുമെൻറിനെ സമീപിക്കുന്നരീതി നമ്മുടെ സംഘടനയ്ക്കു് ഭൂഷണമാണോ എന്നു് പരിശോധിക്കേണ്ടതാണ്. നമ്മുടെ യൂണിയൻ പ്രവർത്തനത്തിൻെറ മാനദണ്ഡംതന്നെ എത്രം സ്ഥലംമാററത്തിൽ ഇടപെട്ടു എന്നതിനെ ആശ്രയിച്ച് മാത്രം വിലയിരുത്തുന്ന യൂണിററ് കമ്മിററി നേതൃത്വംപോലുമില്ലേ? ഉദ്ദേ ശിച്ച സ്ഥലത്തേക്കു് ട്രാൻസ്ഫർ കിട്ടിയില്ലെങ്കിൽ സംഘടനയ്ക്കെതിരെ വി ലകുറഞ്ഞ വിമർശനം അഴിച്ചുവിടുന്ന ഇക്കൂട്ടർ പൊതുവായപ്രശ്നം പഠിക്കാൻ തയ്യാറാകാതെ സങ്കുചിതമായി പ്രശ്നങ്ങളെ സമീപിക്കുന്നവരാണ്. അണി കളെ വ്യവസായത്തിൻെറ പ്രശ്നങ്ങഠം പഠിപ്പിക്കാനും ഇവർ മെനക്കെടാറി ല്ലെന്നതിനാൽ പലപ്പോഴും സാധാരണ അണികളുടെ നിലവാരത്തിലേക്കു് താ ഴ്ന്ന സമീപനവും കൈക്കൊള്ളാറുണ്ടു്. പൂവാർ, വിഴിഞ്ഞം, പാറശാല തുട

ങ്ങിയ സ്ഥലങ്ങളിലേക്ക് ട്രാൻസ്ഫർ പോകുന്നതു തന്നെ ഒരു പാതകമാണെന്നും അത്തരം യൂണിററുകൾ നിലനിർത്തേണ്ട ബാദ്ധ്യത തങ്ങളുടേതല്ലെന്നുമുള്ള ഒരു പൊതു ധാരണയാണ് നമ്മുടെ മിക്ക സഖാക്കളേയും നയിക്കുന്നതു്. ഏതായാലും സ്ഥലംമാററ കാര്യത്തിൽ I N L C യുമായി കൂടിയാലോചന നടത്തി ഒരുനിർദ്ദേശം നാം വകുപ്പുമന്ത്രിക്കു സമർപ്പിച്ചിട്ടുണ്ടു്. അതു താഴെകൊടുക്കുന്നു

1) സ്ഥിരമായ താമസ സ്ഥലത്തുനിന്നും ഏററവും അടുത്തു് സ്ഥിതിചെയ്യുന്ന ഡിപ്പോ/സബ്ഡിപ്പോ/വർക്ക്ഷോപ്പുകൾ ഒരു ജീവനക്കാരൻെറ ഹോം യൂണിററായിരിക്കും. പ്രസ്തുത യൂണിററ് ഉൾപ്പെടുന്ന ജില്ല ഹോം ജില്ലയുമായിരിക്കും.

2) ഹോം യൂണിററിൽനിന്നും 35 കി. മീററ റിനപ്പുറം സ്ഥിതിചെയ്യുന്ന യൂണിററിൽ ജോലിചെയ്യേണ്ടതായി വന്നാൽ ഹോം ജില്ല വിട്ടുപ്രവർത്തിക്കുന്നതായി പരിഗണന നൽകും.

ഹോം യൂണിററിൽനിന്നും 35 മുതൽ 100 കി. മീററ റിനകം സ്ഥിതിചെയ്യുന്ന യൂണിററുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കു് 3 കൊല്ലം ഇംകമ്പബൻസി കാലമായും 100 മുതൽ 220 കി. മീററ റിനകം സ്ഥിതിചെയ്യുന്ന യൂണിററുകളിൽ രണ്ടുകൊല്ലം ഇംകമ്പബൻസി കാലമായും 220 കി. മീററ റിലധികവും വയനാട് ജില്ലയിലെയും, മൂന്നാർ തുടങ്ങിയ യൂണിററുകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്കു് ഇംകമ്പബൻസി ഒരു കൊല്ലമായിരിക്കും.

3) ഹോം യൂണിററിൽനിന്നും 35 കി. മീററ റിനപ്പുറം സ്ഥിതിചെയ്യുന്ന യൂണിററിൽ പ്രവർത്തിയെടുക്കുന്ന ഒരു ജീവനക്കാരനെ അദ്ദേഹത്തിൻെറ ഹോം ജില്ലയ്ക്കു് പുറത്തു് സ്ഥലംമാററപ്പെട്ടാൽ മുൻ ട്രാൻസ്ഫർ കാലംകൂടി ചേർത്ത് ഇംകമ്പബൻസി നിശ്ചയിക്കുന്നതായിരിക്കും.

4) ഏപ്രിൽ മേയ് മാസങ്ങളിൽ ജനറൽ ട്രാൻസ്ഫർ നടത്തുന്നതാണ്. ജനുവരി 31 ന മുമ്പായി അപേക്ഷകൾ യൂണിററു് ഓഫീസറുടെ ശുപാർശയോടുകൂടി ചീഫ് ഓഫീസിൽ എത്തിക്കേണ്ടതും ഏപ്രിൽ ഒന്നിനുമുമ്പായി ട്രാൻസ്ഫറിനു വിധേയരാകുന്ന ജീവനക്കാർക്കു ഒരു മാസത്തെ നോട്ടീസ് നൽകേണ്ടതാണ്. വൈകി കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5) ഇൻകുമ്പൻസി പൂർത്തിയാക്കുന്ന ജീവനക്കാരനു് അദ്ദേഹത്തിൻെറ ഹോം യൂണിററിലോ, ഹോം ജില്ലയിലോ സ്ഥലം മാററം നൽകേണ്ടതാണ്. ഹോം യൂണിററിൽ മാററം ലഭിക്കാത്ത ജീവനക്കാർക്കു് അടുത്തുവരുന്ന ഒഴിവുകളിൽ മുൻഗണനാക്രമത്തിൽ മാററം നൽകുന്നതുമായിരിക്കും.

6) ഒരിക്കൽ ഹോം യൂണിററു നിശ്ചയിക്കപ്പെട്ടാൽ അദ്ദേഹത്തിൻെറ സർവീസ് കാലയളവിനുള്ളിൽ രണ്ടുതവണ തക്കതായ കാരണത്തിന്മേൽ ഹോം യൂണിററു മാററത്തിനു് അപേക്ഷിക്കാവുന്നതാണ്.

7) ഹോം യൂണിററിനുപുറത്തു് ജോലിചെയ്യുന്ന ഒരു ജീവനക്കാരൻെറ

ഇൻകുമ്പൻസി കാലം അവസാനിച്ചാൽ അദ്ദേഹത്തിൻെറ അപേക്ഷ കൂടാതെ തന്നെ ഹോം യൂണിററിലേയ്ക്കു് മാററം നൽകുന്നതാണ്. ഇപ്രകാരം മാററം നൽകുമ്പോഠം മാററത്തിനു് വിസമ്മതം രേഖപ്പെടുത്തുന്ന ജീവനക്കാരുടെ ഹോം യൂണിററു് മാററുന്നതും, പ്രസ്തുത യൂണിററിൽ ജോയിൻ ചെയ്ത തീയതിമുതൽ ട്രാൻസ്ഫർ സീനിയോറിററി കാലമായി പരിഗണിക്കുന്നതുമായിരിക്കും. ഇതു നിമിത്തം അദ്ദേഹത്തിൻെറ ഹോം യൂണിററു മാററം ആവശ്യപ്പെടുന്നതിനുള്ള ഒരു ചാൻസ് നഷ്ടപ്പെടുന്നതുമായിരിക്കും.

8) ഓരോ ട്രാൻസ്പോർട്ടു് സഹകരണസംഘത്തിനും അതിൻെറ ഡയറക്ടർബോർഡു് തീരുമാനപ്രകാരം ഒരു ബോർഡു് അംഗത്തിനു് ഭരണസമിതിയുടെ കാലയളവിലേയ്ക്കു് ട്രാൻസ്ഫറിൽ നിന്നും പ്രൊട്ടക്ഷൻ നൽകുന്നതാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങഠംകൂടി ഉഠംക്കൊള്ളിച്ചു് നിലവിലുള്ള ട്രാൻസ്ഫർ ഗൈഡ്‌ലൈൻ പരിഷ്ക്കരിക്കുന്നതു് ഉചിതമായിരിക്കും.

ഇത്തരം നടപടികഠം പൂർത്തീകരിക്കുന്നതിനു് കാലതാമസം നേരിടുമെന്നതിനാൽ ഈ വർഷത്തെ ട്രാൻസ്ഫറിലെ ബുദ്ധിമുട്ടുകഠം ഒഴിവാക്കുന്നതിനു് താഴെപറയുന്ന നിർദ്ദേശങ്ങഠം കൂടി നാം സമർപ്പിക്കുകയുണ്ടായി.

1) അത്യാവശ്യംവേണ്ടുന്ന ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി കുറവുള്ള ജീവനക്കാരെ വേണ്ടുന്ന യൂണിററുകളിൽ നിയമനം നടത്തുക. അതോടൊപ്പം അധികം വരുന്ന ജീവനക്കാരെ കുറവുള്ള യൂണിററുകളിലേയ്ക്കു് നിയമാനുസരണം സ്ഥലം മാററുക. ഒരു മാസത്തിനുള്ളിൽ ഡ്രൈവറുടെ അഡൈ്വസ് ലിസ്ററു് PSC യിൽ നിന്നും ലഭിക്കുമെന്നു് പ്രതീക്ഷിക്കാം. മററു് വിഭാഗം തൊഴിലാളികളുടെ PSC ലിസ്ററു് നിലവിലുണ്ട്.

2) 1–5–1989 നു് പ്രാവർത്തികമാക്കുന്ന ജനറൽ ട്രാൻസ്ഫർ 30–6–89 വരെ മാററിവയ്ക്കുക. മുൻകൊല്ലത്തെ ജനറൽ ട്രാൻസ്ഫറും 30-6-89 നാണ് പ്രാവർത്തികമായതു്. ഇൻകമ്പൻസി 30-6-89 വരെയാണ് കണക്കിലെടുത്തിരിക്കുന്നതും എന്നാൽ ഇൻകുമ്പൻസി പൂർത്തിയാക്കിയ ജീവനക്കാരെ ഉടനെ റിലീസ് ചെയ്യേണ്ടതാണ്.

3) മുൻസർക്കാരിൻെറ ഭരണഘട്ടത്തിൽ നടന്ന ഷെഡ്യൂഠം കാൻസലേഷനിൽ ഏറെയും മദ്ധ്യകേരളത്തിലെ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണുണ്ടായതു്. 40%ത്തിലധികം ഷെഡ്യൂളുകഠം ഈ ജില്ലകളിൽ റദ്ദാക്കപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താലാണ് ഈ ജില്ലയിൽ നേരിയതോതിൽ ജീവനക്കാരുടെ എണ്ണം അധികരിക്കാനിടയായതു്. മേലിൽ ഷെഡ്യൂഠം വർദ്ധിപ്പിക്കുമ്പോഠം മേൽപ്പറഞ്ഞ റവന്യൂ ജില്ലയിലെ യൂണിററുകഠംക്കു് മുൻഗണന നൽകേണ്ടതാണ്.

4) രണ്ടും മൂന്നും കൊല്ലങ്ങളായി കോടതി സ്റ്റേയുടെ മറവിൽ ട്രാസ്ഫറിൽനിന്നും ഒഴിവായി കഴിയുന്ന ജീവനക്കാരെ നിയമാനുസൃതം സ്ഥലം മാററത്തിനുള്ള സത്വരനടപടി കൈകൊള്ളുക.

5) റവന്യൂജില്ലയ്ക്കുള്ളിലെ സ്ഥലംമാററങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുക,

6) നിലവിൽ ഇൻട്രാ ഡിസ്ട്രിക്ററ് ട്രാൻസ്ഫറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ അപേക്ഷ പരിഗണിക്കേണ്ടതും ട്രാൻസ്ഫറിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുക.

## ഡ്രൈവർമാരിൽനിന്നും നഷ്ടപരിഹാരത്തുക ഈടാക്കുന്ന നടപടി നിറുത്തിവച്ചു

നെയ്യാററിൻകര ഡ്രൈവേഴ്സ് യൂണിയനംഗമായിരുന്ന ഒരു ജീവനക്കാരനിൽനിന്നും വർഷങ്ങൾക്ക മുമ്പുണ്ടായ ഒരു വാഹന അപകടത്തെത്തുടർന്ന് MACT വിധിച്ച നഷ്ടപരിഹാര തുകയുടെ ഒരു വിഹിതം ഈടാക്കുന്നതിന്ന് മാനേജുമെൻറ് ഉത്തരവിറക്കുകയുണ്ടായല്ലോ. അതിനെത്തുടർന്ന് ഡ്രൈവേഴ്സ് യൂണിയൻ ഹൈക്കോടതിയിലെത്തുകയും മാനേജുമെൻറിനനുകൂലമായ വിധി ഉണ്ടാക്കുകയും ചെയ്തു. ഇതോടെ ഇന്ത്യയിലെ മുഴുവൻ ഡ്രൈവർമാരേയും ദ്രോഹിക്കുന്ന ഉത്തരവ് കോടതി മുഖേന ശരിവയ്പ്പിക്കുന്നനടപടിയാണ് ഡ്രൈവേഴ്സ് യൂണിയന് നേടാൻ കഴിഞ്ഞത്. വിഭാഗീയ കാററഗറി സംഘടനകൾ തങ്ങളുടെ വികലമായ ട്രേഡ് യൂണിയൻ ധാരണകൾമൂലം തൊഴിലാളികളെ ദ്രോഹിക്കുന്നതിൻെറ ഉദാഹരണംകൂടിയാണിത്. ഏതായാലും നമ്മുടെ സംഘടന ഇതുസംബന്ധിച്ച് വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും തൊഴിലാളികൾക്കനുകൂലമായ ഉത്തരവ് നേടുകയും ചെയ്തു. കൂടാതെ അപകടത്തെത്തുടർന്നുണ്ടാകുന്ന ദുരിതാവസ്ഥയിൽനിന്നും തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി തേർഡ് പാർട്ടി ഇൻഷുറൻസ് നടപ്പാക്കണമെന്ന ദീർഘകാലമായ നമ്മുടെ ആഗ്രഹവും മന്ത്ലി കോൺഫറൻസ് തീരുമാനം വഴി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ഉത്തരവിനാകട്ടെ ക്യാബിനററ് അംഗീകാരവും നേടിക്കഴിഞ്ഞു.

## വർക്ക്ഷാപ്പുകളിലെ വർക്ക്നോംസ്

സെൻട്രൽ വർക്സ്, റീജണൽ വർക്ക്ഷാപ്പുകൾ എന്നീ യൂണിററുകളിലെ വർക്ക്നോംസ് പുനഃപരിഷ്കരിക്കേണ്ടതിനെ സംബന്ധിച്ച് കഴിഞ്ഞ കാല കരാറിൽതന്നെ ചില നിർദ്ദേശങ്ങൾ ഉണ്ടായിരുന്നുവല്ലൊ. അതിൽ തന്നെ ചില മാററങ്ങൾ വേണമെന്ന് നാം പിന്നീട് മാനേജുമെൻറുമായി നടത്തിയ ചർച്ചയിൽ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ പിന്നീട് അതു നടപ്പിലാക്കാൻ മാനേജുമെൻറ് എന്തുകൊണ്ടോ തുനിഞ്ഞില്ല. ഇപ്പോൾ അക്കൗണ്ടൻറ് ജനറലിൻെറ നിർദ്ദേശാനുസരണം ആ വർക്ക്നോംസ് വളരെ പെട്ടെന്ന് നടപ്പിലാക്കാൻ മാനേജുമെൻറ് തയ്യാറായി. അസോസിയേഷനുമായി ചർച്ചചെയ്തുകൊണ്ടു മാത്രമേ ഇതു് നടപ്പാക്കാവൂ എന്നു നാം പറഞ്ഞു. ഇപ്പോൾ

അതിനെ സംബന്ധിച്ചുള്ള ചർച്ചകൾക്ക് മാനേജുമെൻറ് തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ട്.

പക്ഷെ നിലവിലുള്ള പഴയ വർക്ക്നോം ഒരുതരത്തിലും മാററാൻകഴിയില്ലെന്ന സമീപനം തെററാണ്. ഓരോ വർക്ക്ഷോപ്പിലെയും നിലവിലുള്ള സാഹചര്യം പരിശോധിച്ച് വർക്ക്നോംസിൽ ആവശ്യമായ മാററങ്ങൾ വരുത്താൻ നാം തയ്യാറാകണമെന്നാണ് നമ്മുടെ പക്ഷം. കഴിഞ്ഞ കരാറിലാകട്ടെ നാം അതംഗീകരിക്കുകയുംചെയ്തിട്ടുണ്ട്. വ്യവസായത്തിൻെറ പുരോഗതിക്കും ഈ സമീപനം അത്യന്താപേക്ഷിതമാണ്.

ഈ പ്രശ്നത്തിൽ ഒരു യോജിച്ച തീരുമാനം ഉണ്ടാക്കാൻ നമുക്ക് കഴിയണം. അതിൻെറ അടിസ്ഥാനത്തിൽ റീജിയണൽ വർക്ക്ഷാപ്പിലെയും സെൻട്രൽ വർക്സിലെയും കമ്മിററി വീണ്ടും സംയുക്തയോഗങ്ങൾ ചേരാവുന്നതാണ്. സെൻട്രൽ വർക്സിലെ ബോഡി ബിൽഡിംഗിൽ 575 മാൻഡൈസ് 395 ആയി കുറച്ചപ്പോൾ പ്രതിപക്ഷ യൂണിയനുകളും എ.ഐ.ടി.യു.സി.ക്കാരടക്കം പ്രക്ഷോഭണം നടത്തി. പക്ഷെ നാം നടത്തിയ പ്രചാരണം ഈ പ്രചരണങ്ങളുടെ പൊള്ളത്തരം പൊളിച്ചുകാട്ടി. അത്തരമൊരു പ്രചാരണം വർക്ക്നോംസിൽ വരുത്തേണ്ട മാററങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോഴും ഉണ്ടായേ പററൂ. ഇതു് സംഘടനയുടെ ഇമേജ് തകർക്കാനല്ല, പ്രത്യുത വളർത്താനേ സഹായിക്കൂ.

## ആലുവാ ടയർഷോപ്പിലെ പ്രശ്നങ്ങൾ

രണ്ടരക്കൊല്ലത്തിലധികമായി വിദഗ്ദ്ധ പരിശീലനം നേടി ഇൻഡാഗ് സെക്ഷനിൽ ടയർ റീട്രേഡർ ട്രെയിനികളായി ജോലി തുടർന്നുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടു് 19–4–89ൽ നമ്മുടെ സംഘടന മാനേജുമെൻറിനെ സമീപിച്ചു. കൂടാതെ ഡ്രൈയിംഗ് റൂം, സ്റ്റോർ റൂം, എയർകണ്ടീഷൻ റൂം എന്നിവ നിർമ്മിച്ചുകിട്ടുന്നതിനും ആവശ്യമായ മെയിൻറനൻസ് നടത്തിക്കുന്നതിനും, വർക്ക്ഷോപ്പിലെ ശബ്ദമലിനീകരണം തടയുന്നതിനും ക്യൂറിംഗിനുമുമ്പുള്ള എല്ലാ പ്രോസസിംഗ് ജോലികളും ഒരു ജീവനക്കാരൻതന്നെ ചെയ്യുന്ന സമ്പ്രദായത്തിനുപകരം സ്റ്റേജ് സമ്പ്രദായം നടപ്പാക്കുന്നതിനും നാം മാനേജുമെൻറിനോടാവശ്യപ്പെട്ടു. സുദീർഘമായ ചർച്ചകൾക്കുശേഷം ട്രെയിനികളെ സ്ഥിരപ്പെടുത്താൻ നടപടിയെടുക്കുന്നതാണെന്നു് തീരുമാനമുണ്ടായി. കൂടാതെ മെയിൻറനൻസ് തുടങ്ങിയ കാര്യങ്ങളിൽ സത്വരനടപടികൾ കൈക്കൊള്ളുന്നതിനു് മെക്കാനിക്കൽഎഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിറക്കാനും കഴിഞ്ഞു. കർണ്ണാടക സ്റ്റേററ് ട്രാൻസ്പോർട്ടിലെ ഇൻഡാഗ് പ്രോസസിംഗ്, വർക്ക്ഷോപ്പ് ക്രമീകരണങ്ങൾ എന്നിവ നേരിൽകണ്ടു പഠിക്കുന്നതിനായി തൊഴിലാളി–മാനേജുമെൻറ്പ്രതിനിധികളെ മൈസൂറിലേക്ക് അയയ്ക്കുകയുണ്ടായി. അസോസിയേഷനെ പ്രതിനിധീകരിച്ച് എം.ജെ.ടോമി, കെ.ജി.മൈക്കിൾ, ഗോ

പാലകൃഷ്ണൻ നായർ എന്നീ സഖാക്കൾ ആയിരുന്ന പ്രതിനിധി സംഘത്തി ലുണ്ടായിരുന്നതു്.

ഇൻഡോർ സെക്ഷനിൽ നാമമാത്രമായ അംഗങ്ങളേ അസോസിയേഷ നിലുള്ളവെങ്കിലും ജീവനക്കാരുടെ സംഘടനാ ചായ്‌വ് നോക്കാതെ മുഴുവൻ തൊഴിലാളികളുടെയും പ്രശ്നമെന്ന നിലയ്ക്ക് നമ്മുടെ സംഘടന ഇതിനെ സമീപിക്കുകയുണ്ടായി.

## ചാനൽ മാറി പ്രമോഷൻ നയം തിരുത്തുന്നു

പൊതുവെ ജീവനക്കാരിൽ അസംതൃപ്തിയുടെ വിത്തുപാകിക്കൊണ്ട് ചാനൽമാറി പ്രമോഷൻ നിശ്ചയിക്കുന്ന രീതിയിലേക്കും ഇതിനിടെ മാനേജുമെൻറ് തുനിയുകയുണ്ടായല്ലൊ. എന്നാൽ നമ്മുടെ സംഘടനയുടെ നിർദ്ദേശം ഇക്കാര്യത്തിൽ പുതുതായിവന്ന എം. ഡി. അംഗീകരിക്കുകയും വിവിധ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുകയും ചെയ്തു. തൽഫലമായി കോർപ്പറേഷൻ സെക്രട്ടറിയുടെ തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിനും എക്സിക്യൂട്ടീവ് ഡയറക്ടർ ഓപ്പറേഷൻ എന്ന തസ്തിക ഓപ്പറേററിംഗ് വിഭാഗത്തിനും അംഗീകരിക്കുകയുണ്ടായി. മെക്കാനിക്കൽ വിഭാഗത്തിനു് മെയിൻറനൻസ് ആൻറ് വർക്ക്സ്, ടെക്നിക്കൽ എന്നീ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ തസ്തികകളും എക്സിക്യൂട്ടീവ് ഡയറക്ടർ അഡ്മിനിസ്ട്രേൻ മിനിസ്റ്റീരിയൽ വിഭാഗത്തിനും നൽകാമെന്നു് അംഗീകരിച്ചിട്ടുണ്ട്.

## സ്ററാഫ് വെൽഫെയർ ഫണ്ട് കമ്മിററി

3–10–88 നു് ചേർന്ന സ്റ്റാഫ് വെൽഫെയർ ഫണ്ട് കമ്മിററി യോഗം താഴെക്കാണുന്ന പ്രധാനപ്പെട്ട തീരുമാനങ്ങൾ കൈകൊണ്ടു.

86–87, 87–88 വർഷങ്ങളിലെ ആഡിററുചെയ്ത വരവുചെലവു കണക്കുകൾ അംഗീകരിച്ചു. പ്രതിമാസ ചെലവു കഴിച്ചുള്ള സംഖ്യ ഫിക്സഡ് ഡെപ്പോസിററിൽ നിക്ഷേപിക്കുന്നതിനു് തീരുമാനമായി.

ഗ്രൂപ്പ് ഇൻഷുറൻസ് വെൽഫെയർ ഫണ്ടിലെ എല്ലാ അംഗങ്ങൾക്കും ബാധകമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. 1–4–72 ൽ സർവീസിലുണ്ടായിരിക്കുകയും നാളിതുവരെ അംഗത്വമെടുക്കാത്തവരുമായ വർക്ക് നിധിയുടെ നിയമാവലിയനുസരിച്ച് 5 വർഷത്തെ സർവീസുണ്ടെങ്കിൽ അംഗത്വമെടുക്കുന്നതിനു് ഒരവസരവും കൂടി നൽകാൻ തീരുമാനമുണ്ടായി. നാളിതുവരെയുള്ള ബൈലാഭേദഗതികൾ ഉൾക്കൊള്ളിച്ച് പാസ്സ് ബുക്കും നിയമാവലിയും അച്ചടിക്കുന്നതിനും തീരുമാനമെടുത്തു. ക്ഷേമനിധി നമ്പരും പാസ്ബുക്കും ലഭിച്ചിട്ടില്ലാത്ത എല്ലാ ജീവനക്കാർക്കും വിതരണം ചെയ്യാനും ഈ കമ്മിററി തീരുമാനമെടുത്തു.

ഏകപക്ഷീയമായി വെൽഫെയർ ഫണ്ട് വിഹിതം വർദ്ധിപ്പിക്കുന്നതിന് മാനേജ്മെൻറ് ശ്രമം നടത്തി. അസ്സോസിയേഷൻ നടപ്പിൽ വരുത്തുന്ന കുടുംബക്ഷേമനിധി പരാജയപ്പെടുത്തുക എന്നതായിരുന്നു അവരുടെ ഗൂഢോദ്ദേശ്യം. കോർപ്പറേഷൻ ബോർഡിൽ AITUC ഇക്കാര്യം ഉന്നയിച്ചപ്പോൾ സ്ററാഫ് വെൽഫെയർഫണ്ടുകമ്മിററിക്കു മാത്രമാണ് വിഹിതം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനം എടുക്കാനുള്ള അധികാരമുള്ളവെന്ന വസ്തുത നാം ചൂണ്ടികാട്ടി. ഏതായാലും വീണ്ടും ഈ പ്രശ്നം ഉന്നയിക്കാനിടയുണ്ട്. അക്കൗണ്ട് ആഡിററിനുശേഷം മാത്രം ഇക്കാര്യം പരിശോധിക്കാമെന്ന നിലപാടാണ് നമുക്കുള്ളതു്.

## കൺസൾട്ടേററീവ് കമ്മിററി

ട്രാൻ: കോർപ്പറേഷന് ഒരു കൺസൾട്ടേററീവ് കമ്മിററി രൂപീകരിയ്ക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. നിർദ്ദിഷ്ട കമ്മിററിയിലേയ്ക്ക് അസ്സോസിയേഷനെ പ്രതിനിധീകരിച്ച് സ: വി. പ്രഭാകരൻേറയും (സംസ്ഥാന സെക്രട്ടറി), സി.പി.ഐ. (എം.) പ്രതിനിധിയായി സ: ഇ. പത്മനാഭനൻേറയും പേർ നൽകപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത കമ്മിററി രൂപീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനം നാളിതുവരെ പുറത്തുവന്നിട്ടില്ല.

## കൊട്ടിയൂർ സ്പെഷ്യൽ സർവീസ്

മാനേജ്മെൻറിൻെറ കെടുകാര്യസ്ഥതയും പിടിവാശിയും മൂലം അവതാളത്തിലാക്കാൻ ശ്രമിച്ച കൊട്ടിയൂർ സ്പെഷ്യൽ സർവീസ് വിജയിപ്പിപ്പിക്കുന്നതിന് കണ്ണൂർ കമ്മിററി പ്രശംസനീയമായി പ്രവർത്തിക്കുകയുണ്ടായി. ബാദ്ധ്യതകളേറെറടുക്കാൻ മാനേജ്മെൻറ് പരാജയപ്പെടുന്നിടത്തു് ജനകീയ താൽപ്പര്യം പരിഗണിച്ച് സാഹചര്യത്തിനൊത്തുയരാൻ നമ്മുടെ സംഘടനയ്ക്ക് കഴിഞ്ഞുവെന്നതിൻെറ ഉദാഹരണം കൂടിയാണ്. മേയ് 19 മുതൽ ജൂൺ 10 വരെയായിരുന്നു സ്പെഷ്യൽ കാലം. കഴിഞ്ഞ വർഷം 10.53 ലക്ഷം രൂപ നേടാൻ കഴിഞ്ഞ ഈ സ്പെഷ്യലിന് ആവശ്യമായ മുന്നൊരുക്കങ്ങളൊന്നും തന്നെ മാനേജ്മെൻറ് നടത്തിയിരുന്നില്ല. അവസാനം നമ്മുടെ സംഘടന ഇടപെട്ട് സർവീസിൻെറ പ്രാധാന്യം ബോദ്ധ്യപ്പെടുത്തിയിട്ടും സ്ഥലം സന്ദർശിച്ച CTO ഫലപ്രദമായ സർവീസിനുവേണ്ട നടപടിയെടുക്കുകയുണ്ടായില്ല. കഴിഞ്ഞവർഷം 40 ബസ്സുകൾ ഓടിച്ചിടത്തു് കേവലം 29 ബസ്സുകൾ മാത്രമാണ് അനുവദിച്ചതു്. സ്പെയർപാർട്ടുകൾ വളരെ വൈകിമാത്രമേ യൂണിററിലെത്തിച്ചുള്ളവെന്നതും ആവശ്യത്തിന് വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് തടസ്സമായി. ആവശ്യത്തിനു വാഹനങ്ങൾ ഇല്ലാത്തതുമൂലം യാത്രക്കാരുടെ ദുരിതത്തിനും അപ്രീതിക്കുമിടയിൽ അർപ്പണബോധത്തോടും ആത്മാർത്ഥതയോടും കൂടി മാനേജ്മെൻറിൻെറ നിഷേധാത്മക സമീപനത്തെ അതിജീവിക്കാൻ തന്നെ നമ്മുടെ സഖാക്കൾ ശ്രമിച്ചു. പ്രതികൂലസാഹചര്യങ്ങളായിരുന്നിട്ടും ഒരു വെല്ലുവിളി

എന്ന നിലയിൽ കഠിനാദ്ധ്വാനം ചെയ്തു് മുൻവർഷത്തേക്കാറം കൂടുതൽ വരുമാനം (10.75 ലക്ഷം) നേടാൻ സാധിച്ചുവെന്നതു് അനുമോദനാർഹമാണ്. ഒരു സി. ഐ. ടി. യു. സ്പെഷ്യൽ എന്ന പ്രചരണവുമായി രംഗത്തെത്തിയ ഇതര യൂണിയൻ നേതൃത്വങ്ങറം വ്യവസായ താൽപ്പര്യത്തിനെതിരായ നിലപാടിന് മാനേജ്മെൻറിനെപ്പോലെതന്നെ കൈകൊണ്ടതു്, വ്യവസായ നടത്തിപ്പിൽ മാനേജ്മെൻറ് ഉത്തരവാദിത്വത്തിൽ വീഴ്ചവരുത്തുന്നിടത്തു് തൊഴിലാളികളുടെ നേതൃത്വപരമായ പങ്കുകൊണ്ടുമാത്രമേ സർവീസുകറം വിജയപ്പിക്കാനാവൂ എന്നു് ഇതു് തെളിയിയ്ക്കുന്നു. നിരുത്തരവാദപരമായ ഇത്തരം സമീപനങ്ങളെ തുറന്നുകാട്ടികൊണ്ടുമാത്രമേ മാനേജ്മെൻറിനേയും സങ്കുചിത ചിന്താഗതിക്കാരായ ട്രേഡ്‌യൂണിയൻ നേതാക്കളെയും തിരുത്തിക്കാനാവൂ.

STPF—ൽ നിന്നും GPF ലേയ്ക്കു്:—

1984 ഏപ്രിൽ മാസത്തോടെയാണ് ട്രാൻ: തൊഴിലാളികറംക്ക് പെൻഷൻ ബാധകമാക്കിയതു്. ഇതോടെ STPF–GPF ആക്കി മാററുന്നതിനു് അസോസിയേഷൻ മുൻകയ്യെടുത്തു് ആവശ്യമായ നടപടികറം നീക്കി. അക്കൗണ്ടുകറം ക്രമത്തിലാക്കിയതോടെ 6 കോടിയിൽപ്പരം രൂപ പലിശ ഇനത്തിൽ തൊഴിലാളികറംക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ അതിൻെറ ഫലമായി 1–10–1988 മുതൽ GPF ബാധകമാക്കിയതിനാൽ കടമെടുക്കുന്നതിനു് ആറുമാസം പിന്നിട്ടാൽ മാത്രം മതിയെന്ന സ്ഥിതിയായി. മുമ്പു് മുഴവൻ തുകയും തിരിച്ചടച്ചതിശേഷമേ കടം അനുവദിച്ചിരുന്നുള്ളുയെങ്കിൽ ഈ സൗകര്യംമൂലം അപേക്ഷകരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ലോൺ അപേക്ഷകറം കെട്ടികിടക്കാൻ തുടങ്ങിയപ്പോറം നമ്മുടെ സഖാക്കളുടെ പരിശ്രമഫലമായി അപേക്ഷകറം തീർപ്പുകൽപ്പിച്ചു് അയക്കുകയുണ്ടായി. എന്നാൽ ഫണ്ടിൻെറ അഭാവം തുടരുന്നതുകൊണ്ടു് കടമെടുക്കുന്ന പ്രശ്നം പൂർണ്ണമായും പരിഹൃതമായിട്ടില്ല. ഫിക്സഡ് ഡിപ്പോസിററിൽ നിക്ഷേപിച്ചിട്ടുള്ള തുക കാലാവധി പൂർത്തിയാക്കിയതു് 2 തവണ എടുത്തു് ലോൺ നൽകുന്നതിനു് ഉപയോഗിച്ചു. അപേക്ഷകരുടെ എണ്ണം വർധിച്ചതോടെ പ്രതിമാസം ഒരു കോടിയോളം രൂപ ലോൺ നൽകുന്നതിൽ വർദ്ധനയുണ്ടായിട്ടുണ്ട്.

# ഫണ്ടുകൾ

## സി. ഐ. ടി. യു. ഫണ്ട്

സി.ഐ.ടി യു. ആഹ്വാനംചെയ്യുതനുസരിച്ച് 1988 മേയ് മാസത്തോടെ തൊഴിലാളികളിൽനിന്നും അഞ്ചുരൂപാവീതം പിരിച്ചെടുത്തു് സംസ്ഥാനകമ്മിററിക്ക് എത്തിച്ചിട്ടുണ്ട്. 35000 രൂപയായിരുന്നു നമ്മുടെ ക്വാട്ട. 1989–ലെ സി.ഐ.ടി.യു. ഫണ്ട് ജൂൺ മാസത്തോടെ സംഭരിക്കാനാണ് സംസ്ഥാന കമ്മിററിയുടെ ആഹ്വാനം. അതനുസരിച്ചുള്ള യൂണിററുകളുടെ ക്വാട്ട നിർദ്ദേശിച്ചിട്ടും ആയതു് പൂർത്തീകരിക്കുവാൻ പല യൂണിററുകറംക്കും കഴിഞ്ഞിട്ടില്ല

50000 രൂപ നാം സംസ്ഥാന കമ്മിററിക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. ക്വാട്ട യ്ക്കനുസരിച്ച് യൂണിററുകൾ പണം സംഭരിക്കാത്തപക്ഷം നമ്മുടെ പ്രവർത്തന ഫണ്ടിൽനിന്നും എടുത്ത് ക്വാട്ട പൂർത്തീകരിക്കേണ്ടിവരും. ഫണ്ടുപിരിവ് സംബന്ധിച്ച് H O നൽകിയ മാർഗരേഖ അവഗണിച്ച യൂണിററുകളാണ് ക്വാട്ട പൂർത്തീകരിക്കാതിരിക്കുന്നത്. സി.ഐ.ടി.യു. നമ്മുടെ തൊഴിലാളികൾക്കിടയിൽ മാത്രമല്ല അന്യ യൂണിയനിൽ നിൽക്കുന്ന തൊഴിലാളികളുടെ മനസ്സിലും ശ്രേഷ്ഠമായ പദവി നേടിയെടുത്തിട്ടുണ്ട്. എല്ലാ തൊഴിലാളികളേയും ഈ ധാരണയുടെ അടിസ്ഥാനത്തിൽ സമീപിച്ചാൽ ഫണ്ടുപിരിവ് വൻ വിജയമാക്കാവുന്നതാണ്. ഫണ്ടുപിരിവ് സംബന്ധിച്ച് തിരുത്തേണ്ട യൂണിററുകൾ തങ്ങളുടെ ധാരണകൾ തിരുത്തണമെന്നും രേഖപ്പെടുത്തുന്നു. യൂണിററുകളുടെ ക്വാട്ടയും H O യിൽ ലഭിച്ച തുകയും താഴെ രേഖപ്പെടുത്തുന്നു.

| | യൂണിററ് | ക്വാട്ട | H O യിൽ ലഭിച്ചത് | കഴിഞ്ഞ വർഷത്തെ ബാക്കി |
|---|---|---|---|---|
| 1 | R/W കോഴിക്കോട് | 750 | 750 | — |
| 2 | ബത്തേരി | 1600 | 1600 | — |
| 3 | പയ്യന്നൂർ | 800 | 675 | — |
| 4 | കാസർകോഡ് | 500 | 500 | — |
| 5 | മൂന്നാർ | 100 | 100 | — |
| 6 | കൊല്ലം | 1300 | 1300 | 500 |
| 7 | കായംകുളം | 1250 | 1250 | — |
| 8 | മാവേലിക്കര | 350 | 350 | — |
| 9 | ആലപ്പുഴ | 1500 | 530 | — |
| 10 | എറണാകുളം | 800 | 800 | 385 |
| 11 | R/W ആലുവ | 750 | 750 | 50 |
| 12 | പറവൂർ | 400 | — | — |
| 13 | അങ്കമാലി | 200 | 150 | — |
| 14 | ആമ്പല്ലൂർ | 150 | 180 | — |
| 15 | വടക്കുംചേരി | 250 | — | — |
| 16 | പെരിന്തൽമണ്ണ | 600 | 600 | — |
| 17 | പൊന്നാനി | 450 | — | — |
| 18 | താമരശേരി | 500 | 350 | — |
| 19 | മാനന്തവാടി | 400 | 275 | — |
| 20 | ആററിങ്ങൽ | 1250 | 500 | 705 |
| 21 | കൊട്ടാരക്കര | 1000 | 750 | 390 |
| 22 | ചെങ്ങന്നൂർ | 1000 | 500 | — |
| 23 | പാറശാല | 400 | 300 | 400 |
| 24 | കാട്ടാക്കട | 750 | 400 | 465 |

| | യൂണിററ് | കപാട്ട | H O യിൽ ലഭിച്ചത് | കഴിഞ്ഞ വർഷത്തെ ബാക്കി |
|---|---|---|---|---|
| 25 | പൂവാർ | 250 | 250 | 500 |
| 26 | സെൻട്രൽ വർക്ക്സ് | 3000 | 2225 | 1118 |
| 27 | ചീഫ് ഓഫീസ് | 1000 | 1000 | — |
| 28 | തിരു: സെൻട്രൽ | 2250 | 1070 | 925 |
| 29 | പേരൂർക്കട | 1000 | — | 600 |
| 30 | പാലോട് | 200 | 200 | — |
| 31 | പുനലൂർ | 900 | 650 | — |
| 32 | അടൂർ | 350 | 350 | — |
| 33 | ചങ്ങനാശേരി | 750 | — | 115 |
| 34 | വൈക്കം | 300 | 300 | — |
| 35 | പന്തളം | 100 | 100 | 150 |
| 36 | പെരുൻകുന്നം | 500 | — | 55 |
| 37 | തൊടുപുഴ | 300 | — | — |
| 38 | നെയ്യാററിൻകര | 1500 | 1000 | — |
| 39 | വിഴിഞ്ഞം | 200 | — | — |
| 40 | പാപ്പനംകോട് | 1000 | 1000 | — |
| 41 | പ്രൊ: യൂണിററ് | 150 | 150 | — |
| 42 | തിരു: സിററി | 2250 | 1000 | 900 |
| 43 | വികാസ്ഭവൻ | 850 | 300 | 500 |
| 44 | നെടുമങ്ങാട് | 1000 | — | — |
| 45 | കിളിമാനൂർ | 750 | 435 | — |
| 46 | പത്തനംതിട്ട | 750 | 575 | 530 |
| 47 | തിരുവല്ല | 500 | 390 | — |
| 48 | കോട്ടയം | 1500 | 1000 | — |
| 49 | പാല | 500 | 400 | — |
| 50 | ഈരാററുപേട്ട | 300 | 300 | — |
| 51 | കോതമംഗലം | 300 | — | 147 |
| 52 | മൂലമററം | 150 | 150 | — |
| 53 | മൂവാററുപുഴ | 1000 | — | — |
| 54 | കരുനാഗപ്പള്ളി | 500 | 500 | — |
| 55 | R/W മാവേലിക്കര | 750 | 330 | 500 |
| 56 | ഹരിപ്പാട് | 300 | — | — |
| 57 | ചേർത്തല | 1250 | 500 | — |
| 58 | എറണാകുളം D/W | 800 | 655 | — |
| 59 | ആലുവ | 1000 | 915 | — |

| | യൂണിററ് | ക്വാട്ട | H O യിൽ ലഭിച്ചതു് | കഴിഞ്ഞ വർഷത്തെ ബാക്കി |
|---|---|---|---|---|
| 60 | മാള | 500 | 360 | — |
| 61 | ചാലക്കുടി | 1000 | — | — |
| 62 | തൃശൂർ | 1000 | 1000 | — |
| 63 | ചിററൂർ | 300 | 300 | — |
| 64 | മലപ്പുറം | 600 | 600 | — |
| 65 | കോഴിക്കോട് | 1750 | — | — |
| 66 | കല്പററ | 400 | — | — |
| 67 | കണ്ണൂർ | 1500 | 1500 | — |
| 68 | ഇരിങ്ങാലക്കുട | 100 | — | — |
| 69 | പെരുമ്പാവൂർ | 1000 | — | — |
| 70 | പുതുക്കാട് | 150 | 90 | — |
| 71 | ഗുരുവായൂർ | 800 | 800 | 125 |
| 72 | പാലക്കാട് | 1250 | 1000 | — |
| 73 | എടപ്പാറം R/W | 1000 | 915 | — |

ദേശാഭിമാനി ഫണ്ടു്

തൊഴിലാളി വർഗത്തിൻെറ വാക്കും നാക്കുമായ ദേശാഭിമാനി പത്രത്തിൻെറ തിരുവനന്തപുരം പതിപ്പിനുവേണ്ടി 1988 മേയ് 25—നു ഹുണ്ടികപിരിവ് നടത്തി ഫണ്ടു് സംഭരിക്കുകയുണ്ടായി.

അർമീനിയൻ ഫണ്ടു്

ഭൂകമ്പ കെടുതികാംക്കിരയായ സോവിയററ്യൂണിയനിലെ സഖാക്കളെ സഹായിക്കുന്നതിനുവേണ്ടി ശേഖരിച്ച ആർമീനിയൻ ദുരിതാശ്വാസഫണ്ടു് 14,573 രൂപ ജനുവരി മാസത്തിൽ സി. ഐ. ടി. യു. സംസ്ഥാന കമ്മിററി മുഖേന എത്തിച്ചുകൊടുത്തിട്ടുണ്ടു്.

ബീഹാർ ദുരിതാശ്വാസഫണ്ടു്

രൂക്ഷമായ ഭൂകമ്പക്കെടുതികാംക്കിടയിൽപ്പെട്ടു് പൊരിയുന്ന ബീഹാർ ജനതയെ സഹായിക്കുന്നതിനുവേണ്ടി 50 രൂപാ വീതം എല്ലാ യൂണിററു കമ്മിററികളും ദേശാഭിമാനിവഴി അയച്ചുകൊടുത്തിട്ടുണ്ടു്. CITU കേന്ദ്രകമ്മിററിയാണ് ഫണ്ടിനു് ആഹ്വാനം ചെയ്തതു്.

ത്രിപുര ഫണ്ടു്

സുധീർരഞ്ജൻ മജുംദാറുടെ നേതൃത്വത്തിലുള്ള സർക്കാരിൻെറ ഒത്താശയോടെ കോൺഗ്രസ്—ഐ റൗഡികാം അഴിച്ചുവിട്ട ആക്രമണങ്ങളിൽ ത്രിപുര

യിലെ നിരവധി സി. പി. ഐ. (എം), സി. ഐ. ടി. യു. ഓഫീസുകരം അഗ്നിക്കിരയായി. ത്രിപുര മോട്ടോർ ശ്രമിക് യൂണിയൻെറയും നിരവധി ഓഫീസുകരം ചുട്ടുകരിച്ചു തൊഴിലാളിവർഗ പ്രസ്ഥാനത്തെ തകർക്കാനുള്ള ശ്രമങ്ങളെ ചെറുത്തുനിൽക്കുന്ന സഖാക്കളെ സഹായിക്കുന്നതിനു് A I R T W F ആഹ്വാനം ചെയ്തിരുന്നു. ത്രിപുരയിലെ പീഢനങ്ങരം വിവരിച്ചുകൊണ്ടു് ഹുണ്ടികപാത്രങ്ങളുമായി ജനമദ്ധ്യത്തിലിറങ്ങി 14,600 രൂപ സമാഹരിച്ചതു് ആവേശകരമായിരുന്നു.

### ട്രേഡ് യൂണിയൻ ക്ലാസ്

വയനാട് റവന്യൂ ജില്ലയിലെ അസോസിയേഷനംഗങ്ങരംക്കായി യൂണിററ് കമ്മററികരം സംഘടിപ്പിച്ച പഠനക്ലാസ് തിരുനെല്ലിയിൽവച്ച് നടന്നു. മാർച്ച് 10, 11, 12 തീയതികളിൽ നടന്ന ക്ലാസ് സഖാക്കളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. പഠനക്ലാസ് സംഘടിപ്പിക്കുന്നതിനു് കേന്ദ്ര കമ്മിററി ആവശ്യമായ സഹായം ചെയ്തിട്ടുണ്ട്. മററു ജില്ലാ കമ്മിററികരം മാതൃകാപരമായ ഇത്തരം പ്രവർത്തനങ്ങരംക്കു് സാദ്ധ്യത ആരായണമെന്നും ഇതിനാവശ്യമായ സഹായങ്ങരം കേന്ദ്ര കമ്മിററിയുടെ ഭാഗത്തനിന്നുണ്ടാകുമെന്നും അറിയിക്കട്ടെ.

### സി.ഐ.ആർ.ടി യുടെ ട്രേഡ് യൂണിയൻ മാനേജ്മെൻറ് ക്ലാസ്

പൂനയിൽവച്ച് ഏപ്രിൽ 2 മുതൽ 7 വരെ C I R T യുടെആഭിമുഖ്യത്തിൽ നടത്തിയ ട്രേഡ് യൂണിയൻ മാനേജുമെൻറ് ക്ലാസ്സിൽ സഖാക്കരം ടി. ദാസൻ. വി. പ്രഭാകരൻ എന്നിവർ പങ്കെടുത്തു് സംഘാടകരുടെ പ്രശംസ പിടിച്ചുപററി.

### ഫെറി വിഭാഗം

എറണാകുളത്തെ ഫെറി വിഭാഗം ട്രാൻ: കോർപ്പറേഷൻെറ ഒരു അനുബന്ധമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇതു് ഉരംനാടൻ ജലഗതാഗത വകുപ്പിനു് വിട്ടുകൊടുക്കാൻ സർക്കാർ തീരുമാനിച്ചതായിട്ടാണറിവു്. ഇതിനെതിരെ പ്രതിപക്ഷ യൂണിയനുകരം ശബ്ദമുയർത്തിട്ടുമുണ്ട്.

കേരളത്തിലെ ഉരംനാടൻ ജലഗതാഗതം തികച്ചും അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു നാളിതുവരെ. എന്നാൽ ഇട: ജന: മുന്നണി സർക്കാർ ഇക്കാര്യത്തിൽ വ്യത്യസ്തമായ ഒരു സമീപനമെടുക്കുകയും ഈ വിഭാഗത്തെ ശക്തിപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. അതിൻെറ ഭാഗമായാണ് ഫെറിവിഭാഗം കിംകോയ്ക്കു് വിട്ടുകൊടുക്കാൻ ട്രാൻ: കോർപ്പറേഷനോട്ട് ആവശ്യപ്പെടുന്നതു്. രാജ്യത്തിൻെറ വികസനത്തിൻെറ ഭാഗമെന്ന നിലക്കുതന്നെ ഈ നടപടിയെ നാം അനുകൂലിക്കേണ്ടതാണെന്നാണ് ജനറൽ കൗൺസിലിൻെറ അഭിപ്രായം. എന്നാൽ അതേസമയം ഇത്തരത്തിൽ ട്രാൻ: കോർപ്പറേഷ

നിൽ നിന്നും പോകേണ്ടിവരുന്ന ജീവനക്കാരുടെ താൽപ്പര്യങ്ങൾ പൂർണ്ണമായും നാം രക്ഷിക്കപ്പെടുന്നതിന് ഉറപ്പുണ്ടാകണം. ഇക്കാര്യത്തിൽ പ്രതിനിധികളുടെ അഭിപ്രായം കൂടി പ്രകടിപ്പിക്കുമല്ലോ.

## എംപ്ലോയി

നമ്മുടെ മുഖപത്രമായ ട്രാൻസ്പോർട്ട് എംപ്ലോയിയുടെ പ്രവർത്തനം ചിട്ടയായും മുടങ്ങാതെയും നടന്നുവരുന്നു. ന്യൂസ്പ്രിൻറിൻെറ ക്രമാതീതമായ വിലവർദ്ധനവ് നമ്മുടെ പ്രസിദ്ധീകരണത്തേയും സാരമായി ബാധിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് അക്ഷരംതന്നെ അന്യമാക്കുന്നതരത്തിൽ ഇന്ത്യയിലെ പ്രസിദ്ധീകരണങ്ങളെ സ്വന്തം വരുതിയിലൊതുക്കുന്നതിനുള്ള ഫാസിസ്റ്റ് പ്രവണതയാണിതെന്നുകാണുക. രാജ്യത്തെ പത്രലോകം ശക്തിയായ എതിർപ്പു പ്രകടിപ്പിച്ചെങ്കിലും പിടിച്ചുനിൽക്കാനായിതന്നെ പാടുപ്പെടുന്നു. നിരവധി ചെറുകിട പത്രങ്ങൾ ഇതിനകംതന്നെ പ്രസിദ്ധീകരണം നിലച്ചു. ട്രാൻ: തൊഴിലാളികൾക്കിടയിലെ ആശയ പ്രചരണരംഗത്തെ അദ്ധ്യാപകനായ "എംപ്ലോയി" നിലനിർത്തണമെങ്കിൽ ഇത്തരുണത്തിൽ ചില ക്രമീകരണങ്ങൾകൂടി നാം നടത്തേണ്ടതുണ്ട്.

പ്രതിവർഷം പരമാവധി പരസ്യം ശേഖരിക്കുന്നതിനും വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വേണ്ട അടിയന്തിരമായ തീരുമാനം ഈ സമ്മേളനം കൈകൊള്ളണം. ഏററവും കുറഞ്ഞത് വർഷത്തിൽ 75,000 രൂപയുടെ പരസ്യമെങ്കിലും ശേഖരിക്കാൻ കഴിഞ്ഞാൽ മാസിക കോപ്പി ഒന്നിന് രൂ. 1.50 നിരക്കിൽ ലാഭനഷ്ടം കൂടാതെ പുറത്തിറക്കാൻ കഴിയും. എംപ്ലോയിയുടെ പ്രവർത്തനം സംബന്ധിച്ച് യൂണിററുകളിലെ അലംഭാവപൂർണ്ണമായ സമീപനം ഒഴിവാക്കിയേ പററൂ. ജീവനക്കാരുടെ സൃഷ്ടികൾ സംഭരിച്ച് സമയാസമയങ്ങളിൽ എത്തിക്കുക, പ്രാധാന്യമുള്ള യൂണിററുതല വാർത്തകൾ തയ്യാറാക്കുക എന്നീ കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

ട്രാൻ: കോർപ്പറേഷൻെറ പ്രതിമാസ സർവ്വീസ് ഓപ്പറേഷനുകളെ സംബന്ധിച്ചുള്ള ഒരു വിലയിരുത്തൽ ട്രാൻ: എംപ്ലോയിയിൽ പ്രസിദ്ധീകരിക്കണമെന്നാഗ്രഹിക്കുന്നു. ആഗസ്റ്റ് ലക്കത്തിൽ ഇതിന് തുടക്കം കുറിക്കുകയും ചെയ്തു. ഇതിൻെറ അടിസ്ഥാനത്തിൽ യൂണിററിലെ സർവ്വീസിൻെറ സ്ഥിതിയും യൂണിററുകമ്മിററികൾക്ക് പരിശോധിക്കാൻ കഴിയും. എംപ്ലോയിയുടെ ചാർജ്ജ് ഓരോ യൂണിററു കമ്മിററിയും പ്രത്യേകമായി ഒരു സബ്ബ് കമ്മിററിയെ ചുമതലപ്പെടുത്താനും മാസികയുടെ വില കൃത്യമായി H. O. യിൽ അടയ്ക്കണമെന്നതീരുമാനം നടപ്പിൽ വരുത്തുന്നതിനും യൂണിററുകൾക്ക് എത്രമാത്രം കഴിഞ്ഞുവെന്നതും സ്വയം വിമർശനപരമായി പരിശോധിക്കേണ്ടതാണ്.

## പത്രാധിപ സമിതി

12-6-88ൽ H O യിൽ വച്ചുചേർന്ന പ്രഥമ എക്സിക്യൂട്ടീവ് യോഗം എംപ്ലോയിയുടെ പത്രാധിപസമിതി പുനഃസംഘടിപ്പിച്ചു. നമ്മുടെ പ്രസിഡൻറ് സ: ഒ. ഭരതൻ MLA ചെയർമാനും ജനറൽസെക്രട്ടറി ചീഫ് എഡിററുമായുള്ള സമിതിയിലെ അംഗങ്ങൾ സഖാക്കൾ ഷംസുദീൻ മണക്കാട്ട്, വട്ടപ്പറമ്പിൽ വാമദേവൻ, രാജരാജവർമ്മ, പി. എൻ. രഘുനാഥപിഷാരടി, സി. ജെ. ജോസഫ് എന്നിവരാണ്. മാസികയുടെ മുഖചിത്രങ്ങൾക്ക് വർണ്ണം പകരുന്നതിനു ചിത്രകാരൻ കൂടിയായ നമ്മുടെ സഖാവ് എം. ചന്ദ്രൻെറ സേവനം ലഭിച്ചുവരുന്നു.

## കുടുംബക്ഷേമനിധി

നമ്മുടെ നിരവധി സംസ്ഥാനസമ്മേളനങ്ങളുടെ ആവശ്യമായിരുന്നുവല്ലോ അസോസിയേഷനംഗങ്ങൾക്കായി ഒരു കുടുംബക്ഷേമനിധി രൂപീകരിക്കുകയെന്നത്. ഒരു ചിരകാല അഭിലാഷത്തിൻെറ പൂർത്തീകരണമെന്ന നിലയിൽ 25–1–89–ൽ ചേർന്ന ജനറൽ കൗൺസിൽയോഗം ക്ഷേമനിധി നടപ്പാക്കാനുള്ള പദ്ധതികളാവിഷ്ക്കരിച്ചു. എല്ലാ യൂണിററിലും സമഗ്രമായ ചർച്ച നടത്താനുതകുംവിധം കരട് ഭേദഗതി തയ്യാറാക്കി അയച്ചുകൊടുത്തു. യൂണിററുകളുടെ അഭിപ്രായങ്ങൾകൂടി പരിഗണിച്ച് 20–10–88 ൽ ചേർന്ന ഔദ്യോഗിക ഭാരവാഹികളുടെ യോഗം കരട് നിയമാവലി അംഗീകരിച്ചു. നിയമാവലിക്കു രൂപം കൊടുക്കുന്നതിനായി സഖാക്കൾ സൂസൈ ആൻറണി, എൻ. സാംബശിവൻ എം. ഹരിഹരൻ, കെ. മുരുകേശൻ, ഐ. കുമാരദാസ് എന്നിവരടങ്ങുന്ന ഒരു സബ്കമ്മിററിയെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നത്. ക്ഷേമനിധി പ്രാവർത്തികമാകുന്നതോടെ സംഘടനയുടെ മെമ്പർഷിപ്പിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാകുമെന്ന് നമ്മുടെ ചില സഖാക്കൾ പ്രതീക്ഷ പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ടാകണം ശ്രമകരമായ ജോലി എന്ന നിലയിൽ അംഗങ്ങളെ ചേർക്കുന്നതിന് ഒട്ടുമിക്കയൂണിററുകളും അശ്രദ്ധരായത്. ക്ഷേമനിധിയിലെ അംഗത്വം വർദ്ധിപ്പിക്കുന്നതിന് റഫറണ്ടത്തിന് തയ്യാറെടുക്കുന്നതുപോലെതന്നെ ഗൗരവബുദ്ധ്യാ പ്രവർത്തിക്കണമെന്ന H O നിർദ്ദേശം എത്ര യൂണിററുകൾ നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് ചർച്ചയിൽ ഉയർന്നുവരേണ്ടതാണ്. NTA പോലുള്ള ചില യൂണിററുകളിൽ അംഗത്വവർദ്ധനയുണ്ടായിട്ടുണ്ടെങ്കിലും ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം നമുക്ക് അവകാശപ്പെടാനാവില്ല. എന്തിനേറെ സംഘടനയിലെതന്നെ 10,200 പേർ മാത്രമെ ഇപ്പോഴും അംഗങ്ങളായിട്ടുള്ളു. ഏതാണ്ട് 25% ത്തോളം പേർ നിയാവലിയിലെ ചില വകുപ്പുകൾ ദുർവ്യാഖ്യാനംചെയ്ത് അംഗത്വത്തിൽനിന്നും ഒഴിഞ്ഞുമാറുകയാണ്. ചീഫ് ആഫീസ്, തിരുവനന്തപുരം സെൻട്രൽ, സെൻട്രൽവർക്സ് തുടങ്ങി പല യൂണിററുകളും ക്ഷേമനിധിയിൽ അസ്സോസിയേഷനംഗങ്ങളെ ചേർക്കുന്ന കാര്യ

ത്തിൽ വീഴ്ചവരുത്തിയതായി ചൂണ്ടികാണിക്കട്ടെ. അസന്നിഗ്ദ്ധ ഘട്ടങ്ങളിലും അപകടസന്ധികളിലും സ്വന്തം കുടുംബത്തേയും സഹപ്രവർത്തകരേയും സംരക്ഷിക്കാനുള്ള ധാർമ്മിക ചുമതലയിൽ നിന്നുള്ള ഒളിച്ചോട്ടമായേ ഇതിനെ കാണാനാവൂ.

ക്ഷേമനിധി വിഹിതം ശമ്പളത്തിൽനിന്നും റിക്കവറി നടത്താനുള്ള നമ്മുടെ ശ്രമം പ്രാവർത്തികമായതാണെങ്കിലും അവസാന നിമിഷത്തിൽ ഉത്തരവ് അയയ്ക്കുന്ന ഘട്ടത്തിൽ സ്റ്റാഫ് യൂണിയൻ, AITUC, INTUC എന്നീ സംഘടനകൾ ഇടപെട്ട് ആയതു് തടയുകയാണുണ്ടായതു്. തുടർന്ന നടപടിയെന്ന നിലയിൽ അടുത്ത ബോർഡ് യോഗത്തിൽ ഇക്കാര്യം ചർച്ചചെയ്യും. ചർച്ചയ്ക്കു ശേഷം തീരുമാനമെടുത്താൽപോലും സർക്കാരിൻെറ അംഗീകാരത്തിനു സ്വാഭാവികമായും കാലതാമസം നേരിടാനിടയുണ്ട്. ഈ സാഹചര്യത്തിൽ നേരിട്ട് വിഹിതം സ്വീകരിക്കുന്ന ഇന്നത്തെ സംവിധാനം നാം തുടരേണ്ടതുണ്ട്. എന്നാൽ ഈ സാഹചര്യം പിരിച്ചെടുത്ത തുക ദുർവിനിയോഗം ചെയ്യാനുള്ള അവസരമായി ദുരുപയോഗപ്പെടുത്തിക്കൂടാ. ഓരോ അംഗങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന തുക കൃത്യമായി H O യിൽ അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതു് അക്ഷന്തവ്യമായ സംഘടനാവിരുദ്ധമാണെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. യഥാസമയം H O യിൽ തുക കിട്ടിയില്ലെങ്കിൽ മരണമടഞ്ഞ കുടുംബങ്ങളെ നിയമാനുസൃതം സഹായിക്കാനാവില്ലെന്നു് പറയേണ്ടതില്ലല്ലോ. യൂണിററുകളിൽ ക്ഷേമനിധിക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നതിനും H O യിലേക്ക് അയയ്ക്കുന്ന സ്റ്റേററ്മെൻറിൽ അംഗത്വനമ്പർ രേഖപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഓർമ്മിപ്പിക്കട്ടെ. വെൽഫെയർ ഫണ്ട് സംബന്ധിച്ച അക്കൗണ്ട് സൂക്ഷിക്കുന്നതിന് പ്രത്യേകമായി ഒരു സഖാവിനെ ചുമതലപ്പെടുത്തണമെന്ന തീരുമാനം പല യൂണിററുകളും നടപ്പാക്കിയിട്ടില്ല. വെൽഫെയർ ഫണ്ട് സംബന്ധിച്ച കണക്കുകളുടെ കൃത്യത നമ്മുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുമെന്നതുപോലെതന്നെ ചില യൂണിററുകളുടെ അലസമായ പ്രവർത്തനം ചീത്തപ്പേരു് വരുത്തുമെന്നതും പ്രത്യേകം ഓർക്കുക. ക്ഷേമനിധി സംബന്ധിച്ച കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ജീവനക്കാരി (സ: N V വനജ)യെ താൽക്കാലികമായി H O യിൽ നിയമിച്ചിട്ടുണ്ട്. ജനറൽസെക്രട്ടറി ചെയർമാനായുള്ള കമ്മിററിയിൽ താഴെക്കാണുന്ന സഖാക്കൾ അംഗങ്ങളാണ്.

സഖാക്കൾ

| | |
|---|---|
| സി. വസന്തകുമാരി | വൈസ് ചെയർമാൻ |
| സൂസെ ആൻറണി | സെക്രട്ടറി |
| എൻ. സാംബശിവൻ | ജോ: സെക്രട്ടറി |
| എം. ഹരിഹരൻ | ഖജാൻജി |

| | |
|---|---|
| പി. ഉണ്ണി | കമ്മിററി അംഗം |
| എൻ. വി. തമ്പുരാൻ | ,, |
| കെ. മുരുകേശൻ | ,, |
| എം. എ. വഹാബ് | ,, |
| തോമസ് മാത്യു | ,, |
| വി. നാരായണൻ നായർ | ,, |

ക്ഷേമനിധി പ്രവർത്തനമാരംഭിച്ചശേഷം താഴെ പേരെഴുതിയ സഖാക്കരം മരണമടയുകയുണ്ടായി.

| | | |
|---|---|---|
| 1 | വി. വി. ജോർജ് | ഡ്രൈവർ, എറണാകുളം |
| 2 | എൻ. ശങ്കരൻ നായർ | പെയിൻററർ, സെൻട്രൽ വർക്സ് |
| 3 | എ. ജെ. സനൽകുമാർ | ക്ളാർക്ക്, പാറശാല |
| 4 | എം. ഷെറീഫ് | കോച്ച്ബിൽഡർ, കൊല്ലം |
| 5 | സി. എൻ. സുബ്രു | കണ്ടക്ടർ, ചിററൂർ |
| 6 | ജെ. സതീഷ്ചന്ദ്രൻ | കണ്ടക്ടർ, വികാസ്ഭവൻ |
| 7 | കെ. തങ്കപ്പൻ | ബ്ളാക്ക്സ്മിത്ത്, ആലപ്പുഴ |
| 8 | പി. മാധവൻ | ഡ്രൈവർ, ആററിങ്ങൽ |
| 9 | സുകുമാരൻ | പെയിൻററർ, സിററി |

ആദ്യത്തെ ഏഴുപേരുടെ സന്തപ്ത കുടുംബാംഗരംക്കു 12,000 രൂപ വീതം കാലവിളംബംകൂടാതെ സംഘടിപ്പിച്ച പൊതുചടങ്ങിൽവച്ച് വിതരണം ചെയ്തു. നമ്മുടെ പ്രസിഡൻറും ജനറൽ സെക്രട്ടറിയും ക്ഷേമനിധി സെക്രട്ടറി സ: സൂസൈ ആൻറണിയും പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

## ജില്ലാ കമ്മിററി ആഫീസുകൾ

പാലക്കാട്, ചേർത്തല എന്നീ യൂണിററുകരം പണിതീർത്ത ഓഫീസ് കെട്ടിടങ്ങരം ഉത്ഘാടനം ചെയ്തത് റിപ്പോർട്ട്കാലയളവിലായിരുന്നു. തൃശ്ശൂർ ജില്ലാ കമ്മിററിയുടെ ഓഫീസ് കെട്ടിടം പൊളിച്ചുപണിയുന്നതിനു ആവശ്യമായ ഫണ്ട് റവന്യൂ ജില്ലയിൽനിന്നും സംഭരിക്കുന്നതിനു അനുമതി നൽകിയിരുന്നു.

## AIRTWF പ്രക്ഷോഭണങ്ങൾ

30–3–89 മുതൽ 5–4–89 വരെ താഴെക്കൊടുക്കുന്ന മുദ്രാവാക്യങ്ങരം ഉയർത്തിക്കൊണ്ട് യൂണിററുകളിൽ അവകാശവാരാചരണം നടത്തി.

1 ദേശവൽക്കരണം ത്വരിതപ്പെടുത്തുക.

2 ജോലിക്കു നിയമിക്കുമ്പോരം നിയമന ഉത്തരവ് നൽകുക.

3 MTW ആക്ട്, MV ആക്ട്, വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് എന്നിവ തൊഴിലാളി സംഘടനകളുമായി ആലോചിച്ച് കാലോചിതമായി പരിഷ്കരിക്കുക.

4 പെട്രോളിയം ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങളുടെമേലുള്ള നികുതി കുറയ്ക്കുക.

5 പോലീസിൻെറ അതിക്രമത്തിന് വിരാമമിടുക.

6 AIRTWF നൽകിയ 33 ഇന ആവശ്യങ്ങൾ അംഗീകരിക്കുക.

കൂടാതെ ഏകപക്ഷീയമായി കേന്ദ്രസർക്കാർ നടപ്പിൽവരുത്തുന്ന മോട്ടോർ വാഹന ഭേദഗതി നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏപ്രിൽ 11–നു നടത്തിയ ഡെൽഹി മാർച്ചിൽ 161 പേർ നമ്മുടെ സംഘടനയിൽനിന്നും പങ്കെടുത്തു.

## സഹകരണസംഘങ്ങൾ

റിപ്പോർട്ടുകാലയളവിൽ തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, പെരുമ്പാവൂർ, നെയ്യാററിൻകര, കൊല്ലം, കോട്ടയം, എറണാകുളം എന്നീ യൂണിററുകളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ തെരഞ്ഞെടുപ്പുകൾ നടക്കുകയുണ്ടായി. കോട്ടയം, എറണാകുളം, നെയ്യാററിൻകര എന്നീ യൂണിററുകളിലെ സഹകരണസംഘങ്ങൾ ഒഴികെ മററെല്ലായിടങ്ങളിലും അസോസിയേഷൻെറ നേതൃത്വത്തിലുള്ള മുന്നണി വിജയം നേടി. പരാജയം സംഭവിച്ചതിൻെറ കാരണം കൂലങ്കഷമായി നാം പരിശോധിക്കേണ്ടതാണ്. പലപ്പോഴും നിർണ്ണായക പ്രാനാന്യമുള്ള ഇത്തരം കാര്യങ്ങളിൽ നമ്മുടെ യൂണിററുപ്രവർത്തകർ വേണ്ടത്ര ശ്രുഷ്ക്കാന്തി പ്രകടിപ്പിക്കാറില്ല. എന്തിനേറെ എല്ലാ അസോസിയേഷനംഗങ്ങളെകൊണ്ടുപോലും വോട്ടുചെയ്യിക്കാൻ ആവശ്യമായ ടീം വർക്ക് നടത്താതിരുന്നതുകൊണ്ടുമാത്രം വരുത്തിവച്ചതായിരുന്നു ഈ പരാജയമെന്ന് ലഭിച്ച വോട്ടുകളുടെ എണ്ണം പരിശോധിച്ചാൽ ബോദ്ധ്യമാകും. മററു യൂണിററുകളിൽ ഉള്ള വോട്ടർമാരായ നമ്മുടെ സഖാക്കളെ വിവരമറിയിക്കുന്ന കാര്യത്തിൽപോലും വീഴ്ചവരുത്തിയതിൻെറ തെളിവുകൾ H O യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗങ്ങളെ ചേർക്കുന്ന കാര്യത്തിലുള്ള അലംഭാവം പലപ്പോഴും നമ്മെ ന്യൂനപക്ഷമാക്കുന്ന അവസ്ഥയിലാക്കാറുണ്ട്. ഗൗരവബുദ്ധ്യാ ഇത്തരം കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിൽവന്ന പാളിച്ചകൂടി പരാജയത്തിനു കാരണമായിരുന്നു. ദൈംദിന പ്രശ്നങ്ങളിൽ ചില സഖാക്കൾക്കുള്ള വ്യക്തിഗതമായ അസംതൃപ്തിയും എതിരാളികൾക്ക് ചൂഷണം ചെയ്യാൻ അവസരമൊരുക്കി. ഇതിനെ മുൻകൂട്ടി കണ്ട് ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ ജില്ലാകമ്മിററികൾ വേണ്ടത്ര ശ്രദ്ധിക്കുകയുണ്ടായില്ല. അസോസിയേഷൻെറ ജില്ലാകമ്മിററികളും സഹകരണസംഘത്തിൻെറ ചുമതലയുള്ള സഖാക്കളും തമ്മിൽ കൂട്ടായ്മയില്ലാത്തതും നമ്മുടെ ലക്ഷ്യങ്ങൾക്കനുസൃതമായ സംഘം വാർത്തെടുക്കുന്നതിന് തടസ്സമാകാറുണ്ട്. തൊഴിലാളികളുടെ താൽപ്പര്യത്തിനനുഗുണമായ ബഹുമുഖ പദ്ധതികളാവിഷ്ക്കരിക്കാൻപോലും ഈ പരസ്പരബന്ധമില്ലായ്മകാരണമാവുന്നു. അസോസിയേഷൻ പ്രവർത്തകർതന്നെ നിരുത്തരവാദപരമായി സഹകരണസംഘത്തിനെതിരെ നടത്തുന്ന പരസ്യമായ പ്രചരണങ്ങളും പ

രാജയത്തിന്റെ പട്ടികയിൽപ്പെടുന്നു. ഏറെ ശ്രദ്ധേയമായ മറെറാരു സംഗതി കക്ഷിബന്ധങ്ങൾ രൂപീകരിക്കുന്നതിലുള്ള തടസ്സമായിരുന്നു. ഇടതുപക്ഷ സ്വഭാവമുള്ള യൂണിയനുകളുടെ ഐക്യമുന്നണിയെന്ന തത്വാധിഷ്ഠിത നിലപാടിനു നമ്മുടെ സംഘടന മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളോട് സഹകരിക്കാൻ AITUC ഒരുക്കമായിരുന്നില്ല. CITU സംഘടനയുമായി യോജിച്ചുപ്രവർത്തിക്കുന്നതിനേക്കാൾ അവരുടെ പ്രാദേശിക നേതാക്കളുടെ താൽപ്പര്യം INTUCയുമായി ഐക്യപ്പെട്ടുപോകുന്നതിലായിരുന്നു. അനർഹമായ അവകാശവാദങ്ങൾ നിരത്തി ഐക്യം തകർക്കുന്നതിനും അവസാനം തെരഞ്ഞെടുപ്പുപോലും ബഹിഷ്ക്കരിക്കാൻ അണികളെ നിർബന്ധിക്കുന്നതിനുംമുതിർന്ന അനുഭവം കണ്ണൂരിൽ ഉണ്ടായി. ആകെ കൂടി സംഘടനാപരമായി മേൽ കാണിച്ച ദൗർബല്യങ്ങൾ കൂടി പരിഹരിക്കാൻ നമുക്ക് കഴിഞ്ഞാൽ KSRTC യിലെ സഹകരണസംഘങ്ങൾ അസോസിയേഷനു മേൽക്കയ്യുള്ളവയായിതീരുമെന്നതിൽ തർക്കമില്ല.

## ദിനാചരണങ്ങൾ

സി. ഐ. ടി. യു. ആഹ്വാനംചെയ്ത എല്ലാ ദിനാചരണങ്ങളും യഥാസമയം നാം നടത്തിയിട്ടുണ്ട്.

### മേയ് ദിനം

തൊഴിലാളിവർഗത്തിന്റെ സാർവദേശീയഐക്യദാർഢ്യദിനമായ മേയ് ഒന്നു സമുചിതമായി ആചരിക്കുകയുണ്ടായി. ഇടതുപക്ഷ ട്രേഡ് യൂണിയനുകളുമായി ചേർന്നു സംഘടിപ്പിച്ച റാലിയിലും പൊതുയോഗങ്ങളിലും നമ്മുടെ പങ്കാളിത്തമുണ്ടായിട്ടുണ്ട്.

### ഏ.കെ.ജി. ദിനം

പീഢിത ഭാരതത്തിന്റെ അവകാശ പോരാട്ടങ്ങളിൽ എന്നും പ്രക്ഷോഭകാരിയായിരുന്ന സ: ഏ. കെ. ജി.യുടെ ജ്വലിക്കുന്ന സ്മരണ പുതുക്കിക്കൊണ്ടു മാർച്ച് 22 യഥോചിതം ആചരിച്ചു. ബസ് സ്റ്റേഷനുകൾ അലങ്കരിച്ചും മഹാനായ ആ വിപ്ളവകാരിയുടെ ഛായാചിത്രങ്ങൾ പ്രദർശിപ്പിച്ചും കേരളത്തിലെ ജനങ്ങളോടൊപ്പം ട്രാൻ. തൊഴിലാളികളും സഖാവിന്റെ വീരസ്മരണയിൽ പങ്കുകൊണ്ടു.

### അഴീക്കോടൻ ദിനം

അസോസിയേഷന്റെ അക്ഷയ ശക്തിസ്രോതസ്സും അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗത്തിന്റെ അജയ്യനായ നേതാവുമായിരുന്ന സ: അഴീക്കോടന്റെ രക്തസാക്ഷിത്വവും സെപ്തംബർ 23–നു നാം അനുസ്മരിച്ചു.

## കൃഷ്ണപിള്ള ദിനം

കേരളത്തിലെ തൊഴിലാളിവർഗ പ്രസ്ഥാനത്തിൻെറ ഭീഷ്മാചാര്യനായ സ: പി. കൃഷ്ണപിള്ളയുടെ ചരമദിനം ആഗസ്റ്റ് 19—നു ആചരിച്ചു. ആ സ്മര്യപുരുഷനോടുള്ള അടങ്ങാത്ത ആദരവ് പ്രകടമാക്കുംവിധം അസോസിയേഷൻ ആ വീരസ്മരണക്കുമുമ്പിൽ ആദരാഞ്ജലികളർപ്പിക്കുകയുണ്ടായി.

## ഏ. ഡി. ദിനം

നമ്മുടെ സംഘടനയുടെ ആദ്യകാല സംഘാടകനും ശക്തനായ തേരാളിയുമായിരുന്ന സ: ഏ. ഡി രാജഗോപാലൻെറ ചരമദിനം ഡിസംബർ 25—നു നമ്മുടെ യൂണിററുകഠം ആചരിച്ചു.

## ത്രിപുര ഐക്യദാർഢ്യ ദിനം

കോൺഗ്രസ്, ടി.യു.ജെ.എസ്. ഗുണ്ടകളുടെ അർദ്ധ ഫാസിസ്റ്റ് ഭീകര വാഴ്ചയുടെ പൈശാചികതയോട് ഏററുമുട്ടി പോരാട്ടം തുടരുന്ന ത്രിപുരയിലെ ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനു് അഖിലേന്ത്യാ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ആഹ്വാനം ചെയ്തിരുന്നു. അഖിലേന്ത്യാ വർക്കിംഗ് കമ്മിററിയുടെ ആഹ്വാനപ്രകാരം 17-10-88ൽ സംസ്ഥാനത്തുടനീളം അസോസിയേഷനംഗങ്ങഠം ഹുണ്ടിക പിരിവുനടത്തി 14600 രൂപ സംഭരിക്കുകയുണ്ടായി. 15—3—89നു് പൊരുതുന്ന ത്രിപുരക്കു് പിന്തുണപ്രഖ്യാപിക്കുവാൻ AIRTWF സംസ്ഥാന കമ്മിററി നൽകിയ ആഹ്വാനവും നമ്മുടെ യൂണിററുകഠം നടപ്പാക്കിയിട്ടുണ്ടു്. അർഹിക്കുന്ന ഘട്ടങ്ങളിൽ സഹായഹസ്തങ്ങളുമായെത്തിയ നമ്മുടെ സംഘടനയെ അനുമോദിച്ചുകൊണ്ടും നന്ദിരേഖപ്പെടുത്തിക്കൊണ്ടും ത്രിപുര മോട്ടോർ ശ്രമിക് യൂണിയൻ അയച്ചിരുന്ന സന്ദേശം സഖാക്കഠം വായിച്ചിരിക്കുമല്ലോ. വർഗശത്രുവിൻെറ ആക്രമണത്തിൻെറ ഗൗരവം ബോധ്യപ്പെടാത്ത ചില യൂണിററുകളെങ്കിലും ഇക്കാര്യത്തിൽ ജനങ്ങളിലേക്കു് ഇറങ്ങുന്നതിനു് അലസതകാട്ടിക്കൊണ്ടു് യൂണിയൻ ഫണ്ടിൽനിന്നും സംഭാവന അയച്ച നടപടി വിമർശിക്കപ്പെടേണ്ടതാണ്. ചർച്ചക്കിടയിൽ തങ്ങളുടെ അനുഭവം ഇക്കാര്യത്തിൽ കൊണ്ടുവരണമെന്നു് നിർദ്ദേശിക്കട്ടെ.

## സി. ഐ. ടി. യു. ജന്മദിനവും 20—ാം വാർഷികവും

തിരുത്തൽവാദ ട്രേഡ്യൂണിയൻ നേതൃത്വത്തിൽ നിന്നും ഇന്ത്യൻ തൊഴിലാളിവർഗത്തിൻെറ വിപ്ലവ ട്രേഡ്യൂണിയനായ് CITU രൂപംകൊണ്ടിട്ടു് മേയ് 30 നു് 20 വർഷമാകുന്നു. 20—ാം വാർഷികവും ജന്മദിനവും വർഗവിമോചനത്തിൻെറ ദൗത്യം തൊഴിലാളികളിലെത്തിക്കുന്ന വിവിധ പരിപാടികളോടെ ആഘോഷിക്കപ്പെട്ടു. പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ട സെമിനാറുകളിലും ചർച്ചാക്ളാസുകളിലും ഉണ്ടായ നമ്മുടെ അംഗങ്ങളുടെ പങ്കാളിത്തം റിപ്പോർട്ടിൻെറ ചർച്ചയിൽ സൂചിപ്പിക്കേണ്ടതാണ്.

സമാധാനദിനം

ലോകം ചുട്ടെരിക്കാനുള്ള മുതലാളിത്തത്തിന്റെ ദുഷ്ടശ്രമങ്ങൾക്കെതിരെ ജനകീയ ജാഗ്രതയുണർത്തുന്നതിന് WFTU ആഹ്വാനം ചെയ്തിരുന്ന സെപ്തംബർ 1 സമാധാന ദിനമായി ആചരിക്കുകയുണ്ടായി.

# കൺവെൻഷനുകൾ

ട്രേഡ്യൂണിയൻ അവകാശങ്ങളുടെ കടയ്ക്കൽ കത്തിവെക്കുന്നതിന് രാജീവ് സർക്കാർകൊണ്ടുവരുന്ന ട്രേഡ്യൂണിയൻ തൊഴിൽതർക്ക ഭേദഗതി നിയമം ഹോസ്പിററൽ ആൻഡ് അദർ ഇൻസ്ററിട്യൂഷൻസ് ബിൽ എന്നീ കരിനിയമങ്ങൾക്കെതിരെ എറണാകുളത്തു ചേർന്ന നാഷണൽ കാമ്പയിൻ കമ്മിററിയുടെ കൺവെൻഷനിൽ നമ്മുടെ പ്രവർത്തകർ പങ്കെടുത്തു.

വനിതാകൺവെൻഷൻ

അസോസിയേഷന്റെ വനിതാ സബ്കമ്മിററിയുടെ നേതൃത്വത്തിൽ ആലപ്പുഴവച്ച് പ്രത്യേക കൺവെൻഷൻ ചേരുകയുണ്ടായി.

## AIRTWF സ്പെഷ്യൽ കൺവെൻഷൻ

14–3–89 ന് അഖിലേന്ത്യാറോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷന്റെ പ്രത്യേക കൺവെൻഷൻ തിരുവനന്തപുരം CITU സംസ്ഥാനകമ്മിററി ഓഫീസിൽ ചേർന്നു. നമ്മുടെ ഔദ്യോഗിക ഭാരവാഹികൾ ഈ കൺവെൻഷനിൽ പങ്കെടുത്തു.

## AIRTWF സംസ്ഥാന കൺവെൻഷൻ

16–5–89 ന് എറണാകുളത്തുവച്ച് നടന്ന സംസ്ഥാനകൺവെൻഷനിൽ നമ്മുടെ ജനറൽകൗൺസിൽ അംഗങ്ങളും യൂണിററുസെക്രട്ടറി–പ്രസിഡൻറുമാരും പങ്കെടുക്കുകയുണ്ടായി AIRTWF ന്റെ അഖിലേന്ത്യാസമ്മേളനം പാലക്കാട്ടു വച്ചുനടത്തുന്നതിന് തീരുമാനിച്ചു. സംസ്ഥാന കോ–ഓർഡിനേഷൻ കമ്മിററി രൂപീകരിക്കുകയും സ: ഒ. ഭരതൻ MLA യെ കൺവീനറായി തെരഞ്ഞെടുക്കുകയും ചെയ്തു. കോ–ഓർഡിനേഷൻ കമ്മിററിയിൽ അസോസിയേഷനെ പ്രതിനിധീകരിച്ച് ജനറൽസെക്രട്ടറിയും, സഖാക്കൾ ടി. ദാസൻ, കുററൂർ കുഞ്ഞിരാമൻ, സൂസൈ ആൻറണി, വി. പ്രഭാകരൻ, കെ. വി. ജോണി, സി. ജെ. ജോസഫ്, എന്നിവരും അംഗങ്ങളാണ്.

## AIRTWF അഖിലേന്ത്യാ സ്പെഷ്യൽ കൺവെൻഷൻ

13–2–89 ൽ ഭുവനേശ്വറിൽ ചേർന്ന സ്പെഷ്യൽ കൺവെൻഷനിൽ ജനറൽ സെക്രട്ടറിയും സെക്രട്ടറിമാരായ സൂസൈ ആൻറണി, ടി. ദാസൻ, ഓർഗനൈസിംഗ് സെക്രട്ടറി സ: എൻ. സാംബശിവൻ എന്നിവരും പങ്കെടുത്തു.

## അഖിലേന്ത്യാ സമ്മേളനങ്ങൾ

സി. പി. ഐ. (എം) 13–ാം പാർട്ടികോൺഗ്രസ് ഡിസംബർ 27 മുതൽ ജനുവരി 1 വരെ തിരുവനന്തപുരത്തുവച്ച് നടക്കുകയുണ്ടായല്ലോ. പാർട്ടി കോൺഗ്രസിന്റെ വിജയത്തിനായി സംഭാവനകൾ നൽകിയതുകൂടാതെ ട്രാൻസ് മ്യൂസിക്കിന്റെ ഗാനമേളാ പ്രചരണവുമുണ്ടായിരുന്നു. പ്രതിനിധികൾക്ക് ഒരുനേരത്തെ ലഘുഭക്ഷണവിതരണവും ഇരിക്കാനായി 25 കസേരകളും നമ്മുടെ സംഘടന എത്തിച്ചുകൊടുത്തു തിരുവനന്തപുരം റവന്യൂജില്ലയിൽ നിന്നുമാത്രം ഒരു ലക്ഷത്തോളം രൂപ ട്രാൻ. തൊഴിലാളികൾ പിരിച്ചെടുക്കുകയുണ്ടായി. തൊഴിലാളികളുടെ കുടുംബയോഗങ്ങൾ വിളിച്ചുചേർത്ത് പ്രകടനം വിജയിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ തിരുവനന്തപുരം ജില്ലയിലെ സഖാക്കൾ വ്യാപൃതരായി. നമ്മുടെ പ്രസിഡൻറും ജനറൽ സെക്രട്ടറിയും പാർട്ടികോൺഗ്രസ്സിലെ പ്രതിനിധികളായിരുന്നു.

## കെൽട്രോൺ എംപ്ലോയീസ് അസോസിയേഷൻ

നമ്മുടെ സംഘടനയെപ്പോലെതന്നെ ഒരു ഹിതപരിശോധനയിലൂടെ ഏററവും വലിയ യൂണിയനെന്ന പദവി KSEDCയിൽ നേടിയെടുത്ത കെൽട്രോൺ എംപ്ലോയീസ് അസോസിയേഷൻെറ ഒന്നാം അഖിലേന്ത്യാ സമ്മേളനം ജനുവരി 18, 19 തീയതികളിൽ തിരുവനന്തപുരത്തുവച്ച്നടന്നു. അസോസിയേഷൻെറ എല്ലാ യൂണിററുകളിലും അഭിവാദ്യം അർപ്പിക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കാൻ ആഹ്വാനം നൽകുകയും തിരുവനന്തപുരം ജില്ലയിലെ സഖാക്കൾ സമ്മേളന വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

## പത്രസാഹിത്യ പ്രചരണം

ഭരണവർഗത്തിനെതിരായി ശബ്ദിക്കുന്ന എല്ലാ മാദ്ധ്യമങ്ങളെയുംവരുതിയിലൊതുക്കാനുള്ള ഏകാധിപത്യ പ്രവണതയാണ് സമീപകാലത്തായി കണ്ടുവരുന്നത്. സത്യം അറിയുന്ന പ്രജകളെ ഭയപ്പെടുന്ന ഭരണകൂടം അപകീർത്തി ബിൽപോലുള്ള കരിനിയമങ്ങൾ കൊണ്ടുവന്ന് പത്രങ്ങളുടെ വായ്മൂടാൻ നടത്തിയ ശ്രമം പരാജയപ്പെട്ടതോടെ പുതിയ മാർഗം ആരായുകയാണ്. പ്രസാധക സംരംഭത്തെ തകർക്കുന്നതിനും പത്രക്കടലാസിൻെറ വിലവർദ്ധിപ്പിച്ച് പ്രചരണസാദ്ധ്യതകളെ തടയാനും ശ്രമം തുടരുന്നു. അവകാശപോരാട്ടങ്ങളിൽ ആശയപ്രചരണത്തെ തടയുന്ന വർത്തമാന സാഹചര്യത്തിൽ തൊഴിലാളികളുടെ തിരിച്ചറിവിൻെറ തീപ്പന്തമായ ദേശാഭിമാനി പത്രത്തിൻെറ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. വർഗപ്രസ്ഥാനത്തിൻെറ ജിഹ്വകളായ ചിന്ത വാരിക, ദേശാഭിമാനി വാരിക, സി. ഐ. ടി. യു. സന്ദേശം, പീപ്പിൾസ് ഡെമോക്രസി സൈദ്ധാന്തിക ത്രൈമാസികയായ ദി മാർക്സിസ്റ്റ് എന്നിവയുടേയും പ്രചാരകരും വരിക്കാരുമാകുന്നതിന് എല്ലാ അസോസിയേഷനംഗങ്ങളും മുന്നിട്ടിറങ്ങേണ്ടതാണ്.

## സി. ഐ ടി. യു. സംസ്ഥാനകമ്മിററി ഓഫീസ്

1988 ഡിസംബർ 28 ന് സി. ഐ. ടി. യു. സംസ്ഥാനകമ്മിററിയുടെ പുതിയ ഓഫീസ് അഖിലേന്ത്യാ പ്രസിഡൻറ് സ: ബി. ടി. ആർ. ഉൽഘാടനം ചെയ്തു. വിശാലമായ സൗകര്യങ്ങളുള്ള ആഫീസ് നമ്മുടെ കാലഘട്ടത്തിലെ സംഘടനാ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ഉതകുന്നതാണ്. ഉൽഘാടനവേളയിൽ നമ്മുടെ തിരുവനന്തപുരം ജില്ലയിലെ സഖാക്കരം സന്നിഹിതരായിരുന്നു. ഓഫീസ് കെട്ടിടത്തിനുവേണ്ടി രണ്ടുലക്ഷം രൂപ നമ്മുടെ ഫണ്ടിൽ നിന്നും കടമായി CITU സംസ്ഥാനകമ്മിററിക്ക് കൊടുത്തിട്ടുണ്ട്.

## H O ആസ്ഥാനം മാറുന്നു

നമ്മുടെ നിലവിലുള്ള H O ദേശാഭിമാനിയുടെ തിരുവനന്തപുരം എഡിഷൻെറ വികസനത്തിനായി വിട്ടുകൊടുക്കണമെന്ന ആവശ്യം സി. പി. ഐ. (എം) കമ്മിററി മുന്നോട്ടുവച്ചിട്ടുണ്ട്. അസോസിയേഷൻ കേന്ദ്രകമ്മിററി ഈ പ്രശ്നം ചർച്ചചെയ്യുകയും നിലവിലുള്ള മാർക്കററു് വിലക്ക് കൊടുക്കാനും തീരുമാനമെടുത്തു. സൗകര്യപ്രദമായ മറെറാരു ആസ്ഥാനം കണ്ടെത്തിയാൽ യൂണിയൻ ഹെഡ്ഓഫീസ് മാററുന്നതാണ്.

## ജൂലൈ 1 ൻെറ പ്രതിഷേധ ധർണ്ണ

1988 ലെ മോട്ടോർ ട്രാൻസ്പോർട്ട് വാഹന നിയമം ഭേദഗതിചെയ്തു 1989 ജൂലൈ 1 മുതൽ നടപ്പിലാക്കുകയുണ്ടായല്ലോ. ഇന്ത്യയിലെ ഗതാഗത രംഗത്തെ സ്വകാര്യവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും പൊതുമേഖലയെ തകർക്കുന്നതിനും പര്യാപ്തമായ വകുപ്പുകളാണ് പുതിയ ഭേദഗതിയിലുള്ളതു്. ഗതാഗത സംബന്ധിയായ നിയമനിർമ്മാണംപോലും സംസ്ഥാനസർക്കാരിൽ നിന്നും കവർന്നെടുക്കുന്ന ഈ ഭേദഗതിയോടെ ഗതാഗതരംഗത്തെ അരാജകത്വം അഴിഞ്ഞാട്ടംതന്നെ നടത്തും. R T A കളെ നോക്കുകുത്തികളാക്കി മാററുകയും നോട്ടിഫിക്കേഷൻപോലുമില്ലാതെ സ്വകാര്യമുതലാളിമാർക്ക്യഥേഷ്ടംപെർമിററനുവദിക്കുകയും ചെയ്യുന്ന വകുപ്പുകളുമായി പ്രാബല്യത്തിൽ വരുന്ന എം. വി. ഭേദഗതിയെ ചെറുക്കുന്നതിനായി എല്ലാ ഗതാഗതരംഗത്തു് പണിയെടുക്കുന്ന ജീവനക്കാരും രംഗത്തിറങ്ങാൻ AIRTWF ആഹ്വാനംചെയ്തു. അതിൻെറഭാഗമായി കേന്ദ്ര സർക്കാർ ഓഫീസുകൾക്കു മുന്നിൽ ജൂലൈ 1—നു പ്രതിഷേധ ധർണ്ണ നടത്തുവാൻ 10—6—89 ൽ ചേർന്ന കേന്ദ്ര കമ്മിററിയോഗം തീരുമാനമെടുത്തു. പൊതുവുടമയിലെ ട്രാൻസ്പോർട്ട് വ്യവസായത്തിൻെറ നട്ടെല്ലൂരിയെടുക്കുന്ന ഈ പിന്തിരിപ്പൻ നിയമത്തിനെ പ്രതിരോധിക്കാൻ നമ്മുടെ സംഘടനയൊഴികെ മറെറാരു യൂണിയനും രംഗത്തിറങ്ങിയില്ലെന്നതും ഓർക്കുക. അക്കാരണംകൊണ്ടുതന്നെ മുഴുവൻ ട്രാൻ. ജീവനക്കാരേയും ഇതിനെതിരെ അണിനിരത്താനുള്ള ബാദ്ധ്യത നമ്മുടെ സഖാക്കരം ഏറെറടുക്കേണ്ടതുണ്ട്.

പ്രക്ഷോഭണത്തിൻെറ ഭാഗമായി നടത്തിയ പാർലമെൻറ് മാർച്ച് എന്നതുപോലെതന്നെ ഗതാഗതരംഗത്തെ രോഷം ഇരമ്പിയവേളയായിരുന്നു ധർണ. അസോസിയേഷനംഗങ്ങൾ ഭാഗഭാക്കായസമരകേന്ദ്രങ്ങളും യൂണിററുകളും താഴെ ചേർക്കുന്നു.

| പങ്കെടുക്കുന്ന യൂണിററുകൾ | സമരകേന്ദ്രം |
|---|---|
| കാസർകോഡ് | കാസർകോഡ് |
| പയ്യന്നൂർ | പയ്യന്നൂർ |
| കണ്ണൂർ | കണ്ണൂർ |
| കോഴിക്കോട് ഡിപ്പോ | |
| കോഴിക്കോട് R/W | കോഴിക്കോട് |
| താമരശേരി | താമരശേരി |
| ബത്തേരി | ബത്തേരി |
| മാനന്തവാടിക, ൽപ്പററ | കൽപ്പററ |
| മലപ്പുറം, പെരിന്തൽമണ്ണ | മലപ്പുറം |
| പൊന്നാനി, എടപ്പാൾ | പൊന്നാനി |
| പാലക്കാട്, ചിററൂർ, വടക്കംചേരി | പാലക്കാട് |
| തൃശൂർ, ആമ്പല്ലൂർ, പുതുക്കാട് | തൃശൂർ |
| ഇരിങ്ങാലക്കുട, ചാലക്കുടി, മാള | ചാലക്കുടി |
| ഗുരുവായൂർ | ഗുരുവായൂർ |
| ആലുവ, പറവൂർ, അങ്കമാലി, ആലുവ R/W | ആലുവ |
| എറണാകുളം, ഫെറി, വൈക്കം | എറണാകുളം |
| പെരുമ്പാവൂർ, മൂവാററുപുഴ, മൂന്നാർ | |
| മൂലമററം, കോതമംഗലം, തൊടുപുഴ | മൂവാററുപുഴ |
| ആലപ്പുഴ | ആലപ്പുഴ |
| ചേർത്തല | ചേർത്തല |
| മാവേലിക്കര, മാവേലിക്കര R/W | മാവേലിക്കര |
| ഹരിപ്പാട്, കായംകുളം | കായംകുളം |
| കരുനാഗപ്പള്ളി, കൊല്ലം | കൊല്ലം |
| പാല, ഈരാററുപേട്ട, പൊൻകുന്നം | പാല |
| കോട്ടയം, ചങ്ങനാശേരി | കോട്ടയം |
| ചെങ്ങന്നൂർ, തിരുവല്ല | ചെങ്ങന്നൂർ |
| കൊട്ടാരക്കര, പുനലൂർ | കൊട്ടാരക്കര |
| അടൂർ, പന്തളം, പത്തനംതിട്ട | പത്തനംതിട്ട |
| കിളിമാനൂർ, ആററിങ്ങൽ | ആററിങ്ങൽ |

| | |
|---|---|
| പാലോട്, കാട്ടാക്കട, നെടുമങ്ങാട് | നെടുമങ്ങാട് |
| നെയ്യാററിൻകര, പൂവാർ<br>പാറശാല, വിഴിഞ്ഞം | നെയ്യാററിൻകര |
| പാപ്പനംകോട്, വികാസ്ഭവൻ,<br>തിരു: സെൻട്രൽ, ചീഫ് ഓഫീസ്<br>സെൻട്രൽ വർക്സ്, തിരു. സിററി<br>പ്രോ. യൂണിററ്, പേരൂർക്കട | സെൻട്രൽ<br>റെയിൽവേ<br>സ്റ്റേഷൻ<br>തമ്പാനൂർ |

# സംഘടന

സംഘടനാരംഗത്തു് അനിവാര്യമായി ശക്തിപ്പെടുത്തേണ്ട ചില ഘടകങ്ങളെ സംബന്ധിച്ച് നാം കഴിഞ്ഞ സമ്മേളനത്തിൽ ചർച്ചചെയ്ത് ചില ധാരണകളിലെത്തുകയുണ്ടായി. ഇതിൽ പ്രധാനപ്പെട്ട ഒരു ഘടകം മെമ്പർഷിപ്പ് കാമ്പയിനായിരുന്നു. 18—ാം സംസ്ഥാന സമ്മേളനമാകുമ്പോഴേക്കും മൊത്തം തൊഴിലാളികളുടെ പകുതിയിൽ കൂടുതൽ തൊഴിലാളികളെ പ്രതിനിധാനംചെയ്യുന്ന സംഘടന എന്ന പദവിയിലേക്കു് എത്തണമെന്നതായിരുന്ന കാഴ്ചപ്പാട്. എന്നാൽ കേവലം മൂന്നിലൊന്നു യൂണിററുകളാണ് ഈ ലക്ഷ്യത്തിന്റെ അടുത്തെങ്കിലുമെത്തിയതു്. പുതിയതായി നിയമിക്കപ്പെട്ട ജീവനക്കാരിൽ ബഹുഭൂരിപക്ഷവും ഭൂരിപക്ഷം യൂണിററുകളിലും നമ്മുടെ അംഗത്വമെടുത്തിട്ടുണ്ട്. എന്നാൽ പുതിയ മെമ്പർഷിപ്പുചേർക്കുകമാത്രമല്ല, ചേർത്ത മെമ്പർഷിപ്പ് നിലനിർത്തുന്ന കാര്യത്തിലും അതീവ ജാഗ്രതപുലർത്തേണ്ടതുണ്ട്. നാം ആരംഭിച്ച വെൽഫെയർ ഫണ്ട് സ്കീം ഇതര യൂണിയനുകളിൽ നിൽക്കുന്ന ധാരാളം ജീവനക്കാരെ നമ്മുടെ സംഘടനയിലേക്കു് ആകർഷിക്കുകയുണ്ടായി. ബോധപൂർവ്വം ഈ സൗകര്യങ്ങളെല്ലാമുപയോഗിച്ച് സംഘടനാ പ്രവർത്തനം നടത്തിയ നെയ്യാററിൻകര, പാപ്പനംകോട്ഡെപ്പൊ, സെൻട്രൽ തുടങ്ങിയ യൂണിററുകളിൽ മെമ്പർഷിപ്പിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പുതിയതായി ചേർത്ത അംഗങ്ങളുടെ കണക്കു് യൂണിററടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

5/88 മുതൽ 7/89 വരെയുള്ള മെമ്പർഷിപ്പ് വർദ്ധനവ്

| | | | | | |
|---|---|---|---|---|---|
| 1 | കാട്ടാക്കട | 31 | 39 | മാവേലിക്കര | 26 |
| 2 | നെയ്യാററിൻകര | 136 | 40 | R/W മാവേലിക്കര | 1 |
| 3 | പാറശാല | 38 | 41 | ഹരിപ്പാട്ട് | 25 |
| 4 | വിഴിഞ്ഞം | 26 | 42 | ആലപ്പുഴ | 37 |
| 5 | പൂവ്വാർ | 47 | 43 | ചേർത്തല | 26 |
| 6 | പാപ്പനംകോട്ട് | 84 | 44 | എറണാകുളം | 47 |
| 7 | സെൻട്രൽവർക്ക്സ് | 64 | 45 | D/W എറണാകുളം | 18 |
| 8 | പ്രൊഡക്ഷൻ യൂണിററ് | 3 | 46 | R/W ആലുവ | 13 |
| 9 | ചീഫോഫീസ് | 38 | 47 | ആലുവ | 6 |
| 10 | സിററി | 40 | 48 | പറവൂർ | 13 |
| 11 | സെൻട്രൽ | 95 | 49 | പെരുമ്പാവൂർ | 59 |
| 12 | വികാസ്ഭവൻ | 64 | 50 | അങ്കമാലി | 4 |
| 13 | പേരൂർക്കട | 18 | 51 | ചാലക്കുടി | 16 |
| 14 | നെടുമങ്ങാട്ട് | 50 | 52 | മാള | 18 |
| 15 | പാലോട് | 3 | 53 | പുതുക്കാട്ട് | — |
| 16 | കിളിമാനൂർ | 8 | 54 | ആമ്പല്ലൂർ | — |
| 17 | ആററിങ്ങൽ | 19 | 55 | തൃശ്ശൂർ | 17 |
| 18 | കൊട്ടാരക്കര | 43 | 56 | ഗുരുവായൂർ | 18 |
| 19 | പുനലൂർ | 31 | 57 | വടക്കാഞ്ചേരി | 3 |
| 20 | പത്തനംതിട്ട | 29 | 58 | ചിററൂർ | 1 |
| 21 | അടൂർ | 18 | 59 | പാലക്കാട്ട് | 5 |
| 22 | ചെങ്ങന്നൂർ | 19 | 60 | R/W എടപ്പാൾ | 130 |
| 23 | പന്തളം | 6 | 61 | പൊന്നാനി | 22 |
| 24 | തിരുവല്ല | 22 | 62 | മലപ്പുറം | 11 |
| 25 | ചങ്ങനാശ്ശേരി | 31 | 63 | പെരിന്തൽമണ്ണ | 9 |
| 26 | കോട്ടയം | 34 | 64 | കോഴിക്കോട്ട് | 26 |
| 27 | വൈക്കം | — | 65 | R/W കോഴിക്കോട്ട് | 10 |
| 28 | പാലാ | 19 | 66 | മാനന്തവാടി | 20 |
| 29 | പൊൻകുന്നം | 17 | 67 | കല്പററ | 10 |
| 30 | ഈരാററുപേട്ട | 13 | 68 | താമരശ്ശേരി | 15 |
| 31 | മൂവാററുപുഴ | 22 | 69 | ബത്തേരി | 100 |
| 32 | തൊടുപുഴ | 6 | 70 | കണ്ണൂർ | 28 |
| 33 | കോതമംഗലം | 7 | 71 | പയ്യന്നൂർ | 10 |
| 34 | മൂലമററം | 1 | 72 | കാസർകോഡ് | 10 |
| 35 | മൂന്നാർ | — | 73 | ഇരിങ്ങാലക്കട | 1 |
| 36 | കൊല്ലം | 42 | | | |
| 37 | കരുനാഗപ്പള്ളി | 21 | | | |
| 38 | കായംകുളം | 35 | | ആകെ | 1835 |

മെമ്പർഷിപ്പ് കാമ്പയിനെപ്പററി ചർച്ചചെയ്യുമ്പോഠം ഇതര സംഘടനകളുടെ ഇന്നത്തെ സ്ഥിതികൂടി ചർച്ചചെയ്യുന്നത് വിധേയമാക്കേണ്ടതുണ്ട്. നിലവിലുള്ള സ്ഥിതിഗതികഠം പരിശോധിക്കുമ്പോഠം വലിയൊരു ശതമാനം തൊഴിലാളികഠം ഒരു സംഘടനയിലും അംഗങ്ങളല്ലെന്നു കാണാൻ കഴിയും. പ്രതിപക്ഷത്തുള്ള ഏററവും ശക്തമായ സംഘടന എന്നു വിശ്വസിക്കുന്ന ഡ്രൈവേഴ്സ് യൂണിയനിൽപോലും മൂവായിരത്തിൽ താഴെ അംഗങ്ങളാണുള്ളതെന്ന് അവരുടെ വെൽഫെയർ ഫണ്ടിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച കണക്കുകഠം തെളിയിക്കുന്നു. INTUC (I) അടക്കമുള്ള ഇതര പ്രതിപക്ഷ ട്രേഡ് യൂണിയനുകളാകട്ടെ ദൈനംദിന പ്രവർത്തനംപോലും നിലച്ച മട്ടാണ്. AITUC യൂണിയൻ അല്പം ചില ശക്തിയുള്ള പോക്കററുകളിൽപോലും അംഗങ്ങളുടെ കൊഴിഞ്ഞുപോക്കിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. അവിഹിതമായി ചില സ്ഥലംമാററങ്ങഠം നേടിക്കൊടുക്കാൻ INLC, AITUC തുടങ്ങിയ സംഘടനകഠംക്ക് ഇപ്പോഴും അല്പാല്പംകഴിയുന്നുണ്ടെങ്കിലും സംഘടനാപരമായി വളരാൻ ഇക്കാലഘട്ടങ്ങളിൽ ഈ സംഘടനകഠംക്കൊന്നും കഴിഞ്ഞിട്ടില്ല. മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ, ലേബർ യൂണിയൻ തുടങ്ങിയ സംഘടനകളാകട്ടെ ക്ഷയോന്മുഖമായ അവസ്ഥയിലുമാണ്. പ്രതിപക്ഷ ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ നടന്ന സമരസംരംഭങ്ങളുടെ ദയനീയമായ പരാജയം ആ സംഘടനകളുടെ അസ്തിത്വംപോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ തെളിവാണ്. ഈ സാഹചര്യങ്ങളെല്ലാം പരമാവധി ഉപയോഗപ്പെടുത്തി മെമ്പർഷിപ്പ് വർദ്ധനവിന്റെ കാര്യത്തിൽ ഒരു കുതിച്ചുചാട്ടം നടത്താൻ ബോധപൂർവമായ ശ്രമങ്ങഠം യൂണിററുകഠം നടത്തിയേപററൂ.

മെമ്പർഷിപ്പ് വർദ്ധനവിന്റെ കാര്യം ചർച്ചചെയ്യുമ്പോഠം, നിലവിലുള്ള മെമ്പർഷിപ്പ് നിലനിർത്തേണ്ടതിന്റെയും അവയെ സദാ ചലനാത്മകമായി മാറേറണ്ടതിന്റെയും പ്രശ്നംകൂടി ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. യൂണിററിനകത്തുള്ള ജനാധിപത്യ സ്വഭാവം ശക്തിപ്പെടുത്തുന്ന പ്രശ്നവും മൊത്തം അംഗങ്ങളുടെ ബോധനിലവാരം ഉയർത്തുന്ന പ്രശ്നവുംകൂടി ഇതോടൊപ്പം പരിശോധിക്കപ്പെടേണ്ടതുണ്ട്. സംഘടനാകുറിപ്പിൽ അനുശാസിക്കുന്നവിധത്തിൽ സംഘടനാപ്രവർത്തനം നടത്തിപ്പോരുന്ന യൂണിററുകഠം തുലോം പരിമിതമാണ്. ശരാശരി റിപ്പോർട്ട് കാലയളവിൽ ചേർന്ന ജനറൽബോഡികളുടെ എണ്ണം പരിശോധിച്ചാൽ 5 ആണെന്നു കാണാൻകഴിയും. പലപ്പോഴും ജനറൽബോഡികളിൽ ആവശ്യമായത്ര അംഗങ്ങളുടെ അസാന്നിദ്ധ്യംമൂലം യോഗംകൂടാൻ കഴിയാത്ത സ്ഥിതിയും ഉണ്ടായിട്ടുണ്ട്. തൊഴിലാളികളെ നേരിൽക്കണ്ട് ജനറൽബോഡികളിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുന്ന പഴയ സ്വഭാവം പല യൂണിററ് നേതൃത്വത്തിനും കൈമോശം വന്നതായി കാണാൻ കഴിയും.

രണ്ടാമതായി ജനറൽബോഡികഠംക്ക് പകരമായി പ്രവർത്തിക്കുന്നതു് പലപ്പോഴും കമ്മിററികളാണ്. കമ്മിററികഠംക്കുപകരം ഒ. ബി.യും ഒ. ബി.ക്കുപകരം സെക്രട്ടറിയോ പ്രസിഡന്റോ. ഇതു് യൂണിയന്റെ ജനാധിപത്യ

സ്വഭാവത്തെ പരിമിതപ്പെടുത്തുകയും, യൂണിയന്റെ മൊത്തം തൊഴിലാളികൾ ചേർന്ന് ചർച്ചചെയ്ത് എടുക്കേണ്ട തീരുമാനങ്ങൾ കേവലം ഒന്നോ രണ്ടോ വ്യക്തികളുടെ വ്യക്തിനിഷ്ഠ തീരുമാനങ്ങളായി മാറുകയും ചെയ്യുന്നു. കേന്ദ്ര നേതൃത്വം തൊഴിലാളികൾക്കിടയിൽ റിപ്പോർട്ട്ചെയ്യാൻവേണ്ടി യൂണിററുകളിലേക്കയയ്ക്കുന്ന വിഷയങ്ങൾപോലും അണികൾക്കിടയിൽ എത്താത്തതുമൂലം സംഘടനയുടെ തീരുമാനങ്ങളും സംഘടന ചർച്ചചെയ്ത് എത്തിയ ധാരണകളും അവർക്ക് അജ്ഞാതമാവുന്നു.

ചാർജ്ജുള്ള ഔദ്യോഗിക ഭാരവാഹികൾ പങ്കെടുത്താൽമാത്രമേ കമ്മിററിയും ജനറൽബോഡിയും കൂടേണ്ടതുള്ളൂ എന്ന ധാരണയിലാണ് പല യൂണിററുകളും. ജനറൽബോഡികളോ കമ്മിററികളോ ചേർന്നാൽപോലും അവിടെ വ്യവസായത്തിനകത്തുള്ള തൊഴിലാളികളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങൾമാത്രമേ ചർച്ചചെയ്യപ്പെടുന്നുള്ളൂ. ജനങ്ങളെ പൊതുവെയും തൊഴിലാളിവർഗത്തെ പ്രത്യേകിച്ചുംബാധിക്കുന്ന രാഷ്ട്രീയ–സാമ്പത്തികപ്രശ്നങ്ങളെല്ലാം തങ്ങൾക്കന്യമാണെന്ന മട്ടിലാണ് നേതാക്കളും തൊഴിലാളികളും ഇത്തരം യോഗങ്ങളിൽ പെരുമാറുക പതിവ്. ഈ പ്രശ്നങ്ങളൊന്നും ചർച്ച ചെയ്യാൻ അവർ ഒരിക്കലും സമയം കണ്ടെത്തുന്നില്ല.

രാജ്യത്ത് വളർന്നുവരുന്ന എല്ലാ പ്രശ്നങ്ങളെയും സംബന്ധിച്ച് പഠിക്കാനും പ്രതികരിക്കാനും നമുക്ക് കഴിയണം. ഉദാഹരണമായി രാജീവ്ഗാന്ധിയുമായി ബന്ധപ്പെട്ട അഴിമതിയാരോപണങ്ങൾ സി.എ.ജി. അടക്കമുള്ള രാജ്യത്തെ സ്വതന്ത്രപരമാധികാര ഏജൻസികൾ ശരിവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രാജീവ്ഗാന്ധി രാജിവയ്ക്കണമെന്ന്ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷ എം.പി.മാർ പാർലമെൻറിന്റെ ഇരുസഭകളിലും പൊരുതുകയുംചെയ്തു. ഒടുവിൽ പ്രതിപക്ഷ എം.പി മാർ ലോകസഭയിൽനിന്ന് രാജിവച്ചു. ഇത്തരം സംഭവവികാസങ്ങളിൽ ട്രാൻ. തൊഴിലാളികൾ കേവലം കാഴ്ചക്കാരായി നോക്കിനിൽക്കാതെ പ്രശ്നങ്ങൾ തൊഴിലാളികളെ പഠിപ്പിച്ച് യൂണിററടിസ്ഥാനത്തിൽ പ്രകടനങ്ങളും വിശദീകരണയോഗങ്ങളും നടത്താനുള്ള ആർജവബോധം സ്വായത്തമാക്കേണ്ടതാണ്.

അതുപോലെ കേന്ദ്രഗവൺമെൻറിന്റെ അരിവിഹിതം വെട്ടിക്കുറച്ച ഹീന നടപടി, പത്രക്കടലാസിന്റെ വിലവർദ്ധനവ്, മോട്ടോർ വെഹിക്കിൾആക്ട് ഭേദഗതി നിയമം തുടങ്ങിയ എല്ലാ പ്രശ്നങ്ങളിലും അതതു സമയത്ത് പ്രതികരിക്കാനുള്ള ശേഷി സ്വായത്തമാക്കണം. സ്വന്തം വേലയ്ക്കും കൂലിക്കും അപ്പുറത്തുള്ള പ്രശ്നങ്ങൾകൂടി സ്വന്തം പ്രശ്നമായിക്കണ്ട് പ്രതികരിക്കാൻ കഴിഞ്ഞെങ്കിൽമാത്രമേ, സ്വന്തം സ്ഥാപനത്തികത്തുള്ള പ്രശ്നങ്ങൾക്കുപോലും പരിഹാരം കണ്ടെത്താൻ കഴിയൂ എന്ന സത്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

പക്ഷെ ഇക്കാര്യത്തിൽ നമ്മെ നയിക്കുന്ന ബോധം മറെറാന്നാണ്. ഓരോ കാര്യത്തിലും കേന്ദ്രക്കമ്മിററി പ്രതികരിക്കാൻ ആഹ്വാനം ചെയ്താൽ മാത്ര

മേ യൂണിററുകഠം ചലിക്കേണ്ടതുള്ള എന്ന ധാരണയാണ് നമ്മുടേതു്. കേന്ദ്രക്കമ്മിററി ആഹ്വാനം ചെയ്താൽപോലും നമ്മെ നേരിട്ട് ബാധിക്കാത്ത പ്രശ്നങ്ങളിൽ പ്രതികരിക്കാൻ പലപ്പോഴും നാം മെനക്കെടാറുമില്ല. ഇത്തരം പൊതു പ്രശ്നങ്ങളിൽ നാം നടത്തുന്ന പ്രതികരണങ്ങഠംക്കു് അനുകൂലഭാവം തൊഴിലാളികളിൽനിന്നും ഉണ്ടാകാറില്ല എന്ന വാദവും ചില സഖാക്കഠം ഉന്നയിക്കാറുണ്ടു്. ഇതു് പൂർണ്ണമായും തെററാണെന്നു് നമ്മുടെ അനുഭവങ്ങഠം നമ്മെ പഠിപ്പിക്കുന്നു. സോവിയററു് യൂണിയനിലെ, ഭൂകമ്പത്തിൽപ്പെട്ടവരെ സഹായിക്കാൻ നാം ആഹ്വാനംചെയ്ത ആർമേനിയൻഫണ്ടു്, ബീഹാർ ദുരിതാശ്വാസഫണ്ടു്, ത്രിപുരയിലെ കോൺഗ്രസ്–ടി. യു. ജെ. എസ്. ശക്തികളുടെ അർദ്ധഫാസിസ്റ്റ് ഭീകരതക്കെതിരെ ചെറുത്തുനിൽപ്പുനടത്തുന്ന ത്രിപുരാ സഖാക്കളെ സഹായിക്കാൻ സംഭരിച്ച ത്രിപുരഫണ്ടു് തുടങ്ങിയവയുടെ വിജയം ഇതിനുദാഹരണമാണ്. അതുപോലെതന്നെ കഴിഞ്ഞ റിപ്പോർട്ടുവർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു് അസ്സോസിയേഷൻെറ മുൻ കയ്യോടെ നാം സംഭരിച്ച ദുരിതാശ്വാസഫണ്ടും ഇതിനുദാഹരണമാണു്.

സംഘടനയെ, ട്രാൻസ്പോർട്ടിലെ മൊത്തം തൊഴിലാളികളുടെ നേതാവെന്ന നിലക്കും, ജനങ്ങളുടെതടക്കം പ്രശ്നങ്ങഠം ഏറെറടുത്തു് പ്രക്ഷോഭം നടത്തുന്ന പ്രക്ഷോഭകാരി എന്ന നിലയ്ക്കും വളർത്തിയെടുക്കുമ്പോഠം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങഠം കൂടി സൂചിപ്പിക്കുന്നതിൽ അസാംഗത്യമില്ലെന്നു തോന്നുന്നു.

മൊത്തം തൊഴിലാളികളെ ഐക്യപ്പെടുത്തുക എന്ന നമ്മുടെ ലക്ഷ്യം കൈവരിക്കാൻ കഴിയണമെങ്കിൽ അവരുടെ സുഖദുഃഖങ്ങളിൽ തുല്യ പങ്കാളിയാണ് സംഘടനാപ്രവർത്തകർ എന്നു് അവർക്കു് ബോദ്ധ്യപ്പെടണം. നമ്മുടെ സംഘടനാപ്രവർത്തകർ മാതൃകാപരമായി തൊഴിൽ സ്ഥലത്തു് പെരുമാറുന്നവരായിരിക്കണമെന്നുമാത്രമല്ല, സ്വന്തം സഹോദരരായ സഖാക്കളുടെ പ്രശ്നങ്ങഠം സഹിഷ്ണുതയോടെ കേട്ടു് പരിഹരിച്ചുകൊടുക്കാൻ കഴിയുന്നവ പരമാവധി വേഗത്തിൽ പരിഹരിച്ചുകൊടുക്കുന്നവരുമായിരിക്കണം. ഓഫീസ് ജീവനക്കാർക്കു് ഇക്കാര്യത്തിൽ വലിയൊരളവുവരെ സംഘടനക്കുപുറത്തുള്ള തൊഴിലാളികളെക്കൂടി സംഘടനക്കകത്തേക്കു് ആകർഷിക്കാൻ കഴിയുന്ന സഹായങ്ങഠം ചെയ്യാൻ കഴിയും. അതേസമയം ആഫീസിൽ വരാതിരിക്കുകയും വന്നാൽത്തന്നെ സ്വന്തം ഇരിപ്പിടത്തിൽ കാണാതിരിക്കുകയും ചെയ്യുന്ന പ്രവണത നമ്മുടെ സഖാക്കളിലെങ്കിലും ഉണ്ടായിക്കൂട. അതുപോലെതന്നെ പ്രശ്നങ്ങളുമായി സമീപിക്കുന്ന തൊഴിലാളികളുടെ ആവശ്യങ്ങളിൽ കേവലം സാങ്കേതിക പ്രശ്നങ്ങഠം ചൂണ്ടിക്കാട്ടി നിരാകരിക്കാൻ ശ്രമിക്കാതെ നിലവിലുള്ള ചട്ടക്കൂടുകളുടെ അകത്തുനിന്നുകൊണ്ടുതന്നെ എങ്ങനെ അനുകൂലമായി തീരുമാനമെടുക്കാം എന്നതായിരിക്കണം അവരെ നയിക്കേണ്ട ചിന്ത. പ്രശ്നങ്ങളിൽ വേണ്ടത്ര ആശയവ്യക്തത ഉണ്ടായിരുന്നിട്ടുകൂടി നിതി നിഷേധിക്കുന്നതിനു വേണ്ടിമാത്രം ചീഫാഫീസിലേക്കു് ക്ളാരിഫിക്കേഷനുവേണ്ടി അയക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുതന്നെയാണ്.

ഇതുപോലെതന്നെ മെക്കാനിക്കൽ വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ സ്വീകരിക്കുന്ന ചില സമീപനങ്ങൾ തിരുത്തിക്കുന്നതിന് നമ്മുടെ സംഘടന ബോധപൂർവം ശ്രദ്ധിക്കേണ്ടതുണ്ട്. നൂറുകണക്കിന് യാത്രക്കാരുടെ ജീവൻകൊണ്ട് വാഹനമോടിക്കുന്ന ഡ്രൈവർ വാഹനത്തെക്കുറിച്ച് ന്യായമായും രേഖപ്പെടുത്തുന്ന പരാതികൾ പരിഹരിക്കാതെ, ശ്രദ്ധിക്കപോലും ചെയ്യാതെ, ''കേടുപാടുകൾ പരിശോധിച്ച് തീർത്തുകൊടുത്തു'' എന്ന് രേഖപ്പെടുത്തുന്ന മെക്കാനിക്ക് സ്വന്തം സ്ഥാപനത്തോടും സഹപ്രവർത്തകനായ ഡ്രൈവറോടും മാത്രമല്ല നീതികേട് കാണിക്കുന്നത്. പ്രത്യുത നിരപരാധികളായ യാത്രക്കാരുടെ ജീവൻപോലും അപകടപ്പെടുത്തുന്നു. പലപ്പോഴും ഡ്രൈവർ കാററഗറിയെ നമ്മിൽനിന്നകററുന്നതിനുള്ള പ്രധാന കാരണം ആത്മാർത്ഥതയില്ലാത്ത ഇത്തരം പ്രവർത്തനങ്ങളാണ്.

ഇതുപോലെതന്നെ യാത്രക്കാരായ പൊതുജനങ്ങളോടുള്ള അപൂർവം ചില കണ്ടക്ടർ—ഡ്രൈവർ വിഭാഗം ജീവനക്കാരുടെ പെരുമാററങ്ങളും ചർച്ചാവിധേയമാകണം. ബസ്സിൽ പുകവലിച്ചെന്ന കുററത്തിന് യാത്രക്കാരനെ മർദ്ദിക്കുന്ന അസോസിയേഷൻ പ്രവർത്തകനായ കണ്ടക്ടരും ബസ്സ് ഒരിക്കലും സ്റ്റോപ്പിലല്ല നിർത്തേണ്ടതെന്ന് ധരിക്കുന്ന ഡ്രൈവറും കുറേക്കൂടി സാമൂഹ്യബോധം കാണിക്കാൻ തയ്യാറാകേണ്ടേ? പൊതുവെയുള്ള യാത്രക്കാരുടെ പരാതികളുടെ എണ്ണം കുറഞ്ഞതായി കാണാൻ കഴിയും. മാത്രവുമല്ല, ട്രാൻ: ജീവനക്കാരെക്കുറിച്ച് ആക്ഷേപങ്ങൾ മാത്രമല്ലാതെ, നല്ല അഭിപ്രായങ്ങൾകൂടി പത്രങ്ങളിൽ എഴുതാൻ യാത്രക്കാർ തുടങ്ങിയിട്ടുണ്ടെന്ന കാര്യവും അനുസ്മരിക്കണം. മോശമായ രീതിയിൽ യാത്രക്കാരോട് പെരുമാറുന്ന അസോസിയേഷനംഗങ്ങളെ നമ്മുടെ ജനറൽ ബോഡികളിൽവെച്ചും മററും തിരുത്തിക്കാൻ നമുക്ക് കഴിയണം. മാത്രവുമല്ല, നമ്മുടെ സംഘാംഗങ്ങൾ കൂട്ടായി ഇത്തരം ദുഷ് പ്രവണതകളെ തടയിടുന്നതിനുവേണ്ടി പരസ്യമായിതന്നെ രംഗത്തിറങ്ങിയാൽ മററു തൊഴിലാളികളും ഇക്കാര്യത്തിൽ നമ്മോടൊപ്പം ഉണ്ടാകുമെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. പുതിയതായി വരുന്ന ജീവനക്കാരെ സംബന്ധിച്ചും നാം ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ നൽകണം.

## വ്യവസായം

പുതിയ മോട്ടോർ വെഹിക്കിൾ ആക്ട് ഭേദഗതി നിയമത്തിൻെറ അടിസ്ഥാനത്തിൽ ട്രാൻ. കോർപ്പറേഷൻെറ വികസനംതന്നെ ഒരു പ്രതിസന്ധിയിലാവാൻ പോവുകയാണ്. പുതിയ വാഹന ഭേദഗതിയുടെ പ്രധാന ലക്ഷ്യംതന്നെ വാഹന ഗതാഗതരംഗത്തെ കുത്തകകളായ വൻകിട വാഹനനിർമ്മാതാക്കളെ സഹായിക്കലാണ്. പുതിയ മോട്ടോർ വെഹിക്കിൾ ആക്ട്, റീജിയണൽ ട്രാൻ. അതോറിററി, സംസ്ഥാന ട്രാൻ. അതോറിററി എന്നിവ ആലങ്കാരികമാക്കിയിരിക്കുന്നു. ആർക്കും ഏതു സമയത്തും ഏതു് റൂട്ടിലും പെർമിററിനുവേണ്ടി അപേക്ഷ സമർപ്പിക്കാം. അപേക്ഷകൾ ക്ഷണിക്കേണ്ട

തില്ലാത്തതുകൊണ്ടുതന്നെ പരാതികൾ ക്ഷണിക്കുകയോ പരാതികൾ കേൾക്കുകയോവേണ്ടെന്ന സ്ഥിതിയുമുണ്ട്. ഇപ്പോൾ കോഴിക്കോട് തലശേരി റൂട്ടിൽ തന്നെ 24 അപേക്ഷകളും വടകര റൂട്ടിൽ 17 അപേക്ഷകളും പുതിയതായി സർവീസ് ആരംഭിക്കാൻവേണ്ടി നൽകിയിട്ടുണ്ടെന്ന് കോഴിക്കോട്ടെ സ്വകാര്യ മോട്ടോർ തൊഴിലാളി യൂണിയൻെറ പ്രവർത്തകർതന്നെ പറയുകയുണ്ടായി (കോഴിക്കോട്ട് AIRTWF ജില്ലാ കൺവെൻഷനിൽ) ഇതുമൂലം അനാരോഗ്യകരമായ മത്സരങ്ങളും വ്യവസായരംഗത്തു് അരാജകത്വവും വളരുന്നു. പുതിയ വാഹനങ്ങളുടെ കൂടുതൽ ആവശ്യംവരുമെന്നുകണ്ടറിഞ്ഞ വാഹനഉല്പാദകർ ഇപ്പോൾ ചാസിയുടെ വില വർദ്ധിപ്പിക്കാനും തുടങ്ങിയിട്ടുണ്ട്.

1939ലെ എം.വി.ആക്ട് 4 – സെക്ഷൻ 68 (സി)പ്രകാരം ദേശസാൽക്കരണത്തിനുള്ള ഒരു പദ്ധതി ഒരു ട്രാൻ. കോർപ്പറേഷന് തയ്യാറാക്കി ഗസററിൽ പ്രസിദ്ധീകരിക്കാം. അങ്ങനെ പ്രസിദ്ധപ്പെടുത്തിയ ഉടൻ അതനുസരിച്ച് താൽക്കാലിക പെർമിററുകളിന്മേൽ ബസ്സുകൾഓടിക്കുന്നതിനുള്ള പരിപൂർണ്ണമായ അവകാശവും ലഭിക്കുന്നുണ്ട്. ഈ മേഖലകളിൽ ദേശസാൽക്കരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത റൂട്ടുകളിൽ ബസ് സർവീസ് നടത്താൻ ട്രാൻ. കോർപ്പറേഷന് കഴിയാത്ത സാഹചര്യത്തിൽ സ്വകാര്യ ഉടമകൾക്ക് താൽക്കാലിക പെർമിററ് നൽകാവുന്നതാണ്. (ട്രാൻ. കോർപ്പറേഷൻ സർവീസുകൾ തുടങ്ങുന്നതുവരെ മാത്രമെ ഇതിന് പ്രാബല്യമുള്ളവെന്നു് മാത്രം). എന്നാൽ പുതിയ ഭേദഗതിയനുസരിച്ച് ട്രാൻ: കോർപ്പറേഷന് ദേശസാൽക്കരണപദ്ധതി ഗസററിൽ പ്രഖ്യാപിക്കാനുള്ള അവകാശംതന്നെ നിഷേധിച്ചിരിക്കുന്നു. ഇനിമേൽ സംസ്ഥാന സർക്കാരുകൾക്കാണ് ഈ നിർദേശം തയ്യാറാക്കി ഗസററിൽ പ്രസിദ്ധീകരിക്കാനുള്ള അവകാശം. ഇതു് കേവലമൊരു നിർദ്ദേശമാണ്, ദേശസാൽക്കരണ പദ്ധതിയല്ല. (എന്നുവെച്ചാൽ കരടുപദ്ധതിയല്ലെന്നർത്ഥം) അതുകൊണ്ടുതന്നെ ആ റൂട്ടുകളിൽ ട്രാൻ. കോർപ്പറേഷനു മാത്രമായി സർവീസ് നടത്താനുള്ള അവകാശവും സിദ്ധിക്കുന്നില്ല. വിജ്ഞാപനം അവസാനമായി അംഗീകരിക്കപ്പെടുകയോ ഭേദഗതി ചെയ്യപ്പെടുകയോ ചെയ്യുന്നതുവരെ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്തെ സ്ഥിതി തുടരും. അതുപോലെതന്നെ നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചശേഷം ഒരുവർഷത്തിനകംതന്നെ, നിർദ്ദേശത്തെ അംഗീകൃതപദ്ധതിയായിട്ടൊ ഭേദഗതി ചെയ്ത പദ്ധതിയായിട്ടോ അംഗീകരിച്ചില്ലെങ്കിൽ ഈ നിർദ്ദേശംതന്നെ കാലഹരണപ്പെടുന്നതാണ്.

ഇന്നത്തെ സ്ഥിതിയെന്താണ് ? ദേശസാൽക്കരണ പദ്ധതി ട്രാൻ. കോർപ്പറേഷൻ ഗസററിൽപ്രഖ്യാപിച്ച് വർഷങ്ങൾക്കുശേഷമേ നടപ്പാക്കപ്പെടുന്നുള്ളു അല്ലെങ്കിൽതന്നെ കെ.എസ്.ആർ.ടി.സി.യെപ്പോലെ സാമ്പത്തികക്ലേശങ്ങളുടെ നടുവിൽപ്പെട്ടുഴലുന്ന ഒരു പൊതുമേഖലയ്ക്കു് നിർദ്ദിഷ്ട സമയപരിധിക്കകത്തുതന്നെ അതു് നടപ്പിലാക്കാൻ കഴിയില്ലല്ലൊ. 1939ലെ ആക്ടനുസരിച്ച് ഗസററിൽ പ്രസിദ്ധീകരിച്ച നിരവധി പദ്ധതികൾ അവസാന നടപ

ടികരം പൂർത്തിയാക്കാതെ ഇപ്പോഴം അവശേഷിക്കുന്നുണ്ട്. പുതിയ ആക്ട് നിലവിൽവന്നതോടുകൂടി ഒരു വർഷത്തിനകം അത്തരം കരട് പദ്ധതികളിൻ മേൽ തീർപ്പുകൽപ്പിക്കണം. അല്ലെങ്കിൽ ഈ പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക പെർമിററുകളിൽ ഓടിക്കുന്ന ബസ്സുകരംനിരത്തിൽനിന്നും പിൻവലിക്കേണ്ടതായിവരും. എന്നുവെച്ചാൽ 1990 ജൂലൈ 1–നു മുമ്പ് ദേശസാൽക്കരണം പ്രഖ്യാപിച്ച മേഖലയിലെ ദേശവൽക്കരണം പൂർത്തീകരിച്ചില്ലെങ്കിൽ നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന നിരവധി ബസ്സുകരം പിൻവലിക്കേണ്ടിവരും. അവിടെയെല്ലാം സ്വകാര്യ ബസ്സുടമകരം തള്ളിക്കയറും.

ഈ സാഹചര്യത്തിലാണ് ട്രാൻ: കോർപ്പറേഷന്റെ എട്ടാം പദ്ധതിയിലുള്ള വികസനം എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് നാം പരിശോധിക്കേണ്ടതു്.

ലഭ്യമായ കണക്കുകളനുസരിച്ച് (29–7–89) ഇപ്പോഴത്തെ മൊത്തം ഷെഡ്യൂളുകരം 2986 ആണ്. ബസ്സുകളാകട്ടെ, 3236 ഉം നാം ഓടിക്കാൻ ബാദ്ധ്യസ്ഥമായ കി. മീററർ 9.1 ലക്ഷവും ശരാശരി ഓപ്പറേററ് ചെയ്യുന്ന കി. മീററർ 8 01 ലക്ഷവുമാണ്. ശരാശരി ഒരു കി. മീററ റിനു് ലഭിക്കുന്ന വരുമാനം 5 രൂപ 27 പൈസയും (EPKM) ഒരു കി. മീററർ ഓടിക്കുമ്പോഴുള്ള മൊത്തം ചിലവ് 5 രു 26 പൈസയുമാണ് (EPKM) ഓപ്പറേഷൻ ചിലവ് 4 രു 91 പൈസയാണ്.

സ്ഥിരം ജോലിക്കു് വരാത്തവർ കഴിച്ച് 30200 തൊഴിലാളികളാണ് റോഡ് വിഭാഗത്തിൽ ഉള്ളതു്. കണ്ടക്ടർ, ഡ്രൈവർ, ഇൻസ്പെക്ടർ, വെഹിക്കിരം സൂപ്പർവൈസർ അടക്കം 18543 തൊഴിലാളികളും മെക്കാനിക്കൽ വിഭാഗത്തിൽ മൊത്തം 6847 തൊഴിലാളികളും അഡ്മിനിസ്ട്രേററീവ് വിഭാഗത്തിൽ 4756 തൊഴിലാളികളുമുണ്ട്. ഇതിലെല്ലാം അൽപ്പസ്വല്പം മാററം കാണാൻ സാദ്ധ്യതയുണ്ട്.

അടിയന്തരമായി കൂടുതൽ റൂട്ടുകരം ദേശവൽക്കരിക്കുകയെന്ന സമീപനം കൈക്കൊള്ളാൻ നമുക്കു് കഴിഞ്ഞെങ്കിൽമാത്രമെ വ്യവസായ വികസനം ത്വരിതപ്പെടുത്താൻ കഴിയൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുമാർ 46 കോടിയോളം രൂപ വ്യവസായത്തിനുവേണ്ടി മുതൽ മുടക്കിയിട്ടുണ്ട്. വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്നു് കടമായി കൊടുത്തതും സംസ്ഥാന സംസ്ഥാനസർക്കാർ കൊടുത്തതുമായ നിക്ഷേപമാണിതു്. അതുകൊണ്ടുതന്നെ ശ്രീ വിജയചന്ദ്രൻ നടത്തിയ ഒരു പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടായിരമാണ്ടോടുകൂടി മൊത്തം ബസ്സുകളും ദേശവൽക്കരിക്കണമെങ്കിൽ 530 കോടി രൂപ (1986 ലെ വിലനിരക്കു്) വേണ്ടിവരും. ഈ തുകയാകട്ടെ, സംസ്ഥാനസർക്കാരിന്റെ മൊത്തം ബഡ്ജററ് ചിലവിന്റെ ഒന്നരശതമാനവും മൊത്തം സംസ്ഥാന വരുമാനത്തിന്റെ അര ശതമാനത്തിൽ താഴെ മാത്രവും വരുന്ന ഒരു തുകയാണ്. ഒരു സമയബന്ധിതപരിപാടിയുടെ അടിസ്ഥാന

ത്തിൽ ഈ മൂലധനം സർക്കാരിന് സ്വരൂപിക്കാൻ കഴിയും. (2:1 എന്ന അനുപാതത്തിൽ സംസ്ഥാന–കേന്ദ്രഗവൺമെൻറുകൾ മൂലധനനിക്ഷേപം നടത്തണമെന്നതാണ് നിയമമെങ്കിലും കഴിഞ്ഞ രണ്ടുവർഷമായി കേന്ദ്രസർക്കാർ അതിൽനിന്നും പുറകോട്ടുപോയിരിക്കുന്നു. നമുക്ക് ഇക്കാല ഘട്ടങ്ങളിൽ ലഭിക്കേണ്ട കേന്ദ്രവിഹിതം $3\frac{3}{4}$ കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല. ഇതു് പുതിയൊരു സാമ്പത്തിക പ്രതിസന്ധിക്ക് തുടക്കം കുറിക്കും) ഇപ്പോൾ പുതിയതായി ട്രാൻ: ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും ട്രാൻ: കോർപ്പറേഷന് കടമെടുക്കുന്നതിനേക്കാൾ ലാഭമാണൊ IDBI പോലുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നുമെടുക്കുന്ന കടമെന്ന കാര്യം ചിന്തനീയമാണ്. എന്തായാലും മൂലധന നിക്ഷേപത്തിൻെറ കാര്യത്തിൽ അടിയന്തരമായ ചില നടപടികൾ കൈക്കൊള്ളാൻ ഗവൺമെൻറിന് കഴിയണം. ഈ സാമ്പത്തിക വർഷാവസാനത്തോടെ മൂവ്വായിരം ഷെഡ്യൂളുകൾ എന്ന ലക്ഷ്യം മുൻനിർത്തി ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുകയും പ്രതിവർഷം പത്തുശതമാനം ഷെഡ്യൂളുകളുടെ വർദ്ധന നടപ്പിലാക്കണമെന്ന് ലക്ഷ്യമിടുകയും ചെയ്താൽ അടുത്ത പത്തുവർഷത്തിനകം നമുക്ക് സമ്പൂർണ്ണ ദേശവൽക്കരണമെന്ന ലക്ഷ്യം നേടാൻകഴിയും. നമ്മുടെ വ്യവസായ വികസനത്തിൻെറ ഒരു ലക്ഷ്യം ഇതായിരിക്കണം.

ട്രാൻ: കോർപ്പറേഷന് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള വായ്പകൾ പൂർണ്ണമായും ഷെയറുകളാക്കിമാററാൻ തീരുമാനിച്ചാൽതന്നെ നിലവിലുള്ള കടത്തിൻെറ കണക്ക് കുറക്കാൻ കഴിയും. കൂടുതൽ സാമ്പത്തികസഹായം നേടാൻ ഇതുകൊണ്ടു കഴിയുകയും ചെയ്യും.

രണ്ടാമതായി ദേശവൽക്കരണമെന്ന ഇന്നത്തെ നയപരിപാടി നടപ്പാക്കുന്നതിലും ചില മാററങ്ങൾ അനിവാര്യമായും ഉണ്ടാക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു മേഖല പൂർണ്ണമായി ദേശവൽക്കരിക്കുകയെന്ന നയം ഉപേക്ഷിച്ച് ലാഭകരമായ റൂട്ടുകൾ ഏറെറടുത്ത് ദേശവൽക്കരണം പടിപടിയായി നടപ്പിലാക്കണം. ഉദാഹരണമായി തൃശ്ശൂ–ഗുരുവായൂർ (വഴി–ചൊവല്ലൂർപടി, ചൂണ്ടൽ) പാലക്കാട്–തൃശ്ശൂർ (വഴി ആലത്തൂർ–വടക്കഞ്ചേരി) എന്നീ റൂട്ടുകൾതന്നെ പരിശോധിക്കാം. ഈ റൂട്ടുകളിലെ ബസ്സുകൾ പൂർണ്ണമായും ട്രാൻ: കോർപ്പറേഷൻ ഓടിയ്ക്കാൻ തീരുമാനിച്ചാൽ തന്നെ, വളരെയധികം മുടക്കുമുതൽ ഉണ്ടാകുന്നതല്ല. അതേസമയം വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

താഴെ പറയുന്ന ചില നിർദ്ദേശങ്ങൾകൂടി വ്യവസായത്തെ പുനഃസംഘടിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്,

1) പുതിയതായി പുറത്തിറക്കുന്ന വാഹനങ്ങളിൽ അമ്പതുശതമാനം പഴയവാഹനങ്ങൾ പിൻവലിച്ച് അവക്ക് പകരമായും അമ്പതുശതമാനം പുതിയ റൂട്ടുകൾ ആരംഭിക്കുന്നതിനും നീക്കിവെക്കണം.

2) 50 കി. മീററിൽ കൂടുതൽ വരുന്ന എല്ലാ സർവ്വീസുകളും (പുതിയ എം. വി. ആക്ടനുസരിച്ച്) ട്രാൻ: കോർപ്പറേഷൻെറ ബസ്സുകൾ ഓടിക്കാൻ തീരുമാനിക്കണം.

3) ജില്ലാ കേന്ദ്രങ്ങൾ, താലൂക്ക് കേന്ദ്രങ്ങൾ ഇവയെ ബന്ധിപ്പിക്കുന്ന സർവീസുകൾ ട്രാൻ: കോർപ്പറേഷൻ നടത്തണം.

3) തമിഴ്നാട് ട്രാൻ: കോർപ്പറേഷനുകൾ നടത്തുന്നതുപോലെ ഇൻട്രാ—സ്റ്റേററ് സർവീസുകളും ആരംഭിക്കാൻ നമുക്ക് കഴിയണം.

5) ശാസ്ത്രീയമായ രീതിയിൽ റൂട്ടുകൾ പുന:സംവിധാനം ചെയ്യണം. പല റൂട്ടുകളിലും സ്വകാര്യ ബസ്സുകളുമായുള്ള ബോധപൂർവ്വമോ അല്ലാത്തതോ ആയ സഹവർത്തിത്വം ഇപ്പോൾ കാണാൻ കഴിയും. ഇതു് പൂർണ്ണമായും ഒഴിവാക്കണം. ഒന്നിനുപിറകെ മറെറാന്നു് എന്നതരത്തിൽ ഒരേ റൂട്ടിൽ നിരവധി ബസ്സുകൾ ഓടുന്ന നിലവിലുള്ള സമ്പ്രദായം ഒഴിവാക്കാൻ ഓരോ റൂട്ടിലും പോകുന്ന സർവീസുകളുടെ സമയവിവരം സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കണം. അതിൻെറ അടിസ്ഥാനത്തിൽ സർവീസിൽ ആവശ്യമായ ക്രമീകരണവും വരുത്തണം.

6) ടക്കർ—ടെമ്പോ സർവീസുകൾ നിരുത്സാഹപ്പെടുത്തണം. ട്രാൻ. കോർപ്പറേഷൻ ഒഴികെ മറെറാരു സ്ഥാപനവും ഫാസ്റ്റ് പാസഞ്ചർ—ലിമിററഡ്സ്റ്റോപ്പ് സർവീസുകൾ എന്നിവ ഓടിക്കാൻ പാടില്ല.

7) ട്രാൻ.കോർപ്പറേഷൻെറതന്നെ പല ഹ്രസ്വദൂരസർവീസുകളും ഫാസ്റ്റ് പാസഞ്ചറുകളാണെങ്കിലും നഷ്ടത്തിലാണ് ഓടുന്നതു്. ഇത്തരം ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ ലിമിററഡ്സ്റ്റോപ്പ് – ഓർഡിനറികളാക്കി ഓടിക്കുക.

8) അന്തർ സംസ്ഥാന റൂട്ടുകൾ പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യുടെ കുത്തകയായിരിക്കണം.

9) യാത്രക്കാരുടെ യാത്രാസംബന്ധമായ രുചിഭേദംകൂടി കണക്കിലെടുത്തു് രാത്രി സർവീസുകൾ വർദ്ധിപ്പിക്കണം. അത്തരം സർവീസുകൾ ആരംഭിക്കേണ്ട റൂട്ടുകളെ സംബന്ധിച്ച് ഒരു സർവ്വെ നടത്തണം.

10) സർക്കാരിൻെറ അനുവാദത്തോടുകൂടി മാത്രമെ റൂട്ടും സമയവും മാററാവൂ എന്ന നിബന്ധന ഒഴിവാക്കണം.

11) അത്യാവശ്യമായ ജീവനക്കാരെ എല്ലാ കാററഗറിയിലും നിയമിക്കണം. ഇതിനാവശ്യമായ ഒരു പഠനം യൂണിയൻ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി നടത്തണം.

12) എല്ലാ തൊഴിലാളികൾക്കും ബാധകമായ ഒരു ഇൻസെൻറീവ് സ്കീം നടപ്പിലാക്കണം.

13) അധികജോലിക്ക് 40 രൂപ എന്ന നിലവിലുള്ള നടപടി നിറുത്തിവെച്ച് ഓവർടൈം അലവൻസോ തത്തുല്യമായ തുകയോ നൽകണം.

14) ഓവർലാപ്പിംഗിനുവേണ്ടി കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ GOP 19-86 PW of T dt. 3-2-86 Tvm) പിൻവലിച്ച് പഴയനില പുനഃസ്ഥാപിക്കണം.

മെക്കാനിക്കൽ മേഖല കേന്ദ്രീകരിച്ചുകൊണ്ടു് താഴെപ്പറയുന്ന പുനഃക്രമീകരണം നടത്തേണ്ടതാണ്.

1) അത്യാവശ്യമായ ജീവനക്കാരുടെ അഭാവം സ്പെയർ പാർട്ടുകളുടെയും മെററീരിയലിൻെറയും അഭാവം എന്നിവ മെക്കാനിക്കൽ വിഭാഗത്തിലെ കാര്യക്ഷമതയ്ക്കു് തടസ്സം സൃഷ്ടിക്കുന്നു. ബസ് ബോഡിനിർമ്മാണരംഗത്തു് നിലവിലുള്ള അരാജകത്വം ഒഴിവാക്കണമെങ്കിൽ ആധുനിക ഇൻവെൻററി സമ്പ്രദായം നടപ്പിലാക്കിയേപററൂ. സ്പെയർ പാർട്ടുകൾ നേരിട്ടു് ടാററാ, ലൈലാൻഡ് തുടങ്ങിയ ചാസി ഉൽപ്പാദക സ്ഥാപനങ്ങളിൽനിന്നും മററു് ഉയർന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദക കേന്ദ്രങ്ങളിൽനിന്നും വാങ്ങിക്കണം.

2) കെട്ടിക്കിടക്കുന്നതും ഉപയോഗശൂന്യവുമായ എല്ലാ സ്പെയർ പാർട്ടുകളും ഉടനടി വിററഴിക്കണം. സ്ക്രാപ്പുകൾ മൂന്നുമാസത്തിലൊരിക്കൽ വിററഴിക്കണം. പഴയ ബസ്സുകൾ ലേലത്തിൽ വിൽക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനും നടപടികൾവേണം.

3) ബസ് ബോഡി നിർമ്മാണത്തിനു് ഒരു ഏകീകൃത രൂപവും ശൈലിയുംവേണം. തമിഴ്നാട് ബസ്സുകളുടെ മാതൃകയിൽ ഡീലക്സ്, എക്സ്പ്രസ് ഫാസ്റ്റ്പാസഞ്ചർ സർവീസുകൾക്കു് രൂപകൽപ്പന ചെയ്യണം.

4) ബോഡി ബിൽഡിംഗ് യൂണിററിൽ (c/w) പ്രതിമാസം 26 ബസ് ബോഡികൾ നിർമ്മിക്കാനുള്ള സംവിധാനംഇപ്പോഴുണ്ടു്. നിലവിലുള്ള ജീവനക്കാരെ വെച്ചുകൊണ്ടുതന്നെ ഇതു് നടപ്പാക്കാനുതകുന്നവിധത്തിൽ ഒരു ഇൻസെൻറീവ് സ്കീം അസോസിയേഷൻ മുന്നോട്ടുവെച്ചിട്ടുണ്ടു്. ഇതു് അടിയന്തരമായി ചർച്ചചെയ്തു്, നടപ്പിലാക്കണം.

5) ഏററവും ചുരുങ്ങിയതു് 75 ഷെഡ്യൂളുകൾ ഉള്ള ഒരുസ്ഥലത്തു് ഒരു ഡിവിഷണൽ വർക്ക്ഷോപ്പ് ആരംഭിക്കണം. റണ്ണിംഗ്മെയിൻറനൻസ് ഒഴികെ മററൊന്നും ഗ്യാരേജിൽ നടത്തേണ്ടതില്ല. ഡിവിഷണൽ വർക്ക്ഷോപ്പുകൾ ആരംഭിക്കാൻ അത്രവലരെ വലിയൊരു നിക്ഷേപമൊന്നും ആവശ്യമില്ല.

6) മെയിൻറനൻസിനു് വാഹനംലഭിക്കുന്നവേളയിൽ അവ പരിശോധിക്കാനും ആവശ്യമായ മെയിൻറനൻസ് നടത്താനും ജീവനക്കാർ ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളതു്. അതുകൊണ്ടുതന്നെ രാത്രിഷിഫ്ററ് ശക്തിപ്പെടുത്തണം.

7) നിലവിലുള്ള ഡെപ്പൊകളിൽ ഷെഡ്യൂളുകൾ നിർണ്ണയിക്കുന്ന കാര്യത്തിൽ ഒരു പുന:ചിന്തനം അത്യന്താപേക്ഷിതമാണ്. ചില ഡെപ്പോകളിൽ അവിടെ ഓപ്പറേററ് ചെയ്യാൻ കഴിയുന്നതിൽ കൂടുതൽ ഷെഡ്യൂളുകൾ ഉണ്ടു്. ചിലേടത്താകട്ടെ അല്പംകൂടി ഷെഡ്യൂളുകൾ ഓടിക്കാനുള്ള സാഹചര്യവുമുണ്ടു്. അതുകൊണ്ടുതന്നെ ഷെഡ്യൂളുകളുടെ കാര്യത്തിൽ ഒരു പുനർവിതരണം നടപ്പിലാക്കണം.

8) ഫ്ളോട്ടിംഗ് യൂണിററ് സമ്പ്രദായം ഡെപ്പോകളിൽ നടപ്പിലാക്കണം. ഒരു വാഹനത്തിൻെറ ഒരു യൂണിററിനു് കേടുപററിയാൽ ആ് യൂണിററാകെ മാററാനുള്ള സാഹചര്യമുണ്ടാക്കാൻ കഴിഞ്ഞാൽതന്നെ വാഹനം കെട്ടികിടക്കുന്നസ്ഥിതി ഒഴിവാക്കാൻ കഴിയും.

9) നിലവിലുള്ള റിസർച്ച് & ഡവലപ്പ്മെൻറ് വിഭാഗം പൂർണ്ണമായും മരിച്ചുകിടക്കുന്ന സ്ഥിതിയാണുള്ളതു്. വ്യവസായ പുരോഗതിക്കു് ഈ വിഭാഗംശക്തിപ്പെടുത്തിയെ പററൂ. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതും തൊഴിലാളികൾതന്നെ കണ്ടുപിടിക്കുന്നതുമായ പുതിയ ഉപകരണങ്ങൾ (Devices) പരിശോധിച്ചു് നടപ്പാക്കാൻ കഴിയുന്നിടത്തു് പരമാവധി ഉപയോഗിക്കണം.

നിലവിലുള്ള ഭരണരംഗത്തെ നടപടിക്രമങ്ങളും പൂർണ്ണമായും ഒരു അഴിച്ചുപണിക്കു് വിധേയമാക്കണം. ഇന്നു് കേവലം ഡിപ്പാർട്ട്മെൻറിലെ ഭരണരീതിയാണ് ഈ വ്യവസായ സംരംഭത്തിലും നാം അവലംബിക്കുന്നതു്. ഇതു് പൂർണ്ണമായും ഒരു വ്യവസായ സ്ഥാപനത്തിനനുയോജ്യമായ വിധത്തിൽ അഴിച്ചുപണിയണമെങ്കിൽ മാനേജീരിയൽ വിദഗ്ദ്ധന്മാരുടെ പഠനവും ആവശ്യമാകാം. അതിനാവശ്യമായ നടപടികൾ ഉടനടി എടുക്കണം. L I C തുടങ്ങിയ സ്ഥാപനങ്ങളിലെ ഭരണരീതിയും ആവശ്യമായ മാററങ്ങളോടെ നടപ്പിലാക്കാം.

കോർപ്പറേഷൻെറ പ്രതിദിന വരുമാനം 55 ലക്ഷം രൂപയെന്നലക്ഷ്യം മുൻനിർത്തിക്കൊണ്ടായിരിക്കണം നമ്മുടെ പരിഷ്ക്കരണനടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതു്.

ഇതു് കൈവരിക്കാൻ കഴിയണമെങ്കിൽ ഇന്നുള്ള കി. മീററർ ബാററാ സമ്പ്രദായം അടിയന്തിരമായി മാററി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ബാററയെന്നാക്കണം. അതുപോലെ മൊത്തം ജീവനക്കാർക്കു് ബാധകമായ ഇൻസെൻറീവ് സ്കീം നടപ്പിൽവരുത്തുകയുംവേണം.

## അധികാര വികേന്ദ്രീകരണവും മേഖലാവൽക്കരണവും

വ്യക്തമായ ലക്ഷ്യബോധവും ഭദ്രമായ പ്രവർത്തന പദ്ധതികളുമായി ഒരു സ്ഥാപനത്തിനു് പ്രത്യേകിച്ചും ട്രാൻ. കോർപ്പറേഷനെപ്പോലുള്ള ബൃഹത്തായ സ്ഥാപനത്തിനു് മുന്നോട്ടുപോകണമെങ്കിൽ നിലവിലുള്ള അതിൻെറ ഭരണരീതിതന്നെ മാറേറണ്ടിയിരിക്കുന്നു. അധികാരവികേന്ദ്രീകരണത്തിലധിഷ്ഠിതമായ മേഖലാവൽക്കരണമെന്ന അസോസിയേഷൻെറ മുദ്രാവാക്യം അംഗീകരിച്ചു് നടപ്പാക്കാൻ മാനേജുമെൻറ് തയ്യാറാകാത്തതാണ് ഇന്നത്തെ പ്രധാന ദൗർബല്യം.

ട്രാൻ. കോർപ്പറേഷൻ മാനേജുമെൻറ് പേരിനുവേണ്ടി ട്രാൻ. കോർപ്പറേഷനെ മൂന്നു മേഖലകളാക്കി തിരിക്കുകയുണ്ടായി. എന്നാൽ മൂന്നു് സീനിയർ സോണൽ മാനേജർമാരെ നിയമിച്ചുവെന്നല്ലാതെ ക്രിയാത്മകമായി അവർ

ക്കെന്തെങ്കിലും ചെയ്യാൻ കഴിഞ്ഞുവോ എന്നുപരിശോധിച്ചാൽ 'ഫലം നാസ്തി' യെന്നു പറയേണ്ടിവരും.

നിലവിലുള്ള മൂന്നു മേഖലയ്ക്കു പകരം അഞ്ചുമേഖലകളാക്കി തരംതിരിച്ച് മേഖലാവൽക്കരണം എങ്ങനെ നടത്തണം എന്നതിനെസംബന്ധിച്ച് അസോസിയേഷൻ ഒരു നിർദ്ദേശം മാനേജുമെൻറിനും ട്രാൻ. മന്ത്രിക്കും നൽകുകയുണ്ടായി. ഇവ തികച്ചും സ്വാഗതാർഹമാണെന്നും പരിഗണിക്കാമെന്നും അന്ന് ഉറപ്പുകൾ നൽകിയെങ്കിലും ഇതേവരെ തദനുസൃതമായ യാതൊരു മാററങ്ങളും കൈവരുത്തിയിട്ടില്ല. ആന്ധ്ര സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള മേഖലാവൽക്കരണം ഇക്കാര്യത്തിൽ സുവ്യക്തമായ ഒരു മാർഗരേഖയാണ്. ഈ അനുഭവങ്ങൾ നമ്മെബോദ്ധ്യപ്പെടുത്തുന്നത് മേഖലാടിസ്ഥാനത്തിലുള്ള പുനഃസംഘടനയുടെ അനിവാര്യതയാണ്. വ്യവസായത്തെക്കുറിച്ച് നാം പഠിച്ച് റിപ്പോർട്ടു നൽകുമ്പോൾ ഇതുകൂടി ധാരണയിലുണ്ടായിരുന്നു.

എന്തായാലും വ്യവസായത്തെ മെച്ചപ്പെടുത്തുന്നതിനും ഭാവിയിൽ കൈവരിക്കേണ്ട പുരോഗതി എങ്ങനെയായിരിക്കണമെന്നതിനെ സംബന്ധിച്ചും സുവ്യക്തമായൊരു രേഖ നാം തയ്യാറാക്കി തൊഴിലാളികൾക്കിടയിലും ജനങ്ങൾക്കിടയിലും ചർച്ചയ്ക്ക് നൽകണം. തൊഴിലാളികളെക്കൂടി അണിനിരത്തിക്കൊണ്ടുമാത്രമേ വ്യവസായ വികസനം നടപ്പിലാക്കാൻ കഴിയൂ. പുരോഗതി കൈവരിക്കാനും കഴിയൂ. അതുകൊണ്ട് ഈ സമ്മേളനം കഴിഞ്ഞാൽ ഇതിനാവശ്യമായ ചർച്ചകൾ സംസ്ഥാനാടിസ്ഥാനത്തിൽ നടത്താൻ ഈ സമ്മേളനം തീരുമാനിക്കണം.

## പുതിയ സേവന-വേതന പരിഷ്കരണ കരാർ

1990–ൽ കാലാവധി കഴിയുന്ന ശമ്പളപരിഷ്കരണ കരാറിനു പകരം പുതിയ കരാർ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഡിമാൻറുകളെ സംബന്ധിച്ചൊന്നും ഈ റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. പക്ഷെ പൊതുവെ പറഞ്ഞാൽ സ്ഥാപനത്തിൻെറ കൊടുക്കൽ കഴിവിൻെറ (Paying Capacity) കണക്കുകൂടി പരിഗണിച്ചുകൊണ്ടായിരിക്കണം കരാർ ഉണ്ടാക്കേണ്ടതു്. കഴിഞ്ഞ ശമ്പളപരിഷ്കരണത്തിലെ കുടിശിഖ നാം തൊഴിലാളികൾക്ക് കൊടുത്തുതീർത്തതു് കേവലം മാസങ്ങൾക്കുമുമ്പാണ്. എന്നാൽ പെൻഷൻകാർക്കു കൊടുക്കാനുള്ള ആറേമുക്കാൽ കോടി രൂപ ഇനിയും കൊടുത്തുതീർത്തിട്ടില്ലെന്ന കാര്യം അപരാധബോധത്തോടുകൂടി മാത്രമേ ഓർക്കാൻ കഴിയൂ. നമുക്കെല്ലാം അറിയാവുന്നതുപോലെ കഴിഞ്ഞ കരാറിൻെറ കുടിശികപോലും ഇതുവരെ പൂർണ്ണമായും കൊടുത്തുതീർത്തിട്ടില്ല. വരുമാന വർദ്ധനവ് ഉണ്ടാക്കി സ്ഥാപനത്തെ സ്വന്തംകാലിൽ നിലനിർത്താനുള്ള സാഹചര്യം ഒരുക്കാൻ, തൊഴിലാളികൾക്ക് ചെയ്യാൻകഴിയുന്ന സംഭാവനയെല്ലാം നാം ചെയ്തേപററൂ. കഴിഞ്ഞ കരാറുകളിലെ പ്രധാനപ്പെട്ട അപാകതകൾ തീർക്കാനായിരിക്കണം നാം ഈ കരാറിൽ മുൻ

ത്തുക്കം കൊടുക്കേണ്ടതു്. പരമാവധി കാററഗറികഠം തമ്മിലുള്ള പോരു് കുറച്ചു കൊണ്ടുവരാനും തൊഴിലാളികഠം തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്താനുമായിരിക്കണം ചാർട്ടർ ഓഫ് ഡിമാൻറും കരാറും ഇടയാക്കേണ്ടതു്. ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പ്രമേയങ്ങളിലൂടെയും, റിപ്പോർട്ടിൻെറ ചർച്ചകളിലൂടെയും പ്രതിനിധികഠം ഇക്കാര്യത്തിലുള്ള അഭിപ്രായങ്ങഠം പ്രകടിപ്പിക്കുമെന്നു് വിശ്വസിക്കുന്നു.

## ആഫീസ് പ്രവർത്തനം

അസ്സോസിയേഷൻ ഹെഡ്ഡാഫീസിൻെറ പ്രവർത്തനം പരമാവധി മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടു്. നമ്മുടെ ഓഫീസ് സെക്രട്ടറിമാരായ സഖാക്കഠം രഘുനാഥൻ, കേശവൻ, എൻ. വി. വനജ എന്നിവർ അർപ്പണബോധത്തോടുകൂടിതന്നെ ഈ സംഘടനയുടെ ഓഫീസ് പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ടു്.

സഖാക്കളെ,

കഴിഞ്ഞ പതിനഞ്ചു മാസത്തെ പ്രവർത്തനങ്ങഠം, ഹ്രസ്വമായി ഇവിടെ അവതരിപ്പിച്ചിട്ടുണ്ടു്. നിങ്ങളുടെ അനുഭവങ്ങളുടെ ഉരകല്ലിൽ വിമർശന–സ്വയംവിമർശനബുദ്ധ്യാ ഈ റിപ്പോർട്ട് വിലയിരുത്തണമെന്നും ചർച്ചയിലൂടെ സമ്പുഷ്ടമാക്കണമെന്നും സംഘടനയുടെ സംസ്ഥാന കൗൺസിലിനുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
8–8–1989

**കെ. കെ. ദിവാകരൻ**
ജനറൽ സെക്രട്ടറി

# അനുബന്ധം

കേന്ദ്ര ഔദ്യോഗിക ഭാരവാഹികളുടെ 11 യോഗങ്ങളും, കേന്ദ്രകമ്മിററി ഭാരവാഹികളുടെ 6 യോഗങ്ങളും, ജനറൽ കൗൺസിൽ ഭാരവാഹികളുടെ 3 യോഗങ്ങളുമാണ് റിപ്പോർട്ടു കാലയളവിൽ നടന്നത്. അവയുടെ ഹാജർനില ചുവടെ ചേർക്കുന്നു.

## കേന്ദ്ര ഔദ്യോഗിക ഭാരവാഹികളുടെ യോഗത്തിന്റെ ഹാജർനില.

| | ഹാജർ | ലീവ് | ആബ്സൻറ് |
|---|---|---|---|
| ഒ. ഭരതൻ | 11 | 0 | 0 |
| കെ. കെ. ദിവാകരൻ | 11 | 0 | 0 |
| എം. ഹരിഹരൻ | 11 | 0 | 0 |
| കെ. മുരുകേശൻ ആശാരി | 9 | 1 | 0 |
| പി. ആർ. മഹാരാജപിള്ള | 8 | 2 | 0 |
| പി. ഉണ്ണി | 7 | 3 | 0 |
| കെ. എം. വാസുദേവൻ | 11 | 0 | 0 |
| കെ. ഭാസ്ക്കരപിള്ള | 9 | 2 | 0 |
| ഐ. കുമാരദാസ് | 9 | 2 | 0 |
| പി. വാമദേവൻനായർ | 11 | 0 | 0 |
| സൂസൈ ആൻറണി | 11 | 0 | 0 |
| സി. ജെ. ജോസഫ് | 6 | 4 | 1 |
| വി. പ്രഭാകരൻ | 7 | 4 | 0 |
| ടി. ദാസൻ | 10 | 1 | 0 |
| എൻ. വി. ബാലകൃഷ്ണൻ | 9 | 2 | 0 |
| സി. വസന്തകുമാരി | 9 | 1 | 1 |
| എ. കെ. പിഷാരടി | 10 | 1 | 0 |
| ടി. കെ. രാജൻ | 9 | 2 | 0 |
| ടി. വി. സാമുവൽ | 10 | 0 | 1 |
| എൻ. വി. തമ്പുരാൻ | 10 | 0 | 1 |
| എൻ. സാംബശിവൻ | 11 | 0 | 0 |

## എക്സിക്യൂട്ടീവ് കമ്മിററി

| | ഹാജർ | ലീവ് | ആബ്സൻറ് |
|---|---|---|---|
| ഒ. ഭരതൻ | 5 | 1 | 0 |
| കെ. കെ. ദിവാകരൻ | 6 | 0 | 0 |
| എം. ഹരിഹരൻ | 6 | 0 | 0 |
| കെ. മുരുകേശൻ ആശാരി | 6 | 0 | 0 |
| പി. ആർ. മഹാരാജപിള്ള | 3 | 3 | 0 |
| പി. ഉണ്ണി | 4 | 2 | 0 |
| കെ. എ. വാസുദേവൻ | 5 | 1 | 0 |
| കെ. ഭാസ്കരപിള്ള | 3 | 3 | 0 |
| ഐ. കുമാരദാസ് | 5 | 1 | 0 |
| പി. വാമദേവൻ നായർ | 6 | 0 | 0 |
| സൂസെ ആൻറണി | 6 | 0 | 0 |
| സി. ജെ. ജോസഫ് | 4 | 2 | 0 |
| വി. പ്രഭാകരൻ | 4 | 2 | 0 |
| ടി. ദാസൻ | 5 | 1 | 0 |
| എൻ. വി. ബാലകൃഷ്ണൻ | 4 | 2 | 0 |
| സി. വസന്തകുമാരി | 3 | 3 | 0 |
| എ. കെ. പിഷാരടി | 5 | 1 | 0 |
| ടി. വി. സാമുവൽ | 6 | 0 | 0 |
| ടി. കെ. രാജൻ | 4 | 2 | 0 |
| എൻ. വി. തമ്പുരാൻ | 5 | 1 | 0 |
| എൻ. സാംബശിവൻ | 5 | 0 | 1 |
| വി. സദാശിവൻ നായർ | 4 | 2 | 0 |
| ജെ. സിറിയം | 6 | 0 | 0 |
| എം. എ. വഹാബ് | 5 | 1 | 0 |
| ജി. ശിവാനന്ദൻ | 6 | 0 | 0 |
| കെ. എഫ്. കുഞ്ഞുമോൻ | 6 | 0 | 0 |
| പി. കെ. പുരുഷോത്തമൻ | 6 | 0 | 0 |
| കെ. സദാശിവൻ നായർ | 5 | 0 | 1 |
| ബി. ശ്രീധരൻ | 6 | 0 | 0 |
| ആർ. വാമദേവൻ | 6 | 0 | 0 |
| എം. പി. എ. മജീദ് | 5 | 0 | 1 |
| ആർ. ജയശങ്കർ | 5 | 1 | 0 |
| പി. ആർ. പുരുഷോത്തമൻ നായർ | 6 | 0 | 0 |
| ടി. ജെ. ചാക്കോ | 6 | 0 | 0 |

| | ഹാജർ | ലീവ് | ആബ്സൻറ് |
|---|---|---|---|
| കെ. ജി. കേശവൻ | 5 | 1 | 0 |
| ജെ. ചന്ദ്രശേഖരൻനായർ | 5 | 1 | 0 |
| പി. സഹദേവൻ | 5 | 1 | 0 |
| എം. രാമചന്ദ്രൻ | 3 | 0 | 3 |
| സി. നാരായണൻ | 6 | 0 | 0 |
| എസ്. ശിവശങ്കരൻ ചെട്ട്യാർ | 6 | 0 | 0 |
| കെ. കെ. മംഗളാനന്ദൻ | 3 | 1 | 2 |
| ടി. സി. ലോറൻസ് | 3 | 3 | 0 |
| കെ. ബി. ഗീതാകുമാരി | 1 | 2 | 3 |
| കെ. നാരായണൻ | 4 | 1 | 1 |
| എം. ജെ. ടോമി | 4 | 2 | 0 |
| പി. എൻ. രഘുനാഥപിഷാരടി | 4 | 2 | 0 |
| സി. ബി. വിൽസൻ | 5 | 1 | 0 |
| ടി. കെ. വിജയൻ | 6 | 0 | 0 |
| കെ. വി. ജോണി | 5 | 1 | 0 |
| ടി. എ. വേലായുധൻ | 3 | 1 | 2 |
| ഒ. ടി. പി. മേനോൻ | 3 | 1 | 2 |
| പി. മണി | 4 | 2 | 0 |
| എം. ബാലകൃഷ്ണൻ | 6 | 0 | 0 |
| പി. കെ. ഭാസ്ക്കരൻ | 5 | 1 | 0 |
| കെ. വി. ശങ്കരൻ | 2 | 2 | 2 |
| പി. എം. അശോകൻ | 5 | 0 | 1 |
| സി. കുഞ്ഞികൃഷ്ണൻ | 5 | 1 | 0 |
| കററൂർ കുഞ്ഞിരാമൻ | 3 | 2 | 1 |
| വി. ജെ. ജോൺ | 5 | 1 | 0 |
| കെ. ഒ. പീതാംബരൻ | 3 | 1 | 2 |
| കെ. വിശ്വനാഥൻനായർ | 6 | 0 | 0 |
| സി. പ്രേമൻ | 6 | 0 | 0 |

## ജനറൽ കൗൺസിൽ

| | ഹാജർ | അവധി | ആബ്സൻറ് |
|---|---|---|---|
| ഒ. ഭരതൻ | 3 | 0 | 0 |
| കെ. കെ. ദിവാകരൻ | 4 | 0 | 0 |
| എം. ഹരിഹരൻ | 4 | 0 | 0 |

| | ഹാജർ | അവധി | ആബ്സൻറ് |
|---|---|---|---|
| കെ. മുരുകേശനാശാരി | 4 | 0 | 0 |
| പി. ആർ. മഹാരാജപിള്ള | 4 | 0 | 0 |
| പി. ഉണ്ണി | 4 | 0 | 0 |
| കെ. എ. വാസുദേവൻ | 4 | 0 | 0 |
| കെ. ഭാസ്കരപിള്ള | 2 | 2 | 0 |
| ഐ. കുമാരദാസ് | 3 | 1 | 0 |
| പി. വാമദേവൻ നായർ | 4 | 0 | 0 |
| സൂസൈ ആൻറണി | 4 | 0 | 0 |
| സി. ജെ. ജോസഫ് | 2 | 2 | 0 |
| വി. പ്രഭാകരൻ | 3 | 1 | 0 |
| ടി. ദാസൻ | 4 | 0 | 0 |
| എൻ. വി. ബാലകൃഷ്ണൻ | 3 | 1 | 0 |
| സി. വസന്തകുമാരി | 4 | 0 | 0 |
| എ. കെ. പിഷാരടി | 4 | 0 | 0 |
| ടി. വി. സാമുവൽ | 4 | 0 | 0 |
| ടി. കെ. രാജൻ | 3 | 1 | 0 |
| എൻ. വി. തമ്പുരാൻ | 4 | 0 | 0 |
| എൻ. സാംബശിവൻ | 4 | 0 | 0 |
| എ. ഷഹാബുദ്ദീൻ | 4 | 0 | 0 |
| പി. ശങ്കരൻ നായർ | 4 | 0 | 0 |
| കെ. ക്രിസ്തുദാസ് | 4 | 0 | 0 |
| വി. സദാശിവൻ നായർ | 3 | 1 | 0 |
| കെ. ശശിധരൻ | 3 | 0 | 1 |
| എൻ. ദിനേശ്ബാബു | 2 | 0 | 2 |
| എൻ. രാജേന്ദ്രനാശാരി | 4 | 0 | 0 |
| വി. മോഹനൻ | 2 | 0 | 2 |
| കെ. വേണു | 3 | 0 | 1 |
| എം. എ. വഹാബ് | 3 | 0 | 1 |
| ജി. ശിവാനന്ദൻ | 4 | 0 | 0 |
| കെ. സുകുമാരൻ | 4 | 0 | 0 |
| പി. ജയകുമാർ | 4 | 0 | 0 |
| എസ്. പ്രഫുല്ലചന്ദ്രൻ | 4 | 0 | 0 |
| എം. അബ്ദുറഹ്സ്സാക്ക് | 4 | 0 | 0 |
| എൻ. ഷീലാരത്നം | 3 | 0 | 1 |
| എ. എസ്സ്യൻ | 3 | 0 | 1 |
| കെ. എസ്. കുഞ്ഞുമോൻ | 4 | 0 | 0 |

| | ഹാജർ | അവധി | ആബ്സന്റ് |
|---|---|---|---|
| പി. കെ. പുരുഷോത്തമൻ | 4 | 0 | 0 |
| തോമസ് മാത്യു | 4 | 0 | 0 |
| എൽ. കൃഷ്ണൻനായർ | 3 | 0 | 1 |
| വി. കരുണാകരൻ | 2 | 0 | 2 |
| കെ. സദാശിവൻനായർ | 2 | 0 | 2 |
| സി. ശാന്തകുമാർ | 1 | 0 | 3 |
| ബി. ശ്രീധരൻ | 4 | 0 | 0 |
| എൻ. എം. അബൂബേക്കർ | 4 | 0 | 0 |
| സി. കെ. രാജേന്ദ്രൻ | 4 | 0 | 0 |
| വി. നാരായണൻനായർ | 4 | 0 | 0 |
| എൻ. ശിവരാമപ്പണിക്കർ | 2 | 0 | 2 |
| പീററർ എം. ഭക്തിനാഥ് | 4 | 0 | 0 |
| ആർ. വാമദേവൻ | 4 | 0 | 1 |
| എ. അഷറഫ് | 2 | 0 | 2 |
| പി. മാധവനാശാരി | 2 | 1 | 0 |
| എം. പി. എ. മജീദ് | 3 | 1 | 0 |
| സി. ഗോപി | 4 | 0 | 0 |
| കെ. ഭാസ്ക്കരപിള്ള | 2 | 0 | 2 |
| സി. ശശിധരൻ ഉണ്ണിത്താൻ | 2 | 0 | 2 |
| കെ. ബാലകൃഷ്ണൻനായർ | 3 | 0 | 1 |
| ആർ. നാരായണപിള്ള | 3 | 0 | 1 |
| പി. വി. പെരേര | 4 | 0 | 0 |
| എൻ. തുളസി | 4 | 0 | 0 |
| വി. രവീന്ദ്രൻ | 4 | 0 | 0 |
| കെ. തോമസ് | 4 | 0 | 0 |
| കെ. സി. ജോൺ | 4 | 0 | 0 |
| ആർ. ജയശങ്കർ | 3 | 0 | 1 |
| എം. വിജയനുണ്ണിത്താൻ | 4 | 0 | 0 |
| ഇ. കെ. ബാഹുലേയൻ | 3 | 1 | 0 |
| പി. ആർ. പുരുഷോത്തമൻനായർ | 4 | 0 | 0 |
| കെ. ഇസ്മയിൽ മൊയ്തീൻ | 3 | 1 | 0 |
| കെ. വിശ്വനാഥൻനായർ | 3 | 1 | 0 |
| ടി. കെ. മാധവക്കുറുപ്പ് | 4 | 0 | 0 |
| പി. ടി. രാഘവൻ | 1 | 0 | 3 |
| കെ. സി. സോമൻപിള്ള | 3 | 0 | 1 |
| ടി. ജെ. ചാക്കോ | 2 | 1 | 1 |

| | ഹാജർ | അവധി | ആബ്സൻറ് |
|---|---|---|---|
| എ. വി. ഓമനക്കുട്ടൻ | 2 | 0 | 2 |
| കെ. ഒ. പീതാംബരൻ | 1 | 1 | 2 |
| സി. ആർ. പുരുഷോത്തമൻ | 4 | 0 | 0 |
| കെ. എസ്. മോഹനൻ | 3 | 0 | 1 |
| എം. അമ്മിണി | 3 | 1 | 0 |
| വി. ജെ. ജോൺ | 4 | 0 | 0 |
| പി. കെ. നടരാജൻ | 3 | 1 | 0 |
| പി. എൻ. ബാലചന്ദ്രൻ | 3 | 0 | 1 |
| ടി. പി. ബാലകൃഷ്ണൻ | 3 | 0 | 1 |
| വി. ടി. രവീന്ദ്രൻ | 3 | 0 | 1 |
| എം. കെ. പാപ്പച്ചൻ | 3 | 0 | 1 |
| കെ. ജി. കേശവൻ | 2 | 1 | 1 |
| ജെ. ചന്ദ്രശേഖരൻ നായർ | 4 | 0 | 0 |
| കെ. ശശികുമാർ | 4 | 0 | 0 |
| ജോസ് ജേക്കബ് | 3 | 0 | 1 |
| പി. കെ. ചന്ദ്രൻ | 1 | 1 | 2 |
| ഇ. കെ. കുമാരൻ | 4 | 0 | 0 |
| ആർ, പാണ്ടിരാജ് | 2 | 0 | 2 |
| പി. സഹദേവൻ | 2 | 2 | 0 |
| എ. ശ്രീധരൻ നായർ | 3 | 0 | 1 |
| ജി. ശിവദാസൻ | 4 | 0 | 0 |
| എൻ. ശിവാനന്ദൻ | 2 | 0 | 2 |
| വി. ജി. അപ്പു | 4 | 0 | 0 |
| എം. രാമചന്ദ്രൻ | 2 | 0 | 2 |
| ജി. ലക്ഷ്മണൻ | 3 | 1 | 0 |
| എസ്. ശ്രീനിവാസൻ ചെട്ടിയാർ | 3 | 0 | 1 |
| ആർ. ഗോപി | 3 | 0 | 1 |
| സി. നാരായണൻ | 3 | 0 | 1 |
| കെ. സി. രാഘവൻ | 4 | 0 | 0 |
| ഇ. ബി. വേണുഗോപാൽ | 4 | 0 | 0 |
| എസ്. ശിവശങ്കരൻ ചെട്ട്യാർ | 3 | 0 | 1 |
| കെ. കെ. മംഗളാനന്ദൻ | 3 | 0 | 1 |
| എം. വി. തങ്കപ്പൻ | 3 | 0 | 1 |
| എം. ഡി. ചന്ദ്രസേനൻ | 3 | 0 | 1 |
| വി. രാധാകൃഷ്ണൻ | 3 | 0 | 1 |
| ടി. സി. ലോറൻസ് | 1 | 0 | 3 |

| | ഹാജർ | അവധി | ആബ്സൻറ് |
|---|---|---|---|
| വി. എസ്. ബാബു | 4 | 0 | 0 |
| കെ. ബി. ഗീതാകുമാരി | 2 | 0 | 2 |
| കെ. നാരായണൻ | 2 | 0 | 2 |
| സി. കെ. നീലകണ്ഠൻ | 4 | 0 | 0 |
| എം. ജെ. ടോമി | 3 | 1 | 0 |
| എ. ആർ. പ്രസന്നൻ | 4 | 0 | 0 |
| പി. എൻ. രഘുനാഥപിഷാരടി | 3 | 1 | 0 |
| ഇ. എ. മുഹമ്മദ്അബ്ദുറ റഹ്മാൻ | 4 | 0 | 0 |
| പി. ആർ. രാജു | 2 | 2 | 0 |
| എ. കെ. കലേശൻ | 2 | 1 | 0 |
| സി. ബി. വിൽസൻ | 4 | 0 | 0 |
| പി. കെ. സതീഷ്കുമാർ | 4 | 0 | 0 |
| കെ. എച്ച്. മുഹമ്മദ്ബഷീർ | 4 | 0 | 0 |
| പി. കെ. ഭാസ്ക്കരൻ | 3 | 0 | 1 |
| എം. എം. ബാഹുലേയൻ | 3 | 1 | 0 |
| വി. എൽ. പോാം | 2 | 0 | 2 |
| ടി. കെ. വിജയൻ | 3 | 0 | 1 |
| പി. കെ. അരവിന്ദാക്ഷൻ | 2 | 0 | 2 |
| കെ. കെ. ചന്ദ്രശേഖരൻ | 3 | 0 | 1 |
| വി. രാധാകൃഷ്ണൻ | 3 | 0 | 1 |
| കെ. വി. ജോണി | 4 | 0 | 0 |
| പി. എം. ശശിധരൻ | 4 | 0 | 0 |
| എം. കൃഷ്ണൻകുട്ടി | 4 | 0 | 0 |
| ടി. എ. വേലായുധൻ | 4 | 0 | 0 |
| ടി. കെ. ധർമപാലൻ | 4 | 0 | 0 |
| കെ. അസീസ് | 2 | 2 | 0 |
| കെ. ചന്ദ്രബോസ് | 2 | 0 | 2 |
| ഒ. ടി. പി. മേനോൻ | 3 | 0 | 1 |
| എ. ജയപാലൻ | 2 | 2 | 0 |
| പി. മണി | 2 | 2 | 0 |
| പി. ശശിധരൻ | 2 | 2 | 0 |
| സി. പി. കൃഷ്ണൻ | 3 | 1 | 0 |
| വി. എ ജോയി | 3 | 0 | 1 |
| കെ. പി. അബ്ദുറഹിമാൻ | 3 | 0 | 1 |
| പി. കെ. ഭാസ്ക്കരൻ | 2 | 1 | 1 |
| എം. ബാലകൃഷ്ണൻ | 3 | 0 | 1 |

| | ഹാജർ | അവധി | ആബ്സൻറ് |
|---|---|---|---|
| എം. എം. ദാസൻ | 2 | 1 | 1 |
| കൊട്ടാരം ഗോപാലൻ | 2 | 1 | 1 |
| എം. വി. കൃഷ്ണൻകുട്ടി | 2 | 1 | 1 |
| പി. കെ. രാധ | 1 | 1 | 2 |
| കെ. വി. ശങ്കരൻ | 3 | 1 | 0 |
| പി. ജെ. ജോസഫ് | 2 | 0 | 2 |
| പി. എം. അശോകൻ | 3 | 0 | 1 |
| പറക്കോട്ട രാഘവൻ | 3 | 0 | 1 |
| പി. പി. വാമദേവൻ | 3 | 1 | 0 |
| ടി. വി. അപ്പുക്കുട്ടൻ | 4 | 0 | 0 |
| പി. എം. കണാരൻ | 3 | 0 | 1 |
| കെ. നാരായണൻ | 3 | 1 | 0 |
| കെ. കെ. മുഹമ്മദ്കോയ | 1 | 0 | 3 |
| സി. കുഞ്ഞികൃഷ്ണൻ | 3 | 1 | 0 |
| പി. കുഞ്ഞിരാമൻ | 2 | 1 | 1 |
| എൻ. കെ. രാമചന്ദ്രൻ | 3 | 1 | 0 |
| എൻ. കുഞ്ഞികണ്ണൻ | 3 | 1 | 0 |
| കുററൂർ കുഞ്ഞിരാമൻ | 3 | 1 | 0 |
| പി. പുരുഷോത്തമൻ | 2 | 1 | 1 |
| കെ. ബാലൻ ചീമേനി | 2 | 2 | 0 |
| ജെ. സിറിയം | 3 | 1 | 0 |
| ബി. ജമാലുദ്ദീൻ (ഒഴിവാക്കി) | 2 | 0 | 1 |
| ആർ. മോഹനൻ | 1 | 0 | 1 |
| സി. പ്രേമൻ | 2 | 2 | 0 |

2717

Research Center

വായിക്കുക

പ്രചരിപ്പിക്കുക

വരിക്കാരാവുക

# ട്രാൻസ്പോർട്ട് എംപ്ലോയി (മാസിക)

## കെ എസ് ആർ ടി എംപ്ലോയീസ് അസോസിയേഷൻെറ മുഖപത്രം

ചീഫ് എഡിറ്റർ

കെ. കെ. ദിവാകരൻ

കേരളാ സ്റേററ് റോഡ് ട്രാൻസ്പോർട്ട്

# എംപ്ളോയീസ് അസ്സോസിയേഷൻ

**(C. I. T. U.)**

# 18-ാം സംസ്ഥാന സമ്മേളനം

1989 ആഗസ്റ്റ് 19, 20, 21 തീയതികളിൽ

കണ്ണൂരിൽ

331.8

ജനറൽ കൗൺസിലിനുവേണ്ടി ജനറൽ സെക്രട്ടറി

കെ. കെ. ദിവാകരൻ അവതരിപ്പിക്കുന്ന

# പ്രവർത്തനറിപ്പോർട്ട്